# മലങ്കരസഭ

ഡിസംബർ
2000

മാസിക





എല്ലാവായനക്കാർക്കും
ക്രിസ്തുമസ്സ്
നവവത്സര ആശംസകൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

അസ്ഥികളെ തകർക്കുംവിധത്തിൽ അപമാനവും കഷ്ടനഷ്ടങ്ങളും സഹിച്ചിട്ടും, താമസിക്കുന്ന വീടിന്റെ അവകാശം നഷ്ടപ്പെട്ടിട്ടും, പാപത്തിനും ശാപത്തിനും ദുഷ്ടന്മാർക്കും അധികാരികൾക്കും അശുദ്ധാത്മാക്കൾക്കും ശത്രുക്കൾക്കും നശിപ്പിക്കുവാനോ നിന്ദിക്കുവാനോ ശിക്ഷിക്കുവാനോ കഴിയാത്തതും സ്വപ്നത്തിൽ നിനയ്ക്കുവാൻ പോലും കഴിയാത്ത അതുല്യ ജീവിത വിജയവും ഉയർച്ചയും പഠനവിജയവും റാങ്കും യാത്രാസൗകര്യങ്ങളും ദാമ്പത്യ ജീവിത വിജയവും സാമൂഹ്യ ജീവിത വിജയവും ജീവിത സുരക്ഷിതത്വവും സ്വന്തം ഉടമസ്ഥതയിലുള്ള വീടും സമ്പത്തും ജഢത്തിലും മനസ്സിലും ബുദ്ധിയിലും ബോധത്തിലും ഓർമ്മശക്തിയിലും ബുദ്ധസാമർത്ഥ്യങ്ങളിലും സുഖസൗഖ്യവും അചഞ്ചല വിശ്വാസവും വിജയവും ഏകാഗ്രതയും ഉത്സാഹവും ഉപവാസപ്രാർത്ഥനാശക്തിയും സൗഭാഗ്യങ്ങളും സകലബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനവും ഞങ്ങൾക്ക് നിത്യമായി ലഭിച്ചു - നന്ദി

ഞങ്ങളുടെ അനർത്ഥങ്ങളിലും പരാജയങ്ങളിലും രോഗങ്ങളിലും പ്രശ്നങ്ങളിലും സന്തോഷിച്ചവരും ശത്രുക്കളും വിരോധികളും സ്ഥലനിവാസികളും അശുദ്ധാത്മാക്കളും പിശാചും നിത്യമായി ലജ്ജിച്ച് തകർന്ന് പരാജയപ്പെട്ടു - നന്ദി









# T.V. VARGHESE

**(Rtd. Deputy Director of Education)**

**T.V. GEEVARGHESE, LENY, GREGORY, MARIA**


# മലങ്കരസഭ

**മാസിക**

**ദേവലോകം, കോട്ടയം-686 038**

**ഫോൺ: 0481-573234**

**ലക്കം: 12 പുസ്തകം 56**

**ഡിസംബർ 2000**




**PATRON SAINT**


## പത്രാധിപസമിതി

*പ്രസിഡന്റ്*
**ഫീലിപ്പോസ് മാർ യൗസേബിയോസ്**
ഫോൺ: 0473-322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
**പൗലൂസ് മാർ മിലിത്തിയോസ്**
ഫോൺ: 0488-523001

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. ജേക്കബ് കുര്യൻ**
ഫോൺ: 0481-568046

*അംഗങ്ങൾ*
**ഫാ. റ്റി.ജെ. ജോഷ്വ**
**ഫാ. കെ.എം. ജോർജ്ജ്**
**ഫാ. ജോസഫ് സാമുവൽ കറുകയിൽ**
**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
**എ.കെ. തോമസ് (സഭാ സെക്രട്ടറി)**
**അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ**
**പോൾ മണലിൽ**
**കെ.വി. മാമ്മൻ**

*മാനേജർ*
**ഫാ. റ്റി.ജി. സഖറിയ**
ഫോൺ: 0481-578234

*മാനേജിംഗ് എഡിറ്റർ*
**ഫാ. റ്റി.എ. ഇടയാടി**

*സർക്കുലേഷൻ കൺസൾട്ടന്റ്*
**ഒ.ജി. തരകൻ**

*ബിസിനസ്സ് മാനേജർ*
**ഫാ. ഷൈജു കുര്യൻ**

*ഡി.റ്റി.പി.*
**എം.എസ്. ഗ്രാഫിക്സ്, ദേവലോകം.**


## ഉൾത്തുടിപ്പുകൾ




**എഡിറ്റോറിയൽ**
4 ക്രിസ്മസിന്റെ സന്ദേശം ദേശീയതയുടെ സന്ദേശം
ഫാ. ഡോ. ജേക്കബ് കുര്യൻ
5 മഹാപുരോഹിത സന്ദേശം
പ. കാതോലിക്കാബാവാ

**ധ്യാനപംക്തി**
23 ഞായർദിനചിന്തകൾ
ഫാ. ജോസഫ് സാമുവേൽ കറുകയിൽ

**കാർട്ടൂൺ**
21 ഉപ്പാണ്ടിമാപ്ല
റോണി ചെങ്ങന്നൂർ
11 ബൈബിൾ പഠനം

**പഠനവേദി**
12 പരിസ്ഥിതിയുടെ ആത്മീയത
പ്രൊഫ. കെ. പി. ജോയി
15 യേശുവും ശിശുക്കളും
ഫാ. റ്റി. ജെ. ജോഷ്വാ

**പ്രഭാഷണവേദി**
20 സാഹചര്യങ്ങൾക്കു ഉപരിയായി ദൈവം.......
ഫാ. ഏ. എം. വർഗീസ് പന്തളം

**കൗൺസലറുടെ പംക്തി**
14 മകൾ വിവാഹത്തിനു സമ്മതിക്കുന്നില്ല.....
ഫാ. ഡോ. ഒ. തോമസ്

**ഗ്രന്ഥനിരൂപണം**
30 നിരണം ഗ്രന്ഥവരി
അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ

**ലേഖനം**
7 സാന്താക്ലോസിന്റെ തിരുശേഷിപ്പ്
എം. കര്യൻ തോമസ്
8 ധീരനായ പിതാവ്
സി. യു മാത്യു, കൊച്ചുപുരയ്ക്കൽ
18 എക്യുമെനിക്കൽ പാത്രിയർക്കേറ്റ് ഒരു.........
വർഗീസ് ജോൺ, തോട്ടപ്പുഴ
26 ക്രിസ്തുവിന്റെ കന്യകാജനനം
ഡോ. പുന്നൂസ് യു. പാണൂർ
29 കാര്യവിചാരകത്വം സഭാ തലത്തിൽ
മാത്യൂസ് ബർന്നബാസ് മെത്രാപ്പോലീത്ത

**വാർത്തകൾ**
27, 32, 33
34 സൺഡേസ്കൂൾ വാർത്ത


**Front Cover:** *Left*-Adoration of the Magi, altarpiece by Gentile da Fabriano, 15th Century, *Right*-Saint Nicholas (Christmas Father) by Gentile da Fabrino, 1425

## എഡിറ്റോറിയൽ

# ക്രിസ്തുമസിന്റെ സന്ദേശം ദേശീയതയുടെ സന്ദേശം

ഫാ. ഡോ. ജേക്കബ് കുര്യൻ

അപ്രാപ്യനോ, അപ്രമേയനോ, അപരിമിതനോ ആണ് ദൈവം എന്ന് പറയുന്നതോടൊപ്പം അവിടുന്നു സ്വയം പ്രാപ്യനും, പ്രമേയനും, പരിമിതനും ആകുന്നു എന്ന സത്യമാണ് മനുഷ്യാവതാരം ഉത്ഘോഷിക്കുന്നത്. ദൈവം തമ്പുരാൻ കാല, ദേശ, സംസ്ക്കാരങ്ങൾക്ക് സ്വയം വിധേയനാക്കി ഏതു സാഹചര്യത്തിലുമുള്ള മനുഷ്യനും പ്രപഞ്ചത്തിനും സമീപസ്ഥനാകുന്ന വസ്തുത ഒരു ദേശീയതാസന്ദേശം ആണ് നൽകുന്നത്. ഒരു യഹൂദന്റെ വേഷമിട്ട്, ഭാഷസംസാരിച്ച്, മതമനുഷ്ഠിച്ച് ദൈവരാജ്യത്തിന്റെ സന്ദേശം പ്രചരിപ്പിച്ചപ്പോൾ, ക്രിസ്തു ദേശീയതയുടെ പ്രതീകമായിരുന്നു. പക്ഷേ ക്രിസ്തുവിലെ ദേശീയതയക്കു ഒരു പ്രത്യേകതയുണ്ടായിരുന്നു. വർഗ്ഗീയമോ, വിഭാഗീയമോ ആയ ഒരു നിറം ആ ദേശീയതയ്ക്കില്ലായിരുന്നുവെന്നു മാത്രമല്ല, സാർവ്വലൗകികമായ ഒരു കാഴ്ചപ്പാട് ആ ദേശീയതയെ ആഴമുള്ളതാക്കിയിരുന്നു. ഇത്തരത്തിലുള്ള ഒരു ദേശീയതാ വീക്ഷണമാണ് എക്കാലവുമുള്ള ക്രൈസ്തവ ധർമ്മത്തിന്റെ മുഖമുദ്ര.

ഭാരതത്തിലെ ക്രിസ്ത്യാനികളുടെ ദേശീയതാ ബോധത്തെക്കുറിച്ച് അടുത്തകാലത്തായി ചിലർക്കൊക്കെ സംശയം ഏറിവരുന്നുവെന്നു തോന്നുന്നു. ഭാരതത്തിലെ ക്രിസ്ത്യാനികളെത്തന്നെ രണ്ടു തട്ടിൽ കാണുന്ന ഒരു പ്രവണതയും ഉണ്ട്; തദ്ദേശീയ തലവന്മാരും, വിദേശീയ തലവന്മാരും ഉള്ള ക്രിസ്തീയ സമൂഹങ്ങൾ എന്ന നിലയിൽ. ഇതിനെ ക്രിസ്ത്യാനികൾ സമീപിക്കേണ്ടത് ഏതു വിധത്തിലായിരിക്കണം എന്നത് ഒരു ചർച്ചാ വിഷയമാണ്.

ഏതായാലും ഒരു കാര്യം സംശയമെന്യേ പറയാവുന്നതാണ് ക്രിസ്തീയതയുടെ അടിസ്ഥാന സ്വഭാവം ക്രിസ്തുവിലെ ദേശീയതാവീക്ഷണം തന്നെയാണ്. ഭാരത സംസ്ക്കാരത്തെ അതിന്റെ ഐക്യത്തിലും വൈവിധ്യത്തിലും ഉൾക്കൊള്ളാത്ത ഒരു ക്രൈസ്തവസമൂഹത്തിനും ക്രിസ്തുവിന്റെ സന്ദേശം പകരുവാൻ കഴിയുന്നതല്ല. ഭാരത ക്രൈസ്തവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ദേശസ്നേഹത്തെയും സാംസ്ക്കാരിക പൈതൃകത്തെയും സംശയിക്കുന്നവരോട് സഹതപിക്കുവാനേ കഴിയൂ. ദേശീയ ബോധത്തെ പരിപുഷ്ടമാക്കുന്ന സർവ്വലൗകികമായ ഒരു കൂട്ടായ്മയ്ക്ക് എന്താണ് കുഴപ്പം എന്നതും തിരിച്ചു ചോദിക്കുവാൻ കഴിയണം. ഇത്തരത്തിലുള്ള കൂട്ടായ്മയുടെ പ്രതീകമായി റോമിലെ പാപ്പായെയോ, അന്ത്യോഖ്യയിലെ പാത്രിയർക്കീസിനെയോ കാണുന്നവർ ദേശീയസഭക്കല്ലെന്നു പറയുന്നത് അജ്ഞതകൊണ്ടു മാത്രമാണ്.

എന്നാൽ ഇതോടൊപ്പം, ഭാരത ക്രൈസ്തവരിലെ ഒരു ന്യൂനപക്ഷവീക്ഷണം ക്രിസ്തീയതയുടെ അടിസ്ഥാന സ്വഭാവത്തെത്തന്നെ തള്ളിപ്പറയുന്നുവെന്നു സമ്മതിക്കാതിരിക്കാനും വയ്യ. തദ്ദേശീയ സംസ്ക്കാരങ്ങളും, മതപാരമ്പര്യങ്ങളും പൈശാചികമെന്നും, വൈദേശിക ക്രിസ്തീയത അതേപടി പിൻപറ്റുകയാണ് വേണ്ടതെന്നും, ഏതു വിധേനയും മതപരിവർത്തനം നടത്തുകയാണ് ക്രിസ്തീയ മിഷനെന്നും ധരിച്ചുകൊണ്ട് സ്വയം രക്തസാക്ഷി പരിവേഷം കെട്ടുന്ന ഇക്കൂട്ടർ ക്രിസ്തീയ സന്ദേശത്തെ വികലമാക്കുന്നു. എങ്ങനെയും മതം മാറ്റി അംഗസംഖ്യ കൂട്ടുന്നത് ക്രിസ്തു പറഞ്ഞ സുവിശേഷമല്ല. ഇക്കൂട്ടരുടെ വിദേശബന്ധങ്ങളും ദേശീയവിരുദ്ധ നടപടികളും ക്രിസ്തീയ സമൂഹത്തെ മുഴുവൻ തെറ്റായി ചിത്രീകരിക്കാനിടയാകുന്നു. ഇതിനെതിരെ യഥാർത്ഥ ക്രിസ്തീയ നിലപാട് കൂടുതൽ വ്യക്തമാക്കേണ്ടിവന്നിരിക്കുന്നു.

ആർ. എസ്. എസ്. ഈ നവംബർ മാസം രാഷ്ട്ര ജാഗരണയജ്ഞമായി ആചരിച്ചുകൊണ്ട് അനേക ബഹുജന സമ്പർക്ക പരിപാടികൾ നടത്തുകയുണ്ടായി. ഈ സമ്പർക്ക പരിപാടിയിൽ പ്രചരിപ്പിച്ച ലഘുലേഖകളിൽ പരസ്പരവിരുദ്ധമായ ആശയങ്ങൾ കാണുന്നത്, ദേശീയ ബോധമുള്ള ക്രൈസ്തവരെ കൂടുതൽ ദുഃഖിപ്പിക്കുന്നു. "ചില ചോദ്യങ്ങളും മറുപടികളും" എന്ന ലഘുലേഖപ്രകാരം "ഹിന്ദു എന്ന ശബ്ദം ഭാരതത്തിന്റെ ജീവിതശൈലി" (പേജ് 3) യെന്നും, "ഹിന്ദുത്വമെന്നാൽ ദേശീയതയാണെ"ന്നും (പേജ് 4) പറഞ്ഞിട്ട്, "വിശാല ഹിന്ദുകുടുംബം" എന്നു പറഞ്ഞാൽ ഹിന്ദു സഹോദങ്ങളെ യോജിപ്പിക്കുകയാണെന്നും അതിനൊരുദാഹരണം നിലക്കലെ കുരിശു നീക്കം ചെയ്യൽ സമരമായിരുന്നുവെന്നും (കേരളത്തിന്റെ മുന്നേറ്റം ഹിന്ദു ഐക്യത്തിലൂടെ പേജ് 29–31) സമർത്ഥിക്കുന്നു. ഇത്തരത്തിലുള്ള വിഭാഗീയ ഹിന്ദു മൗലികവാദത്തോട് യഥാർത്ഥ ഹിന്ദുക്കൾക്ക് യോജിപ്പുണ്ടാവുകയില്ലെന്നു തന്നെയാണ് ഞങ്ങൾ കരുതുന്നത്. മറിച്ച്, ഭാരതത്തിന്റെ വൈവിധ്യാത്മകമായ സാംസ്ക്കാരിക പൈതൃകത്തിൽ പങ്കു ചേരുന്നവരുടെ ദേശീയ ബോധവും, സാർവ്വലൗകീക സാഹോദര്യബോധവും ഒന്നിപ്പിച്ച്, പൊതുനന്മയ്ക്കായി അവരെ അണി ചേർത്ത് ഭാരതീയരായ ക്രിസ്തീയസഹോദരങ്ങളും, മുസ്ലീം സഹോദരങ്ങളും ഹിന്ദു സഹോദരങ്ങളോടു ചേർന്ന് ഒരു രാഷ്ട്രത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നത് എത്ര മനോഹരമായിരിക്കും! ജന്മി മുതലാളിമാരുടെ ചൂഷണത്തോട് പ്രതികരിക്കുവാൻ ഉത്തരേന്ത്യയിലെ തൊഴിലാളികൾ ധൈര്യം കാണിക്കുവാൻ തുടങ്ങിയതിൽ നിന്ന് പഠിക്കേണ്ട പാഠം, ചൂഷണം അവസാനിപ്പിക്കുവാൻ സമയമായെന്നാണ്, മറിച്ച്, ക്രിസ്ത്യാനികളുടെ മതപരിവർത്തമാണ് ഇതിനു കാരണമെന്നു കണ്ടെത്തുന്നത് അബദ്ധമാണ്. പൂർവ്വോത്തര സംസ്ഥാനങ്ങളിൽ വിഘടനവാദം ശക്തിപ്പെടുന്നതിന്റെ കാരണം വംശീയവും, സാമ്പത്തികവുമായ ഘടകങ്ങളാണ്; മറിച്ച് ഈ സംസ്ഥാനങ്ങളിലെ ഭൂരിപക്ഷം ആളുകൾ ക്രിസ്ത്യാനികളായി പോയതാണ് ഈ പ്രതിഭാസത്തിനു കാരണമെന്നു കണ്ടെത്തുന്നതും മഹാ അബദ്ധമാണ്.

ക്രിസ്ത്യാനിക്ക് ദേശീയബോധം ആത്മബോധത്തിന്റെ ഭാഗമാണ്. അതിനെ സംശയിക്കുന്നത്, ഒരേ അമ്മയിൽ നിന്നു ജനിച്ചവർ പരസ്പരം സാഹോദര്യം സംശയിക്കുന്നതുപോലെയാണ്.



## മഹാപുരോഹിതസന്ദേശം



ക്രിസ്തുമസ് എന്ന വാക്ക് ശ്രവിക്കുമ്പോൾ കർത്താവായ യേശു ക്രിസ്തുവിന്റെ ജനനദിവസം എന്നാണ് എല്ലാവരുടെയും ഹൃദയത്തിൽ ഉദിച്ച് ഉയരുന്ന സ്വർഗ്ഗീയ ആശയം. ഇത് ഒരു മഹാദിനമാണ് അതിശ്രേഷ്ഠവും അതുല്യവുമായ ഒരു പെരുന്നാളാണ് ഭാരതീയ ഭാഷയിൽ ക്രിസ്തുജയന്തി എന്ന് സൂചിപ്പിച്ചാൽ അതിന് വളരെ അർത്ഥവ്യത്യാസം ഉണ്ട് എന്ന് തോന്നുന്നില്ല. ഇത് സൃഷ്ടിയുടെ രക്ഷയ്ക്ക് വേണ്ടിയും മഹത്വത്തിന് വേണ്ടിയും കാരുണ്യവാനായ ദൈവം നൽകുന്ന ഒരു ദിവ്യമായ ദാനമാണ്. ആ ദാനം, തന്നെ തന്നെ അഥവാ ദൈവത്തെ തന്നെ നൽകുന്ന ഒരു അതുല്യ സമ്മാനവുമാണ്.

ദൈവം തന്നെത്തന്നെ നമുക്ക് നൽകുന്നത് തുല്യമില്ലാത്ത ദാനമാണ്. അതിനെ സ്വീകരിച്ച് ആസ്വദിക്കുന്ന ദൈവദാനമായ മാനവജാതി അവരെ തന്നെ ദൈവത്തിങ്കൽ സമർപ്പിക്കുന്നത് താരതമ്യേന വളരെ നിസാര കാര്യമാണെങ്കിലും, അതിന് തുനിയുന്ന മാനവൻ കൃതാർത്ഥനാണ്. അദ്ദേഹം ദാതാവുമായി സായൂജ്യപ്പെടുന്നു.

പാവപ്പെട്ട ആട്ടിടയർക്ക് മാലാഖ പ്രത്യക്ഷനായി, മാലാഖയുടെ തേജസ്സ് അവരെ ചുറ്റി നിന്നു. അവർ ഭയപരവശരായി മാലാഖ അവരോട്, "നിങ്ങൾ ഭയപ്പെടേണ്ട, സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാ സന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. യേശു ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്ക് അടയാളമായി, ശീലകൾ ചുറ്റി പശുതൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ കാണും" എന്ന് പറഞ്ഞു. സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോട് ചേർന്ന് ദൈവത്തെ പുകഴത്തി. അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്നു പറഞ്ഞു. ആട്ടിടയർ ബദ്ധപ്പെട്ട് ചെന്ന് മറിയത്തിനെയും യൗസേഫിനെയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. ഈ പൈതലിനെക്കുറിച്ച് പറഞ്ഞ വാക്ക് അറിയിച്ചു കേട്ടവരെല്ലാവരും ഇടയൻമാർ പറഞ്ഞതിനെക്കുറിച്ച് ആശ്ചര്യപ്പെട്ടു. അവർ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് മടങ്ങിപ്പോയി. അത് അറിവിൽ ശിശുക്കളായ ആട്ടിടയരോട് അറിയിച്ച ഒരു രംഗമാണ്.

ഇതൊടൊപ്പം തന്നെ അറിവിൽ അഗ്രഗണ്യരായ വിദ്വാൻമാരോടും ഈ സന്ദേശം അറിയിച്ചതായി വിശുദ്ധനായ മത്തായി ശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നു. വിദ്വാൻമാർക്ക് ഒരു പുതിയ നക്ഷത്രം ദൃശ്യമായി. ഈ നക്ഷത്രം യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് അവരെ അറിയിച്ചു. വിദ്വാൻമാരുടെ അടുക്കൽ മാലാഖമാർ വന്ന് സാക്ഷിക്കേണ്ട ആവശ്യമല്ലായിരുന്നു. അവർക്ക് മനസ്സിലാകുന്ന വിധത്തിൽ നക്ഷത്രം അവരെ വെളിപ്പെടുത്തി എന്നാൽ ആട്ടിടയൻമാർക്ക് മാലാഖ പറഞ്ഞെങ്കിൽ മാത്രമേ മനസ്സിലാകുമായിരുന്നുള്ളു. ദൈവം ഓരോരുത്തർക്കും അവരവർക്ക് മനസ്സിലാകാവുന്ന രീതിയിൽ സംസാരിക്കുന്നു. വിദ്വാൻമാരെ രാജാവായ ഹെരോദാവിന്റെ സന്നിധിയിലേക്ക് അയയ്ക്കുന്നു കർത്താവിനെക്കുറിച്ച് അവനോട് സാക്ഷിക്കുന്നു. ഇതിലും ദൈവത്തിന്റെ ഒരു മാർഗ്ഗം കാണുവാൻ സാധിക്കുന്നുണ്ട്. വിദ്വാൻമാർ പോയി പറയുമ്പോൾ അതിന് ആക്കവും തൂക്കവും ലഭിക്കുന്നു. അവരുടെ വാക്കുകൾക്ക് പ്രാധാന്യം ഉണ്ട്. വി. മത്തായി ശ്ലീഹാ വിവരിക്കുന്ന പ്രകാരം രാജാവ് ജനത്തിന്റെ മഹാപുരോഹിതൻമാരെയും. ശാസ്ത്രിമാരെയും കൂട്ടി വരുത്തി ക്രിസ്തു എവിടെയാണ് ജനിക്കുന്നത് എന്ന് ചോദിച്ചു. അവർ വി. വചനം പരിശോധിക്കുകയും മീഖാ പ്രവചനം 5:2 ൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം യഹൂദയിലെ ബേത്‌ലഹേമിലാണ് എന്ന് മനസ്സിലാക്കി പ്രസ്താവിക്കുകയും ചെയ്തു ഇപ്രകാരം പരിശോധിക്കുമ്പോൾ ഇതിൽ വലിയൊരു മർമ്മം അടങ്ങിയിരിപ്പുണ്ട് അറിവില്ലാത്തവരായ ആട്ടിടയൻമാരെ മാലാഖമുഖാന്തിരം, അറിവുള്ളവരായ വിദ്വാൻമാരെ നക്ഷത്രം മുഖാന്തിരം, ഭരണകർത്താവായ ഹെരോദാവിനെ വിദ്വാൻമാർ മുഖാന്തിരം, ഭരണീയരായ ഇസ്രയേൽ ജനത്തെ വചനം മുഖാന്തിരവും യേശു ക്രിസ്തുവിന്റെ ജനനം അറിയിക്കുന്നു. എന്റെ വായനക്കാരെ, നിങ്ങൾക്കും. ബലഹീനനായ നമുക്കും മനസ്സിലാക്കാവുന്ന ഭാഷയിൽ കർത്താവ് സംസാരിക്കുന്നു. എല്ലാവരെയും വിവിധങ്ങളായ മാർഗ്ഗങ്ങളിൽ കൂടി ദൈവം ഉപയോഗിക്കുന്നു ആട്ടിടയർക്കും വിദ്വാൻമാർക്കും ഈ ദിവ്യ മർമ്മത്തിന്റെ അറിവ് അനുഗ്രഹകരമായി പരിണമിച്ചു. മറ്റുള്ളവർക്ക് അവരുടെ പെരുമാറ്റ വ്യത്യാസം ഹേതുവാൽ ദോഷമായി പരിണമിക്കയത്രേ ചെയ്തത്. നാം വി. വേദപുസ്തകം വായിക്കുന്നു. പക്ഷേ ശരിയായി വിവേചിക്കാൻ സാധിക്കാത്തതിനാൽ നമുക്കും അവയെല്ലാം ദോഷമായി പരിണമിക്കുന്നു; എന്ന് വളരെ വേദനയോടുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. നമുക്ക് ലഭിക്കുന്ന ദിവ്യമായ അറിവുകൾ നാം ശിഷ്യരെപ്പോലെ ഉപയോഗിച്ച് അനുഗ്രഹീതരാകുവാൻ ശ്രമിക്കാം.

തുടർന്ന് വിദ്വാൻമാരുടെ പ്രവർത്തനങ്ങളിൽ നിന്ന് ചില മർമ്മങ്ങൾ കൂടി മനസ്സിലാക്കുവാൻ നമുക്ക് ശ്രമിക്കാം. ആട്ടിടയരെപ്പോലെ വിദ്വാൻമാർക്ക് ലഭിച്ച സാക്ഷ്യവും, അത് ആസ്വദിപ്പാൻ അവരും ശ്രമിക്കുകയാണ്. ദൈവം മനുഷ്യനായിട്ട് അവതരിച്ച രാജാവിനെക്കുറിച്ചുള്ള സാക്ഷ്യം ഞങ്ങൾക്ക് മനസ്സിലായി. പക്ഷേ അത് കൊണ്ട് ഞങ്ങൾ തൃപ്തരല്ല. ഞങ്ങൾക്ക് രാജാവിനെപ്പോയി കണ്ട് വന്ദിച്ച് അനുഗ്രഹീതരായിത്തീരണം. അതിനുവേണ്ടി കഷ്ടങ്ങളും നഷ്ടങ്ങളും ഉണ്ടായാലും, അവയൊന്നും ഞങ്ങളെ തടസ്സപ്പെടുത്തുകയില്ല. വി. മത്തായി ശ്ലീഹായുടെയും ദൃഷ്ടിയിൽ നമ്മളും വിദ്വാൻമാർ ആകുമെങ്കിൽ നാമും അത് ചെയ്തു പോകും. ആകെയാൽ ദൈവ വചസുകളെ കേൾക്കുന്നവർ എല്ലാം ഭാഗ്യമുള്ളവർ, അത് കണ്ട് രുചിച്ച് ആസ്വദിക്കുന്നവർ എത്ര ഭാഗ്യമുള്ളവർ.

ഇവിടെ വിദ്വാൻമാർക്ക് ഒരു പ്രശ്നം ഉണ്ടായി. എങ്ങോട്ടാണ് പോകേണ്ടത് എവിടേയ്ക്കാണ് പോകേണ്ടതെന്ന് അവർക്ക് അറിവില്ലാതെ ചിന്താക്കുഴപ്പമുള്ളവരായി ഭവിക്കുന്നു. അവർ ഒരു തിരുമാനം ചെയ്തു, നമുക്ക് പുറപ്പെടാം, നമുക്ക് സന്ദേശം നൽകിയവർ വേണ്ടത് ചെയ്തു കൊള്ളും. അവരുടെ വിശ്വാസം എത്ര അത്യുത്തമം. അങ്ങനെ അവർ പുറപ്പെട്ടു അവർ കണ്ട നക്ഷത്രം അവർക്ക് മുൻപായി വഴികാട്ടിയായി നീങ്ങുവാൻ തുടങ്ങി.

വിദ്വാൻമാർ അവരവരെ തന്നെ സമർപ്പിച്ച് കുമ്പിട്ട് നമസ്ക്കരിച്ചതിന് ശേഷം അവരുടെ നിക്ഷേപ പാത്രം തുറന്ന് ദൈവത്തിന് പൊന്ന്, മൂര്, കുന്തിരിക്കം, എന്നിങ്ങനെ ശ്രേഷ്ഠമായ കാഴ്ചകളെ സമർപ്പിച്ചു. ഇത് വളരെ അർത്ഥവത്താണ് അവർ അർത്ഥത്തിലും വിദ്വാൻമാർ തന്നെയാണ്. പൊന്ന് സമർപ്പിച്ചപ്പോൾ അവർ ഏറ്റു പറഞ്ഞത്, യേശു ക്രിസ്തുവേ, നീ ഞങ്ങളുടെ രാജാവ്, ഞങ്ങളെ ഭരിക്കുന്നത് നീയാകുന്നു. കുന്തിരിക്കം സമർപ്പിച്ചപ്പോൾ നീ, ഞങ്ങളുടെ മഹാപുരോഹിതൻ, ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ, നീ ഞങ്ങളുടെ രക്ഷിതാവ് എന്ന് ഏറ്റു പറയുന്നു. മൂര് സമർപ്പിച്ചപ്പോൾ അങ്ങേയ്ക്ക് വേണ്ടി ഞങ്ങൾ എല്ലാം സഹിക്കുന്നു. എന്ത് കഷ്ടങ്ങൾ വന്നാലും, ഞങ്ങൾ പിൻമാറുകയില്ല എന്ന് പ്രഖ്യാപിക്കുന്നു. എത്ര അർത്ഥവത്തായ കാഴ്ചകൾ, ദൈവമേ ഈ വിദ്വാൻമാരുടെ ഹൃദയം എനിക്ക് തരണമേ. ഞങ്ങൾക്ക് തരണമേ, ആർക്കും കൊടുക്കണമേ. ഈ വിദ്വാൻമാരെപ്പോലെയുള്ള ഹൃദയവാഹികളെ കൊണ്ട് ഭൂലോകം നിറയട്ടെ ഈ ലോകം സ്വർഗ്ഗമായിത്തീരട്ടെ.

ഈ ക്രിസ്മസ് എല്ലാവർക്കും സന്തോഷത്തിന്റെയും അനുഗ്രഹത്തിന്റെയും ക്രിസ്തുമസ്സായിത്തീരട്ടെ. എല്ലാവർക്കും നല്ല ക്രിസ്മസ് പുതുവൽസരാശംസകൾ നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.
പ. കാതോലിക്കാ ബാവാ

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകൾ

37–ാം ഓർമ്മ (3–1–2001)



പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ

72–ാം ഓർമ്മ (17–12–2000)



പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ ബാവാ

25–ാം ഓർമ്മ (8–12–2000)



പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ

13–ാം ഓർമ്മ (26–12–2000)



യാക്കോബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലിത്താ (കൊരട്ടി സീയോൻ സെമിനാരി)

10–ാം ഓർമ്മ (13–12–2000)



ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ (ബേസിൽ അരമന, പത്തനംതിട്ട)

28–ാം ഓർമ്മ (3–12–2000)



മാർതോമ്മാ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ (പത്തനാപുരം താബോർ ദയറാ)

## 1–ാം ചരമ വാർഷികം

25–11–2000



**M.K. GEORGE**

**MADAPPALLIL HOUSE**

**KUMBAZHA, PATHANAMTHITTA**

By Sorrowing Family Members

# സാന്താക്ലോസിന്റെ തിരുശേഷിപ്പ്

എം. കുര്യൻ തോമസ്

ക്രിസ്തുമസ് കാലത്ത് ലോകമെമ്പാടുമുള്ള കുട്ടികളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ഒരു കഥാപാത്രമുണ്ട്. തങ്ങൾക്കുള്ള സമ്മാനപ്പൊതികളുമായി ക്രിസ്തുമസ് രാത്രിയിലെത്തുന്ന നരച്ചതാടിയും ചുവന്ന മേലങ്കിയുമുള്ള സാന്റാക്ലോസ് എന്ന ക്രിസ്തുമസ് അപ്പൂപ്പൻ.

സെന്റ് നിക്കോളാ, പാപ്പാനോവൻ



തുടങ്ങി വിവിധ പേരുകളിൽ അറിയപ്പെടുന്ന ക്രിസ്തുമസ് അപ്പൂപ്പൻ ഒരു ഇതിഹാസ കഥാപാത്രം മാത്രമാണെന്നാണ് മിക്കവരുടെയും ധാരണ. എന്നാൽ സെന്റ് നിക്കോളസ് എന്ന ചരിത്രപുരുഷനാണ് സാന്താക്ലോസ് എന്ന ഇതിഹാസപുരുഷനെന്ന് ഭൂരിപക്ഷത്തിനും അറിയില്ല.

നാലാം നൂറ്റാണ്ടിൽ ടർക്കിയിൽ – അന്നത്തെ പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ ആണ് നിക്കോലോവോസ് ജീവിച്ചിരുന്നത്. ഗ്രീക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള ബൈസന്റയിൻ സഭകളിൽ സെന്റ് നിക്കോളസ് ദി വണ്ടർ വർക്കർ അഥവാ അൽഭുത പ്രവർത്തകനായ വിശുദ്ധ നിക്കോളോവോസ് എന്നാണ് ഇദ്ദേഹം അറിയപ്പെടുന്നത്. വധിക്കപ്പെട്ട മൂന്നു കുട്ടികൾക്ക് ജീവൻ നൽകിയ ഇദ്ദേഹത്തെ കുട്ടികളുടെ രക്ഷാപരിശുദ്ധൻ എന്ന നിലയിലാണ് ക്രൈസ്തവസഭകൾ അംഗീകരിച്ചുവരുന്നത്.

ടർക്കിയിലെ 'പത്താറ' എന്ന സ്ഥലത്താണ് നിക്കോളാസ് പുണ്യവാളൻ ജനിച്ചത്. പത്തൊമ്പതാം വയസിൽ വൈദികപട്ടം സ്വീകരിച്ചു. തുടർന്ന മയ്റാ (മൂറ)യുടെയും ലൈസിയായുടെയും മെത്രാനായി അഭിഷിക്തനായി.

ഡയോക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് തടവിലടയ്ക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തെങ്കിലും വധിക്കപ്പെട്ടില്ല. അതിവൃദ്ധതയിലാണ് സെന്റ് നിക്കോളോസ് സ്വഭാവിക മരണം പ്രാപിച്ചത്. അത് ക്രിസ്തുവർഷം 350 ൽ ആയിരുന്നു.

ടർക്കിയിലെ കാലെ എന്ന കടൽത്തീര പട്ടണത്തിലെ സെന്റ് നിക്കോളസ് പള്ളിയിൽ ഇദ്ദേഹത്തിന്റെ ശവകുടീരം ഇന്നുമുണ്ട്. മയ്റായുടെ പുതിയ പേരാണ് കാലെ.

11–ാം നൂറ്റാണ്ടിൽ കുരിശുയുദ്ധകാലത്ത് ഇദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടത്തിൽ ഒരു ഭാഗം മോഷ്ടിക്കപ്പെട്ടു. പല കൈമറിഞ്ഞ് ഇത് ഇറ്റലിയിലെ ബാരി എന്ന സ്ഥലത്തെത്തി അവിടെ ഗംഭീരമായ ഒരു ബസ്ലിക്ക പണിത്, ആ തിരുശേഷിപ്പുകൾ അവിടെ സ്ഥാപിച്ചു.

ബൈസന്റയിൻ സഭകളിൽ യാത്രക്കാരുടെ രക്ഷാപുരുഷനാണ് സെന്റ് നിക്കോളാസ്. യാത്രക്കാർക്ക് കൊണ്ടു നടക്കാനുള്ള ചെറിയ ഐക്കൺ സമുച്ചയത്തിൽ യേശുക്രിസ്തു, വിശുദ്ധ കന്യകമ്മാതാവ് ഇവരോടൊപ്പം മൂന്നാമതായി ചേർക്കുന്ന ചിത്രം സെന്റ് നിക്കോളസിന്റേതാണ്. പാശ്ചാത്യസഭകൾ ഇദ്ദേഹത്തിന്റെ ഓർമ്മ ആഘോഷിക്കുന്നത് ചരമദിനമായ ഡിസംബർ ആറിനാണ്.

ഗ്രീക്ക് സഭയുടെ ഇതിഹാസ പ്രകാരം ക്ഷോഭിച്ച കടലിനെ പ്രാർത്ഥനമൂലം ശാന്തമാക്കുക മുതലായ അത്ഭുതപ്രവർത്തികൾ ചെയ്ത വ്യക്തിയായിരുന്നു നിക്കോളോസ്. ഒരിക്കൽ തന്റെ ജന്മനാടായ പത്താറായിൽ സ്ത്രീധനം കൊടുക്കാൻ മാർഗ്ഗമില്ലാത്തെ വിഷമിച്ച മൂന്നു ദരിദ്ര കന്യകമാർ ആളറിയിക്കാതെ സ്വർണ്ണനാണയങ്ങൾ നിറച്ച മൂന്നു കിഴികൾ സമ്മാനിച്ച് അവരെ വ്യഭിചാരത്തിൽ നിന്നും രക്ഷിച്ചു. ആ മൂന്നു കിഴികളുടെ പ്രതിരൂപമാണ് പൂർവയൂറോപ്യൻ രാജ്യങ്ങളിലെ പണയ ബിസിനസുകാരുടെ ചിഹ്നമായ മൂന്നുഗോളങ്ങൾ.

ബൈസന്റയിൻ സഭകളുടെ പാരമ്പര്യപ്രകാരം കുട്ടികളുടെയും കടൽയാത്രക്കാരുടെയും മാത്രം രക്ഷാ പരിശുദ്ധനല്ല സെന്റ് നിക്കോളാസ്. കന്യകമാർ, റഷ്യ, പണയ ബിസിനസുകാർ ഇവരുടെ രക്ഷാപുരുഷനാണിദ്ദേഹം. 1960 കളിൽ റോമൻ കത്തോലിക്കാ സഭ ഇദ്ദേഹത്തിന്റെ പെരുന്നാൾ പരിശുദ്ധൻമാരുടെ മുഖ്യ പട്ടികയിൽ നിന്നു നീക്കി ബൈസന്റിയൻ സഭകലിൽ ഇദ്ദേഹം പരിശുദ്ധൻമാരുടെ ഏറ്റവും ഉയർന്ന ഗണത്തിലാണ്.

കുട്ടികളെ സ്നേഹിക്കുകയും അവരറിയാതെ അവർക്കു സമ്മാനങ്ങൾ നൽകുകയും ചെയ്ത ഒരു വ്യക്തിയായാണ് സെന്റ് നിക്കോളാസിന്റെ ജീവചരിത്രം പഠിപ്പിക്കുന്നത്. ഈ ചരിത്രവസ്തുതയാകണം പിൽക്കാലത്ത് ക്രിസ്തുമസ് രാത്രിയിൽ സമ്മാനപ്പൊതികളുമായി എത്തുന്ന സാന്റാക്ലോസായി പ്രചരിപ്പിച്ചത്. സെന്റ് നിക്കോളാവോസ് ലത്തീൻ ഭാഷയിൽ സാന്താനിക്കോളസായി. അതു ചുരുങ്ങി സാന്താക്ലോസായി. മെത്രാന്റെ ചുവന്ന അംശവസ്ത്രം സാന്താക്ലോസിന്റ ചുവന്ന അങ്കിയായി. ഇദ്ദേഹത്തിന്റെ വാഹനമായ സ്ലെഡ്ജ് വലിക്കുന്ന റൂഡോർഫ് എന്ന റെയിൻഡിയരും, ഉത്തരധ്രുവത്തിലെ താമസവും, ചിമ്മിനിയിലൂടെയുള്ള യാത്രയും വിവിധ യൂറോപ്യൻ ഇതിഹാസങ്ങളുടെ സങ്കലനമാണ്.

സാന്റാക്ലോസും ക്രിസ്തുമസും സമ്മാനങ്ങളുമായി പരസ്പരം ബന്ധിപ്പിക്കുന്നത് സുദീർഘമായ ഒരു ചരിത്രമാണ്. മഞ്ഞുകാലത്തെ ഒരു നിശ്ചിത ദിവസം പരസ്പരം സമ്മാനങ്ങൾ കൈമാറുക എന്നത് ക്രിസ്തുമതത്തിനു മുമ്പുതന്നെ യൂറോപ്പിലെ ഒരു പാരമ്പര്യമായിരുന്നു. സെന്റ് നിക്കോളോസിന്റെ ചരിത്രം യൂറോപ്പിൽ പ്രചരിച്ചതോടെ. ഈ സമ്മാനദാനം അദ്ദേഹത്തിന്റെ ഓർമ്മദിനമായ ഡിസംബർ ആറിനു നടത്താൻ തുടങ്ങി. സമ്മാനങ്ങൾ കൂടുതൽ ആഹ്ലാദിപ്പിക്കുന്നത് കുട്ടികളെയാണെന്ന വസ്തുത; കുട്ടികളുടെ രക്ഷാ

*ശേഷം 10–ാം പേജിൽ*

# ധീരനായ പിതാവ്



**സി. യു. മാത്യു, കൊച്ചുപുരയ്ക്കൽ**

ദീർഘകാലം മലങ്കര സഭയുടെ നേതൃത്വം ഏറ്റെടുത്ത് പല ദുർഘട സന്ദർഭങ്ങളിൽ നിർഭയം സഭാനൗകയെ നേർവഴി നയിച്ച് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ പിൻഗാമിയായി മലങ്കരസഭയുടെ ഭരണഭാരം വഹിച്ച കൃശ ഗാത്രനും ആകാരത്തിൽ ഒട്ടും ആകർഷിണിയത ഇല്ലാത്ത വളരെ എളിമയായി ജീവിതം നയിച്ച പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ ഇഹലോകവാസം വെടിഞ്ഞിട്ട് 25 വർഷം തികയുന്നു ഈ സന്ദർഭത്തിൽ പ. പിതാവിന്റെ ജീവിതകാലത്തെ സ്മരിക്കുന്നത് ഇന്നത്തെ തലമുറയ്ക്ക് വളരെ പ്രയോജനം ചെയ്യുമെന്നതിൽ സംശയമില്ല.

മലങ്കര സഭ വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ട് ഒന്നരനൂറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. മലങ്കര സഭയിലെ പിളർപ്പുകൾക്കു കാരണമായിവന്നത് ഈ സഭയിൽപ്പെട്ടവരിൽ ഓരോ കാലത്തും അഭിപ്രായ ഭിന്നതകൾ മൂലം സ്വീകരിച്ചിട്ടുള്ള നിലപാടുകൾ മൂലമാണ് ആദ്യം റോമൻ കത്തോലിക്കരും പിന്നീട് അംഗ്ലിക്കൻ വിഭാഗക്കാരുമായുള്ള ഈ സഭയുടെ സമ്പർക്കമാണ് ഇതിനുവഴി തെളിച്ചത്. അവസാനം അന്ത്യോഖ്യൻ സഭയുമായുണ്ടായ ബന്ധമാണ് ഇന്നും അവസാനിക്കാതെ കിടക്കുന്ന വ്യവഹാരങ്ങൾ.

1875 ൽ ആദ്യമായി ഒരു അന്ത്യോക്യൻ പാത്രിയർക്കീസ് മലങ്കരയിൽ എത്തിചേർന്നപ്പോൾ അദ്ദേഹത്തിന് മലങ്കരസഭ നൽകിയ ഗംഭീര സ്വീകരണമാണ് മലങ്കരസഭയുടെ ദുർദശയ്ക്കു കാരണമായതെന്നു തോന്നുന്നു. ഈ സഭയുടെ യോജിപ്പും വിശ്വാസ തീഷ്ണതയും അന്തസ്സായ പെരുമാറ്റവും പാത്രിയർക്കീസിനെ വളരെ ആകർഷിച്ചു. തൽഫലമായി ഈ സഭ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആധിപത്യത്തിൽ കൊണ്ടു വരുന്നതിനുള്ള അടവുകൾ ആരംഭിച്ചു. അതിന്റെ ഫലമാണ് 1876 ജൂലൈ മാസത്തിൽ മുളന്തുരുത്തിയിൽ പാത്രിയർക്കീസ് വിളിച്ചുകൂട്ടിയ പള്ളി പ്രതിപുരുഷയോഗം നവീകരണക്കാരുമായി ഉണ്ടായ വ്യവഹാരത്തിൽ പാത്രിയർക്കീസിന് ആത്മീയ മേൽക്കോയ്മ ലഭിച്ചെങ്കിലും ലൌകിക അധികാരം നഷ്ടപ്പെട്ടു ഇത് വീണ്ടെടുക്കാനാണ് അദ്ദേഹം ശ്രമമാരംഭിച്ച് ഒന്നര നൂറ്റാണ്ട് കഴിഞ്ഞിട്ടും ആ ശ്രമം പൂർണ്ണമായി ലഭിക്കാൻ കഴിഞ്ഞിട്ടില്ല. 1876 ൽ ഇവിടെ വന്നു ചേർന്ന പത്രോസ് പാത്രിയർക്കീസിനുശേഷം അബ്ദുള്ള പാത്രിയർക്കീസ് ബാവാ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹവും ലൌകീക അധികാരത്തിനുവേണ്ടി പോരാടി എങ്കിലും അതിലും അദ്ദേഹം പരാജയപ്പെട്ടു എന്നു മാത്രമല്ല, പാത്രിയർക്കാ സ്ഥാനത്തിന് തുല്യമായ ഒരു സ്ഥാനം മലങ്കര സഭയിൽ ഉടലെടുക്കാൻ സന്ദർഭം ഉണ്ടാക്കി കൊടുത്തു അന്നു മുതലാണ് നമ്മുടെ സ്മര്യ പുരുഷന്റെ പങ്ക് ഉണ്ടായത്.

അബ്ദുള്ള പാത്രിയർക്കീസിന്റെ അനധികൃത ഇടപെടൽ മൂലം അന്നത്തെ മലങ്കരയുടെ സഭാ തലവനായ വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനിയെ മുടക്കുകയും സഭയിൽ അതുമൂലം വലിയ കോളിളക്കം സൃഷ്ടിക്കുകയും ചെയ്തു. അക്കാലത്ത് കാതോലിക്കാ സ്ഥാപനം എന്നതും മാർത്തോമ്മായുടെ സിംഹാസനമെന്നതും അത്ര പ്രചാരം ലഭിച്ചിരുന്നവയല്ലായിരുന്നു. എന്നാൽ അതിബുദ്ധിമാനും ദീർഘവീക്ഷകനുമായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഈ സന്ദർഭത്തിൽ ശീമയിൽ പോയി അവിടെ താമസിക്കുകയും കാര്യങ്ങൾ ശരിയായി പഠിയ്ക്കുകയും ചെയ്തിരുന്ന നമ്മുടെ സ്മര്യ പുരുഷൻ അന്ന് പാത്രിയർക്കീസ് പക്ഷത്തായിരുന്നു എങ്കിലും മലങ്കരയിൽ പാത്രിയർക്കീസിന് തുല്യമായ കാതോലിക്കാ സിംഹാസനം ഉടലെടുത്തപ്പോൾ ഔഗേൻ റമ്പാനായി അദ്ദേഹം അവിടെ സന്നിഹിതനായിരുന്നു. എന്നത് അദ്ദേഹത്തിന്റെ ധീരമായ ഒന്നാമത്തെ നടപടിയായിരുന്നു തുടർന്ന് ഉണ്ടായ വ്യവഹാരങ്ങളിൽ എല്ലാം പാത്രിയർക്കീസ് പക്ഷത്തിന്റെ മുഖ്യപോരാളിയായി കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി ഔഗേൻ മാർ തീമോത്തിയോസ് ധീരം ധീരം പോരാടി.

കാലങ്ങൾ പിന്നിട്ടു വ്യവഹാരങ്ങൾ നീണ്ടു ഒടുവിൽ ഈ സഭയിൽ സമാധാനം സ്ഥിരമായി സ്ഥാപിക്കാൻ കണ്ടനാട് ഇടവകയുടെ മെത്രാപോലീത്തായായ ഔഗേൻ മാർ തീമോത്തിയോസ് മുൻനിരയിൽ വന്നു ആയതിലേക്ക് പാത്രിയർക്കീസ് പക്ഷത്തെ അന്നുണ്ടായിരുന്ന മെത്രാപ്പോലീത്തന്മാരും കാതോലിക്കാ പക്ഷത്തുള്ള മെത്രാപോലീത്തന്മാരുടെയും ഒരു സമ്മേളനം (വട്ടമേശ സമ്മേളനം) ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജിൽ സംഘടിപ്പിച്ചു. പ്രസ്തുത സമ്മേളനത്തിന്റെ മുഴുവൻ ചുക്കാനും പിടിച്ചിരുന്നത് ഔഗേൻ മാർ തീമോത്തിയോസായിരുന്നു. എന്നാൽ ദൈവഹിതം അന്ന് സഭയിൽ സമാധാനം ഉണ്ടാകരുതെന്നായിരുന്നിരിയ്ക്കാം. സമ്മേളനം വിഫലമായി അതിനുശേഷമുണ്ടായ സംഭവമാണ് ഔഗേൻ തിരുമേനിയുടെ അടുത്ത ധീരമായ നിലപാട് താൻ അതുവരെ നിലനിർത്തിയരുന്ന കാഴ്ചപ്പാട് മലങ്കരസഭയുടെ സ്വതന്ത്രമായ നിലപാടിന് അനുയോജ്യമല്ലെന്ന് തീർത്തും ബോദ്ധ്യപ്പെട്ടു. അതിനാൽ 1912ൽ അദ്ദേഹം ആഗ്രഹിച്ചിരുന്ന കാതോലിക്കാ സിംഹാസനത്തെ പൂർണ്ണമായി അംഗീകരിച്ചത് അതിനെ ആശ്ലേഷിച്ചു എന്നതാണ് അതിന്റെ പരിണിതഫലം ഇതെതുടർന്ന് പല അനിഷ്ഠ സംഭവങ്ങളും അരങ്ങേറി. അതെല്ലാം ഇവിടെ രേഖപ്പെടുത്തുന്നത് മലങ്കരസഭാ മക്കളുടെ അന്തസ്സിന് ചേർന്നതല്ലായെന്നുള്ളതുകൊണ്ട് വിട്ടുകളയുന്നു.

കാതോലിക്കാപക്ഷത്ത് താൻ ഉറച്ചു നിൽക്കുകയും അതുമൂലം അദ്ദേഹം പല കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരുകയും ചില പ്രചേദനങ്ങൾ ഇതര സഭാവിഭാഗങ്ങളിൽ നിന്നുണ്ടായെങ്കിലും അതിലൊന്നും വീണു പോകാതെ ഉറച്ച് പാറപോലെ നിന്നു. ഒടുവിൽ മലങ്കരയിലെ മൂന്നാമത്തെ കാതോലിക്കാ ഗീവറുഗീസ് ദ്വിതീയൻ കാലം ചെയ്തപ്പോൾ മലങ്കര സഭ ഏകകണ്ഠമായി പാത്രിയർക്കീസ് പക്ഷം ഉൾപ്പെടെ ഔഗേൻ മാർ തീമോത്തിയോസിനെ പൗരസ്ത്യ കാതോലിക്കായായും മാർ തോമായുടെ സിംഹാസനത്തിലേക്ക് തെരഞ്ഞെടുത്തു യാക്കൂബ് തൃതീയൻ പാത്രിയർക്കീസു തന്നെ അദ്ദേഹത്തെ കാതോലിക്കോസായി അവരോധിച്ചപ്പോൾ 1912 ൽ ഔഗേൻ റമ്പാൻ സ്വീകരിച്ച നിലപാട് എത്ര വിലപ്പെട്ടതായിരുന്നുയെന്ന് ലോകം സാക്ഷ്യപ്പെടുത്തി.

ഇതുകൊണ്ടും അദ്ദേഹത്തിന്റെ പരീക്ഷണങ്ങൾ അവസാനിച്ചില്ല പാത്രിയർക്കീസ് തുടർന്നും ആസ്വസ്ഥതകൾ സൃഷ്ടിക്കാൻ തുടങ്ങി അതിനോട് മലങ്കരയിലെ ഒരു വിഭാഗം ആളുകൾ തുള്ളാനും ആരംഭിച്ചു തൽഫലമായി മലങ്കര സഭയുടെ മാനേജിംഗ് കമ്മറ്റിയുടെ സുപ്രധാനമായ ഒരു യോഗത്തിന് ഔഗേൻ കാതോലിക്കോസ് മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നൽകിയ ധീരമായ ഒരു റൂളിംഗിന് സാക്ഷ്യം വഹിച്ച ഈ ലേഖകൻ ആ റൂളിംഗിന് സാക്ഷ്യം വഹിച്ച ഈ ലേഖകൻ ആ റൂളിംഗിന്റെ വാചകം അതുപടി ഇവിടെ ഉദ്ധരിയ്ക്കട്ടെ.

"ഞാൻ കിഴക്കിന്റെ കാതോലിക്കോസ്സാണ് എന്റെ അധികാരം എന്തെന്ന് ആരും പഠിപ്പിക്കേണ്ട തോമാശ്ലീഹായ്ക്കു കുറവു വരുത്തുന്ന ഒരു കാര്യവും ചെയ്യാൻ ഞാൻ തയ്യാറല്ല വേണമെങ്കിൽ ഈ പുറം കുപ്പായം മാറ്റി കളയാൻ ഞാൻ സന്നദ്ധനാണ് യോഗം തുടരട്ടെ" ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ മാനേജിംഗ് കമ്മറ്റിയിൽ നിന്ന് ഏതാനും പേർ വാക്കൗട്ട് നടത്തി അതോടെ പാത്രിയർക്കീസ് പക്ഷം വീണ്ടും സഭയെ പിളർത്താൻ യത്നിച്ചുകൊണ്ടിരുന്നു തിരുമേനിയുടെ ധീരമായ നിലപാടാണ് അവിടെ കാണുവാൻ സാധിച്ചത് അന്ന് അതുപോലെ ചെയ്യാതിരുന്നെങ്കിൽ ഇന്ന് മാർതോമാശ്ലീഹായുടെ സിംഹാസനത്തിനും ഇൻഡ്യൻ പരമോന്നത നീതി പീഠം 1958 ൽ തീർപ്പു കല്പിച്ചതിൽ കുറെക്കൂടി വ്യക്തമായി 1995 ൽ തീർപ്പു കല്പിക്കുവാൻ ഇടവരുകയില്ലായിരുന്നു മലങ്കരസഭയുടെ ശ്രേയസ്സും കാതോലിക്കാ സിംഹാസനത്തിന്റെ മഹിമയും എന്നതുമാത്രമായിരുന്നു ആ പിതാവിന്റെ ലക്ഷ്യം കൂടാതെ ഒരുകാര്യം കുടി എഴുതി അവസാനിപ്പിക്കുകയാണ് ഒരു സന്ദർഭത്തിൽ പ്രായാധിക്യം മൂലം ക്ഷീണിതനായപ്പോൾ താൻ ഇനിയും ഈ സ്ഥാനത്ത് തുടരുന്നത് ഏതെങ്കിലും കാരണത്താൽ സഭയ്ക്ക് പ്രയാസം വന്നേക്കാം എന്ന് തോന്നിയപ്പോൾ താൻ സ്ഥാന ത്യാഗം ചെയ്ത് കരുത്തനായ ഒരു പിൻഗാമിയെ ഭരണം ഏല്പിച്ച് കർമ്മ രംഗത്തുനിന്ന് പിൻമാറാനുള്ള ധീരമായ നിലപാടാണ് തന്റെ ശ്രേയസ്സിനെ വർദ്ധിപ്പിച്ചത്. മലങ്കര സഭയുടെ ചരിത്രത്തിൽ ഇദംപ്രഥമായിട്ടാണ് ഇങ്ങനെ ഒരു സംഭവമുണ്ടായത്.

◆

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ക്രമാതീതമായി വർദ്ധിച്ചുവരുന്ന അച്ചടിക്കൂലി. കടലാസ് വില അനുബന്ധ സാധനങ്ങളുടെ വില എന്നിവ നിമിത്തം മലങ്കരസഭ മാസികയുടെ വരിസംഖ്യയും പരസ്യനിരക്കും വർദ്ധിപ്പിക്കുവാൻ നിർബന്ധിതരായിട്ടുണ്ട്. മാന്യവായനക്കാർ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

പത്രാധിപർ

## വരിസംഖ്യ

**ഇന്ത്യയിൽ**

| | |
|---|---|
| ഒറ്റപ്രതി | : 6 രൂപ |
| ഒരു വർഷം | : 60 രൂപ |
| 5 വർഷം | : 300 രൂപ |
| 10 വർഷം | : 600 രൂപ. |

*വിദേശത്തേക്ക്*

ഒരു വർഷം : 15 ഡോളർ (യു.എസ്.)

## 2001 ജനുവരി മുതലുള്ള പരസ്യനിരക്കുകൾ

| | |
|---|---|
| Back Page (Colour) | 10000 |
| Back page (B/W) | 5000 |
| Front Inside | 3750 |
| Back Inside | 3500 |
| Full page | 3000 |
| Half page | 1750 |
| Quarter page | 1250 |
| Minimum | 750 |
| Favours Block (Stamp Size) | 300 |


## ആനപ്പാപ്പി
### രണ്ടാംപതിപ്പ്

ആനപ്പാപ്പി എന്ന സഭാചരിത്ര പ്രധാനമായ ജീവചരിത്രം ഡിസംബർ 21 നു പ്രകാശനം ചെയ്യുന്നതിനു മുമ്പ് പ്രീ പബ്ലിക്കേഷൻ വ്യവസ്ഥയിൽ വിറ്റു തീർന്നു. രണ്ടാം എഡീഷൻ 2001 ജനുവരി 3 ന് വില 75 രൂപ

"കാതോലിക്കേറ്റിന്റെ കാവൽഭടൻ" എന്ന ഔഗേൻ ബാവായുടെ ജീവചരിത്രം 50 രൂപയ്ക്കും 100 പാട്ടുള്ള ക്രിസ്തീയ ശതഗീതാഞ്ജലി എന്ന പാട്ടു പുസ്തകം (ഓഫ്സെറ്റ്) 10 രൂപയ്ക്കും വിറ്റുവരുന്നു. **കെ. വി. മാമ്മൻ കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം 18, ഫോൺ 578936**



## A PERFECT CHRITMAS GIFT

"Identity and Integration of the Orthodox Church in India"

By **Fr. Philip Kuruvilla** (Mth., Oxford)

A Candid and provocative book that deals with questions asked by youngsters brought up outside kerala.

**Rs. 95/- per copy (Postage free)**
**Send DD to: Fr Philip Kuruvilla,**
**NCCI, Christian Council Campus, Nagpur 440001**

7-ാം പേജിൽ നിന്നു തുടർച്ച

പുരുഷന്റെ ഓർമ്മദിനത്തിൽ അവനൽകുന്നതിനുള്ള ഒരു പ്രേരകമായിരിക്കാം.

മാർട്ടിൻ ലൂഥറുടെ മതനവീകരണത്തോടെ രൂപംകൊണ്ട പ്രൊട്ടസ്റ്റന്റുകാർക്ക് പരിശുദ്ധൻമാരും തിരുനാളുകളും വർജ്ജ്യമായിരുന്നു. എന്നാൽ ജനമനസുകളിൽ ആഴത്തിൽ പതിഞ്ഞ ഹേമന്തസമ്മാനദിനവും സാന്താക്ലോസും ഒഴിവാക്കു പ്രായോഗികമല്ലായിരുന്നു. അതിനാൽ അവർ സമ്മാനദിനം ക്രിസ്തുവിന്റെ ജന്മദിനമായ ഡിസംബർ 25ലേക്കു മാറ്റി. സാന്താക്ലോസ് പരിശുദ്ധൻ എന്ന നിലയിൽ നിന്നും കൂടുതൽ ഇതിഹാസ കഥാപാത്രമായി മാറി. ഇപ്പോഴും പലയൂറോപ്യൻ കത്തോലിക്കാ രാജ്യങ്ങളിലും ഡിസംബർ ആറിനു തന്നെയാണ് ഹേമന്ത സമ്മാനദിനം.

സുറിയാനി പാരമ്പര്യത്തിൽ മൂറായുടെ എപ്പിസ്കോപ്പ ആയ സോഖ എന്ന പേരിലാണ് ഇദ്ദേഹം അറിയപ്പെടുന്നത്. അക്കാലത്ത് റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ ഒരാൾക്ക് രണ്ടു പാരമ്പര്യത്തിലുള്ള പേരുകൾ സാധാരണമായിരുന്നു. ഉദാഹരണം ദിദിമോസ് എന്ന തോമസ് യോഹന്നാൻ എന്ന ഈവാനിയോസ് മുതലായവ സുറിയാനി പാരമ്പര്യത്തിൽ നിക്കോളോവോസ് എന്ന പേരും അപൂർവമായി പ്രയോഗിച്ചിരുന്നു. ധനു ആറിനാണ് പഴയ കണക്കിന് ഇദ്ദേഹത്തിന്റെ ഓർമ്മദിനം സുറിയാനി സഭയിൽ കൊണ്ടാടിയിരുന്നത്.

അന്ത്യോഖ്യൻ സഭാപാരമ്പര്യത്തിലൂടെയാണ് സെന്റ് നിക്കോളാസ് കേരളത്തിൽ അറിയപ്പെട്ടു തുടങ്ങിയത്. അത് മാർസോഖ എന്ന പേരിലായിരുന്നുതാനും. കേരളത്തിൽ ഇദ്ദേഹത്തെപ്പറ്റിയുള്ള ആദ്യ പരാമർശനങ്ങൾ 18-ാം നൂറ്റാണ്ടിൽത്തന്നെ കാണാനുണ്ട്. 1793ലെ ചാത്തന്നൂർ പഞ്ചാംഗത്തിൽ ധനു ആറ് മാർ നിക്കലവേസിന്റെ ഓർമ്മയായി ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മാർസോഖ എന്ന പേരിനായിരുന്നു കേരളത്തിൽ കൂടുതൽ പ്രചാരം 1872-ൽ ഇടവഴിക്കൽ പീലിപ്പോസു കോർഎപ്പിസ്കോപ്പയും 1907 ലും 1908 ലും കാരുചിറ ഗീവർഗീസ് റമ്പാനും പ്രസിദ്ധീകരിച്ച സഭാ പഞ്ചാംഗങ്ങളിൽ മാർ സോഖോയുടെ ഓർമ്മ എന്ന രീതിയിലാണ് ധനു ആറ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇദ്ദേത്തിന്റെ പേരിൽ കേരളത്തിൽ പള്ളികൾ ഇല്ലാത്തതിനാലും ഇദ്ദേഹത്തിന്റെ പെരുന്നാൾ നിർബന്ധിതമായും ആഘോഷിക്കേണ്ട ഗണത്തിൽ പെടാത്തതുകൊണ്ടും ഈ പെരുനാളും പരിശുദ്ധനും കേരളത്തിൽ പ്രചാരം നേടിയില്ല അതിനാൽ അദ്ദേഹത്തിന്റെ തിരുശേഷിപ്പ് കേരളത്തിലെത്തിയ വിവരം ആരും അറിഞ്ഞില്ല

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ പാമ്പാക്കുട സെന്റ് ജോൺസ് വലിയ പള്ളിയുടെ മുമ്പിലുള്ള കുരിശടിയിലാണ് മറ്റ് മൂന്ന് തിരുശേഷിപ്പുകളോടൊപ്പം സെന്റ് നിക്കോളാസെന്ന മൂറായുടെ എപ്പിസ്ക്കോപ്പായായ മാർ സോഖയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിരിക്കുന്നത്. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ പരമ്പരാഗത വൈദികാദ്ധ്യാപകരായ കോനാട്ടു മല്പാന്മാരുടെ ആസ്ഥാന ദേവാലയമാണ് പാമ്പാക്കുട വലിയപള്ളി.

1824 ലാണ് കോനാട്ട് അബ്രഹാം മൽപ്പാൻ ഒന്നാമൻ പാമ്പാക്കുട വലിയ പള്ളി സ്ഥാപിച്ച് തങ്ങളുടെ ആസ്ഥാനം മാമലശേരിയിൽ നിന്നും അങ്ങോട്ട് മാറ്റിയത്. അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന ഗീവർഗീസ് മല്പാന്റെ ശിഷ്യനായിരുന്നു പുണ്യശ്ലോകനായ പരിശുദ്ധ പരുമല തിരുമേനി. അദ്ദേഹമാണ് സാന്താക്ലോസിന്റെ തിരുശേഷിപ്പ് പാമ്പാക്കുട എത്തിച്ചത്.

യേരുശലേമിലെ അന്ത്യോഖ്യൻ മേല്പട്ടക്കാരനായിരുന്ന ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അതിഥിയായി ആണ് 1895 ലെ വിശുദ്ധ വാരത്തിൽ പരിശുദ്ധ പരുമല തിരുമേനി യേരുശലേം സന്ദർശിച്ചത്. അദ്ദേഹത്തിന്റെ ആസ്ഥാനവും യേശുക്രിസ്തു അന്ത്യഅത്താഴം കഴിച്ച് അനുഷ്ടിച്ചു എന്നു വിശ്വസിക്കപ്പെടുന്ന സ്ഥലവുമായ മർക്കോസിന്റെ മാളികയിലായിരുന്നു താമസം. ആ ദയറായിലെ ചാപ്പലിൽ നിന്നാണ് പ. പരുമല തിരുമേനിക്ക് ഈ തിരുശേഷിപ്പ് ലഭിച്ചത്.

ഇവയെപറ്റി 1895 ൽ പ്രസിദ്ധീകരിച്ച തന്റെ 'ഊർശ്ലേം യാത്രാവിവരം' എന്ന യാത്രാവിവരണത്തിൽ പ. പരുമലതിരുമേനി ഇപ്രകാരം പറയുന്നു..... "അഴിക്കകത്തുതെക്കെ ഭിത്തിയിൽ അനേകം പരിശുദ്ധൻമാരുടെ അസ്ഥികളും കർത്താവിന്റെ വിശുദ്ധ കുരിശിന്റെ തുലോം ലഘുവായ ഒരംശവും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പ്രത്യേക അപേക്ഷയാൽ അവയിൽ ചിലതു ബാവ നമുക്കു തന്നു."

ഇവയടക്കം വിശുദ്ധ നാടുകളിൽ നിന്നും കൊണ്ടുവന്ന ആറ് വിശുദ്ധ വസ്തുക്കൾ പരുമല തിരുമേനി ഗുരുദക്ഷിണയായി കോനാട്ട് കുടുംബത്തിനു നൽകി. ഗുരുവായ ഗീവർഗീസു മല്പാൻ (പിന്നീട് മാർ യൂലിയോസ് മെത്രാപ്പോലീത്ത) 1884-ൽ കാലം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായ മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പയാണ് ഇവ സ്വീകരിച്ചത്. അതീവ ഗുരുഭക്തനായിരുന്ന തിരുമേനി സ്വന്തം കൈപ്പടയിലെഴുതിയ ഒരു സുറിയാനി സുവിശേഷ പുസ്തകവും കോനാട്ടു കുടുംബത്തിന് ഇതോടൊപ്പം നൽകി.

ഈ വിശുദ്ധ വസ്തുതകൾ സ്വീകരിച്ച മാത്തൻ മൽപ്പാൻ തന്റെ 1895 - 1903 കാലഘട്ടത്തിലെ വൃത്താന്തപുസ്തകത്തിൽ (നമ്പർ 54) ഈ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം തന്നെയാണ് ഇപ്പോഴത്തെ സ്ഥലത്ത് 1903 ൽ വിശുദ്ധ നിക്കോലോവാസിന്റെ തിരുശേഷിപ്പ് സ്ഥാപിച്ചതും.

പാമ്പാക്കുട വലിയപള്ളിയോളം തന്നെ പഴക്കമുള്ള പടിഞ്ഞാറെ നടയിലുള്ള കുരിശടിയിലാണ് ആറു തിരുശേഷിപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്. കുരിശടിയിലെ അൾത്താരപോലുള്ള ഭാഗത്ത്. ദൈവമാതാവിന്റെ മുലപ്പാൽ വീണ സ്ഥലത്തെ മണ്ണ്, സ്പർനാക്ക്, ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് എന്നിവ വടക്കുവശത്തും, നിക്കോളസ്, ശ്മൂയേൽ, കുറിയാക്കോസ് സഹദാ ഇവരുടെ തിരുശേഷിപ്പുകൾ തെക്കുവശത്തു അടച്ച് സീൽ ചെയ്ത പേടകങ്ങളിൽ സൂക്ഷിച്ചിരുന്നത്. മൂറായുടെ എപ്പിസ്കോപ്പയായ മാർസോഖെ എന്നാണ് ഈ പേടകത്തിൽ എഴുതിയിരിക്കുന്നത്.

കേരളത്തിൽ ക്രിസ്തുമസ് ഫാദർ എന്ന സങ്കൽപ്പം പ്രചരിപ്പിച്ചത് പാശ്ചാത്യർ - വിശിഷ്യ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനികളിലൂടെയാണ്. അതിനാൽ സുറിയാനി പാരമ്പര്യത്തിലൂടെ വന്ന തിരുശേഷിപ്പുമായി ആരും ബന്ധപ്പെടുത്തിയില്ല. പാമ്പാക്കുട എന്ന ഗ്രാമത്തിൽ ആരും അറിയാതെ ആ തിരുശേഷിപ്പ് ഇപ്പോഴും സ്ഥിതി ചെയ്യുന്നു.

സീൽ ചെയ്ത പേടകത്തിൽ തിരുശേഷിപ്പിന്റെ ഏതുഭാഗമാണുള്ളതെന്ന് ആർക്കും അറിയില്ല. ആ പേടകം തുറക്കാൻ കോനാട്ടു കുടുംബത്തിന്റെ ഇന്നത്തെ പിന്തുടർച്ചാവകാശിയായ ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് തയാറുമല്ല. ക്രിസ്മസ് അപ്പൂപ്പൻ കുട്ടികൾക്കു നൽകുന്ന സമ്മാനം പോലെ അതൊരു നിത്യ രഹസ്യമായി ശേഷിക്കാനാണിട.



# ബൈബിൾപഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി-682 308

## *വി. യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം*

### *ചോദ്യം*

1) ഈ ലേഖനം ആരെ അഭിസംബോധന ചെയ്തെഴുതിയിരിക്കുന്നു.

2) പാരമ്പര്യം അനുസരിച്ച് ഗായോസ് ആരാകുന്നു?

3) കത്തെഴുതുമ്പോൾ സംബോധന ചെയ്യുന്ന ആളിന്റെ സൗഖ്യ വർത്തമാനങ്ങൾ ആദ്യം ആരായണം എന്നതിന് തെളിവായ വേദവാക്യം എഴുതുക?

4) യോഹന്നാൻ ശ്ലീഹായെ ഏറ്റവും അധികം സന്തോഷിപ്പിച്ച കാര്യം എന്ത്?

5) (v:6) അവർ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തിന് സാക്ഷ്യം പറഞ്ഞിരിക്കുന്നു. ആരാണ് അവർ?

6) ദിയൊത്രെഫേസ് ആരാണ്?

7) സഞ്ചാര സുവിശേഷകരുടെ നേതാവ് ആരാണ്?

8) നാം എന്ത് അനുകരിക്കണം എന്നാണ് ശ്ലീഹാ ആവശ്യപ്പെടുന്നത്?

9) നാം സത്യത്തിനു കൂട്ടു വേലക്കാർ ആകേണ്ടതിനു എന്തു ചെയ്യണം?

10) (v:15) വാക്യത്തിൽ പറയുന്ന "സ്നേഹിതന്മാർ" എന്നതിന്റെ വ്യാഖ്യാനം എന്താണ്?

ഒക്ടോബർ ലക്കം ഉത്തരം എല്ലാം ശരിയാക്കിയവരുടെ പേരുവിവരം താഴെ ചേർക്കുന്നു:-

1) മോളി മാത്യു, നാരങ്ങാനം, 689642

2) കെ. സി. ഏലിസബേത്ത് തമ്പി, കൂത്താർ, പനമ്പള്ളി നഗർ, കൊച്ചി-36

3) ആലീസ് ഏബ്രഹാം, അൻതാരിയത്തു, കോയമ്പത്തൂർ

## *വി. യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം*

### *ഉത്തരം*

1) സത്യം നമ്മിൽ വസിക്കണം; നമ്മോടുകൂടെ എപ്പോഴും ഇരിക്കണം (v:1)

2) സ്നേഹം, സത്യം, കൃപ, കനിവ്, സമാധാനം (v:3)

3) സഭാമക്കൾ സത്യത്തിൽ നടക്കുന്നതു കണ്ടിട്ട്. (v:4)

4) ദൈവത്തിന്റെ കല്പനകളെ അനുസരിച്ചു നടക്കുന്നത് തന്നേ സ്നേഹം ആകുന്നു. (v:6)

5) യേശുക്രിസ്തു ജഡത്തിൽ വന്നവൻ എന്ന് സ്വീകരിക്കാത്തവർ (v:7)

6) ക്രിസ്തുവിന്റെ ഉപദേശത്തിൽ നില്ക്കാതെ അതിർ കടന്നു പോകുന്നവരെ (v:9)

7) അവരെ വീട്ടിൽ കൈക്കൊള്ളരുത്, കുശലം പറയരുത് (v:10)

8) കർത്താവ് അരുളി ചെയ്തത് വ്യത്യസ്ഥ സാഹചര്യത്തിലാണ്. വേദവിപരീതികളെ .സൽക്കരിച്ചാൽ അതു വേദവിപരീതത്തെ പ്രോത്സാഹിപ്പിക്കുന്നത് ആകും. വിശ്വാസത്തിൽ വേരുന്നി ഉറയ്ക്കാത്തവർ അവരുമായി സമ്പർക്കത്തിൽ തെറ്റിപ്പോകാമെന്നുള്ളത് കൊണ്ടാണ്, വീട്ടിൽ കയറ്റരുത്, കുശലം പറയരുത് എന്നു പറയുന്നത്. അതായത് സ്വന്ത വിശ്വാസം പഠിക്കാതെ മറ്റുള്ളവരുമായുള്ള അന്ധമായ കൂട്ടുകെട്ടിലേക്ക് പോകുന്നതു ദോഷകരമാണ്.

9) ക്രൈസ്തവ സഭ ഒരു കുടുംബമാണ്. പ്രാദേശിക സഭകളെ/ സഹോദരീസഭകളായി പരിഗണിക്കാം. ഒരു സഭയിലെ മക്കൾ മറ്റൊരു സഭയിലെ മക്കൾക്ക് അഭിവാദനം നല്കുന്നു.

പഠനവേദി

### പരിസ്ഥിതിയുടെ ആത്മീയത - VI

# മനുഷ്യൻ പ്രകൃതിയുടെ ഭാഗമോ

*പ്രൊഫ. കെ. പി. ജോയി*

**ജീ**വവൃക്ഷത്തിലെ ഏറ്റവും വിശിഷ്ടമായ ഫലമാണ് മനുഷ്യൻ എന്ന് പ്രസിദ്ധ പരിണാമ സൈദ്ധ്യാന്തികനും നരവംശശാസ്ത്രജ്ഞനുമായ പി. എം. മൂഡി (Moody P.A. Introduction to Evolution, 1978) രേഖപ്പെടുത്തിയിരിക്കുന്നു. പരിണാമത്തിന്റെ മകുടം എന്നാണ് മറ്റൊരു പരിണാമശാസ്ത്രജ്ഞനായ ജൂലിയൻ ഹക്സലി മനുഷ്യനെ വിശേഷിപ്പിച്ചത്. സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലും "ദൈവത്തേക്കാൾ അല്പം താഴ്ത്തി' (സങ്കീ. 8:5)യാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന് സാക്ഷ്യപ്പെടുത്തുന്നതുകൊണ്ടു തന്നെ സൃഷ്ടിയിലെ അഗ്രിമസ്ഥാനമാണ് വേദപുസ്തകവും മനുഷ്യന് നൽകിയിരിക്കുന്നത്.



ജീവന്റെ ചരിത്രത്തിലെ ഏറ്റവും ഒടുവിലത്തെ അദ്ധ്യായത്തിലാണ് മനുഷ്യൻ പ്രത്യക്ഷപ്പെടുന്നതെങ്കിലും കോടാനുകോടി വർഷങ്ങളിലെ പരിണാമ പ്രക്രിയ അവനു സമ്മാനിച്ചു ചില വൈശിഷ്ട്യ സ്വഭാവങ്ങളാണ് മനുഷ്യനിൽ ഈ ഔന്നത്യത്തിന്റെ കിരീടം ചാർത്തിയത്. പ്രധാനമായും 'മനുഷ്യന്റെ മനസ്സും തലച്ചോറു'മാണ് പരിണാമ ചരിത്രത്തിലെ ഏറ്റവും വലിയ വിജയം. ഇതു മനുഷ്യനെ അറിവു സമ്പാദിക്കുന്നതിനും, ചിന്തിപ്പിക്കുന്നതിനും, സംസാരിക്കുന്നതിനും, വൈകാരികമായും സൗന്ദര്യബോധത്തോടും പ്രകൃതിയെ അടുത്തറിയുന്നതിനും സഹായിച്ചു. വൈശിഷ്ട്യമാർന്ന മനസ്സും തലച്ചോറും വികസിപ്പിച്ചെടുത്തു വെന്നു മാത്രമല്ല, ഘടനാപരമായും മനുഷ്യൻ പരിണാമത്തിന്റെ മകുടമാണെന്നു പറയാം. നേരെ നിവർന്നു നിൽക്കാൻ കഴിയുന്ന ശരീരഘടന, ഇരു കാലുകളിൽ ചലിക്കാനുള്ള കഴിവ്, വലിയ തലച്ചോറുൾക്കൊള്ളാനുള്ള കപാലവ്യാസം (cranial capacity-900-2300cm$^3$), ഉയർന്ന ബുദ്ധിശക്തി, ആക്രമിക്കാനും, പിടിക്കാനും, കീഴടക്കാനും സഹായിക്കത്തക്കവണ്ണം മറ്റു വിരലുകൾക്കു വിപരീതമായി നിൽക്കുന്ന കയ്യിലെ തള്ളവിരൽ (opposable thumb), ത്രിമാന കാഴ്ചശക്തിയുള്ള നേത്രങ്ങൾ, പരിമിതമായി മാത്രം രോമമുള്ള നഗ്നമായ ശരീരം, സമ്മിശ്ര ആഹാരരീതി, സംസാരിക്കുന്നതിനുള്ള കഴിവ്, സംസ്ക്കാരമുള്ള പെരുമാറ്റ രീതി, സാമൂഹ്യമായും കുടുംബമായും ജീവിക്കുന്നതിനുള്ള സാമർത്ഥ്യം-എല്ലാം മനുഷ്യനു മാത്രമുള്ള പ്രത്യേക സ്വഭാവവൈശിഷ്ട്യങ്ങളാണ്. വലിയ കഴിവും സ്ഥാനവും വലിയ ഉത്തരവാദിത്വവുമായി ബന്ധപ്പെട്ടതാണ്. തന്റെ സഹസൃഷ്ടികളെ സ്നേഹത്തോടും വിവേകത്തോടും സംരക്ഷിക്കാൻ ഈശ്വരൻ നൽകിയ വരദാനമാണ് ഈ വിശിഷ്ട കഴിവുകൾ.

യഹോവയായ ദൈവം താൻ സൃഷ്ടിച്ച മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻ തോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും ആക്കി. ഉൽപ. 2:15. ഉത്തരവാദിത്വമുള്ള കാര്യവിചാരകത്വം എന്ന വലിയ പദവിയാണ് യഹോവയായ ദൈവം ഇതുവഴി മനുഷ്യനു നൽകിയത്.

പക്ഷെ മനുഷ്യൻ ചെയ്തതെന്താണ്? ലോകം അവൻ മുഖാന്തിരം ഉളവായി. ലോകമോ അവനെ അറിഞ്ഞില്ല. (യോഹന്നാൻ 1:10) സഹസൃഷ്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേക കഴിവുകൾ നൽകി അനുഗ്രഹിച്ച സൃഷ്ടാവിനെ മനുഷ്യൻ മറന്നു. മാത്രമല്ല, മറ്റു ജീവജാലങ്ങൾ പ്രകൃതിയുമായി ഇണങ്ങി ജീവിച്ചപ്പോൾ ഈ വിശിഷ്ട കഴിവുകളുപയോഗിച്ച് മനുഷ്യൻ പ്രകൃതിയെ തന്നോടിണക്കി. കാട് നാടാക്കി, നാടു നഗരമാക്കി. കൃഷി ചെയ്യുന്ന മണ്ണും ശ്വസിക്കുന്ന വായുവും കുടിക്കുന്ന വെള്ളവും കഴിക്കുന്ന ഫലസസ്യങ്ങളും മലിനീകരണത്താൽ ഉപയോഗശൂന്യമാക്കി. അണുപ്രസരണവും ശബ്ദമുഖരിതവുമായ അന്തരീക്ഷവും സൃഷ്ടിച്ച് ഭീകരതയുടെ ആഴം വർദ്ധിപ്പിച്ചു. രാസവളങ്ങളുടെയും കീടനാശിനികളുടെയും ക്രമാതീതവും തുടർച്ചയായുമുള്ള പ്രയോഗത്തിലൂടെ മണ്ണിന്റെ ഘടനയെ തന്നെ മാറ്റിമറിച്ചു. ആഗോള താപനിലഉയർത്തുന്നതിനു സഹായിക്കുന്ന കാർബൺഡയോക്സൈഡ്. ക്ലോറോഫ്ളൂറോ കാർബൺ, മീതൈൻ, നൈട്രജൻ ഓക്സൈഡുകൾ എന്നിവ അമിതമായ വ്യവസായവൽക്കരണത്തിലൂടെ സൃഷ്ടിച്ചു. ഫലമോ? ആഗോള താപനില 4-6°C വരെ ഉയരുമെന്നു കരുതുന്നു. കൊടും ചൂടിൽ അന്റാർട്ടിക്, ആർട്ടിക് പ്രദേശങ്ങളിലെ മഞ്ഞുരുകി കടൽവെള്ളം നാലടിയോളം ഇനിയും ഉയരും. തദ്ഫലമായി ലോകത്തിലെ ഒട്ടുമിക്കവാറും തീരപ്രദേശങ്ങളും, ആഫ്രിക്ക, ഏഷ്യ, യൂറോപ്പ്, ലാറ്റിൻ അമേരിക്ക, കരിബിയൻ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ അമ്പതോളം ദ്വീപുകളും അധികം താമസിയാതെ വെള്ളത്തിനടിയിലാവും. പാരിസ്ഥിതി നാശം മൂലം ഉണ്ടാവുന്ന അഭയാർത്ഥി പ്രവാഹം തുടരും. ഭൂമിയുടെ ഘടികാരത്തിനു ഭ്രാന്ത് വിതയ്ക്കുന്ന ഈ പ്രതിഭാസത്തിന് ആഗോളഉഷ്ണീകരണം അഥവാ ഹരിതഗ്രഹപ്രഭാവം (Green House Effect) എന്നാണു പേര്. തന്മൂലം കാലാവസ്ഥയിലും മാറ്റം വരുന്നു. ഇടവപ്പാതിയും തുലാവർഷവും താളം തെറ്റിവരുന്നു. മഴ എത്ര പെയ്താലും വരൾച്ച നമ്മെ ഗ്രസിക്കുന്നു. കുടിവെള്ളത്തിനായുള്ള ക്യൂവിന്റെ ദൈർഘ്യം ഓരോ വർഷം തോറും കൂടുന്നു. കൊടുങ്കാറ്റും, പേമാരിയും, ഉഗ്ര വരൾച്ചയും, ഭൂമികുലുക്കവും സംഹാരതാണ്ഡവം നടത്തുന്ന കാലം വിദൂരമല്ല.

ഒരു കുടപോലെ ഭൂമിയെ പൊതിഞ്ഞു സൂക്ഷിക്കുന്ന ഔസോൺ പടലത്തിൽ ദ്വാരങ്ങൾ ഉണ്ടായതും മനുഷ്യന്റെ ഇടപെടൽ മൂലമത്രെ! അമിത സുഖജീവിതത്തിനുവേണ്ടി നമ്മൾ നിർമ്മിച്ച എയർ കണ്ടീഷനർ, റഫ്രിജറേറ്റർ, ഫോം മെത്തകൾ, ഹെയർസ്പ്രേ എന്നിവയിലടങ്ങിയിരിക്കുന്ന ക്ലോറോഫ്ളൂറോ കാർബൻ (CFC) എന്ന രാസവസ്തുവാണിതിനു കാരണക്കാരൻ. ഈ ദ്വാരങ്ങൾ വഴി അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ പതിച്ച് ജീവലാജങ്ങളുടെ ശരീരഘടനയിൽ ഹാനികരമായ മാറ്റങ്ങൾ വരുത്തുന്നു. അന്ധതയും ക്യാൻസറും പനിപോലെ പടർന്നു പിടിക്കുന്നു. അമ്ളമഴ (Acid rain) സൃഷ്ടിച്ചതും മനുഷ്യൻ തന്നെ. ഫാക്ടറികളിൽ നിന്നുയരുന്ന വിഷപ്പുകയിലെ ഘടകമായ സൽഫർ ഡയോക്സൈഡ് അന്തരീക്ഷത്തിലെ ഈർപ്പവുമായി കലർന്ന് സൾഫ്യൂരിക് ആസിഡ് ആയി മാറുന്നു. സൽഫ്യൂറിക്കാസിഡ് മഴവെള്ളത്തിൽ ലയിച്ച തീമഴ (acid rain) ഉണ്ടാവുന്നു. തന്മൂലം ശ്വാസകോശ രോഗങ്ങൾ കൂടി വരുന്നു. ലോഹങ്ങളും കല്ലുകളും രാസപ്രവർത്തനത്തിനു വിധേയമാവുന്നു. മണ്ണിന്റെ അമ്ളാംശംകൂടി ഉൽപ്പാദനശേഷി കുറയുന്നു.

ഉപഭോക്ത സംസ്ക്കാരത്തിന്റെ കടന്നുകയറ്റത്തിൽ കാടും മരങ്ങളും മനുഷ്യന്റെ ശത്രുക്കളായി മാറി. ഒരു മിനിറ്റിൽ 40 ഹെക്ടർ എന്ന തോതിലാണ് ഈ ഭൂമുഖത്തു നിന്നും മഴക്കാടുകൾ തുടച്ചു മാറ്റപ്പെടുന്നത്. ചൂഷണത്തിന്റെ ഇരകളായി ജൈവവൈവിദ്ധ്യം നാൾക്കുനാൾ നഷ്ടപ്പെടുന്നു. അപൂർവങ്ങളായ സസ്യങ്ങളുടെയും പറവകളുടെയും, പക്ഷികളുടെയും ഉരഗങ്ങളുടെയും വംശം തന്നെ അന്യം നിന്നുപോകുന്നു. മാത്രമല്ല, വനനശീകരണം മരുവൽക്കരണത്തിനും മണ്ണൊലിപ്പിനും ഇടവരുത്തുന്നു. ഭൂമിയുടെ 61% ഇപ്പോൾ തന്നെ മരുവൽക്കരണത്തിന്റെ പിടിയിലാണ്.

ഊർജപ്രതിസന്ധി നാൾക്കുനാൾ കൂടി വന്നു. വൈദ്യുതിക്ഷാമം നിത്യസംഭവമായി. ഡോ. സ്വാമി നാഥൻ പറഞ്ഞു. "ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഒരുപക്ഷേ എല്ലാവർക്കും ആവശ്യത്തിനുള്ള ഭക്ഷ്യസാധനങ്ങൾ ഉൽപാദിപ്പിക്കാൻ ശാസ്ത്രനേട്ടങ്ങൾക്കു കഴിഞ്ഞേക്കും. പക്ഷേ അതു പാകം ചെയ്യുന്നതിനുള്ള ഊർജം ഉൽപാദിപ്പിക്കാൻ നമുക്കാവില്ല". ഊർജം ഉൽപാദിപാക്കാനുള്ള പുതിയ മാർഗങ്ങൾ തേടി നാം പരക്കം പായുന്നു. അണുപ്രസരണം വഴി ചെർണോവിലും ത്രിമൈൽ അയലൻഡിലും അരങ്ങേറിയ ദുരന്തം കൈനീട്ടി വാങ്ങിക്കാൻ ഊർജോൽപാദനത്തിനുവേണ്ടി, നാം ആണവ നിലയങ്ങളെപ്പോലും സ്വാഗതം ചെയ്യുന്നു.




മണ്ണ് മരിച്ചു കഴിഞ്ഞു. പരമ്പരാഗത കൃഷി സമ്പ്രദായങ്ങളെ അവഗണിച്ച് ഹരിതവിപ്ലവം എന്ന കപടനാടകം, ബയോടെക്നോളജി, ജനറ്റിക് എൻജിനീയറിംഗ്, ക്ളോണിംഗ് എന്നിവയുമായി കൂട്ടുകൂട്ടി ചൂഷണസാദ്ധ്യതയുള്ള വിൽപ്പനചരക്കായി രംഗപ്രവേശനം ചെയ്യാൻ ശ്രമിക്കുന്നു. തന്മൂലം ജീവജാലങ്ങളുടെ മുഖച്ഛായതന്നെ മാറിപ്പോകുന്നു.

### എന്താണു ഇതിനു കാരണം?

ആധുനികമെന്നും, പരിഷ്കൃതമെന്നും, ശാസ്ത്രത്തിന്റെ മഹത് സംഭാവനയെന്നും നാം വിശേഷിപ്പിക്കുന്ന നമ്മുടെ കൃഷി സമ്പ്രദായങ്ങൾ, വ്യവസായശാലകൾ, ഗതാഗതമാർഗങ്ങൾ, അണക്കെട്ടുകൾ, ആണവനിലയങ്ങൾ, ഫാഷൻഭ്രമം, സുഖസൗകര്യങ്ങളെക്കുറിച്ചുള്ള സ്വപ്നങ്ങൾ, സർവ്വോപരി ആധുനിക ഉപഭോക്തസംസ്ക്കാരം ഇവയെല്ലാമാണ് ഈ ആഗോള പാരിസ്ഥിതിക-ദുരന്തം വരുത്തിവെച്ചത്. മനുഷ്യൻ ഈ പ്രപഞ്ചത്തിന്റെ സർവ്വാധിപനാണെന്നും തന്റെ സുഖസമൃദ്ധിക്കായി ഈ ഭൂമിയെ ഇഷ്ടംപോലെ കയ്യടക്കാമെന്നും ഉള്ള മിഥ്യാധാരണയുടെ ഫലം.

ഒന്നാണ് പ്രകൃതി. വിഭിന്നങ്ങളായ ജീവജാലങ്ങളെ കോർത്തിണക്കുന്ന ജീവന്റെ അടിസ്ഥാനഘടനയും ഒന്നു തന്നെ. മണ്ണും, മരവും, മൃഗവും, മനുഷ്യനുമെല്ലാം ഈ ഒന്നിന്റെ അവിഭാജ്യഘടകങ്ങൾ മാത്രം. എല്ലാം പരസ്പരാശ്രിതവും പരസ്പരസ്പരബന്ധിതവുമാണ്. പ്രകൃതിയെയും ജീവനെയും മനുഷ്യനെയും പലതായി കണ്ടതാണീ അടിയന്തരാവസ്ഥയ്ക്കു കാരണം. ജീവന്റെ വല നെയ്തെടുത്ത ഈ പ്രപഞ്ചസംവിധാനത്തിലെ കണ്ണികൾ ഒന്നൊന്നായി പൊട്ടിക്കുന്ന മനുഷ്യ വികൃതിയുടെ ഫലം.

തുടരും

◆

**PRAYER TO THE HOLY SPIRIT**

HOLY SPIRIT, YOU MAKE ME SEE EVERYTHING AND SHOW ME THE WAY TO REACH MY IDEAL, YOU GIVE ME THE DIVINE GIFT TO FORGIVE AND FORGET THE WRONG DONE TO ME YOU ARE IN ALL INSTANCES OF MY LIFE, WITH ME.I IN THIS SHORT DIALOGUE WANT TO THANK YOU FOR EVERYTHING AND CONFIRM ONCE MORE THAT NEVER WANT TO BE SEPARATED FROM YOU NO MATTER HOW GREAT THE MATERIAL DESIRE MAY BE. I WANT TO BE WITH YOU AND MY LOVED ONES IN YOUR PERPETUAL GLORY. AMEN,

TINU PUNNOSE



# എക്യുമെനിക്കൽ പാത്രിയർക്കേറ്റ് - ഒരു ചരിത്രാവലോകനം

*വർഗീസ് ജോൺ, തോട്ടപ്പുഴ*

ക്രൈസ്തവ സഭയുടെ ചരിത്രത്തിലെ സുപ്രധാനമായ വഴിത്തിരിവിനെയാണ് പ്രസിദ്ധമായ കോൺസ്റ്റാന്റീനോപ്പിൾ (കുസ്തന്തീനോപ്പോലീസ്) നഗരം സൂചിപ്പിക്കുന്നത്.

യേശുക്രിസ്തുവിന്റെ ശിഷ്യസമൂഹത്തിൽ ആദ്യം അംഗത്വം ലഭിച്ച (യോഹന്നാൻ 1:40) വിശുദ്ധ അന്ത്രയോസ് ശ്ലീഹായാണ് എ.ഡി. 36-ൽ ബൈസാന്റിയത്തിൽ സഭ സ്ഥാപിച്ചത്. തുടർന്ന് ഇവിടത്തെ സഭ ത്രേസിലെ ഹെരാക്ലെയായുടെ ഒരു സാമന്ത ഭദ്രാസനമായി.

റോമാ ചക്രവർത്തി കോൺസ്റ്റന്റയിൻ (കുസ്തന്തീനോസ്) എ.ഡി. 330-ൽ റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം റോമിൽ നിന്ന് ബൈസന്റിയം (Byzantium) എന്ന പട്ടണത്തലേക്കു മാറ്റുകയും അതിനെ 'പുതിയ റോമാ' എന്നു വിശേഷിപ്പിക്കുകയും ചെയ്തു. കുസ്തന്തിനോസിന്റെ നഗരം എന്ന അർത്ഥത്തിൽ വൈകാതെ ഇതിനു കോൺസ്റ്റാന്റീനോപ്പിൾ (Constantinople) എന്ന പേരു ലഭിച്ചു. 1930 ലാണ് ഇസ്താംബുൾ (Istanbul) എന്ന പേരു ലഭിക്കുന്നത്.

എ.ഡി. 1453-ൽ ഓട്ടോമൻ ടർക്കികൾ കോൺസ്റ്റാന്റീനോപ്പിൾ കീഴടക്കുന്നതുവരെ സംസ്ക്കാരത്തിന്റെയും കലകളുടെയും ലോക കേന്ദ്രമായി ഈ നഗരം അറിയപ്പെട്ടിരുന്നു. ആധുനിക ലോകത്തിലെ ഏഴ് അദ്ഭുതങ്ങളിലൊന്നായി കരുതപ്പെടുന്ന ഹഗിയാ സോഫിയാ (സെന്റാ സോഫിയാ കത്തീഡ്രൽ) ഈ നഗരത്തിലാണ്. ജസ്റ്റീനിയൻ ഒന്നാമൻ ചക്രവർത്തി പണികഴിപ്പിച്ച് എ.ഡി. 538-ൽ കൂദാശ ചെയ്യപ്പെട്ട ഈ ക്രൈസ്തവദേവാലയം 1453-ൽ ഒരു മോസ്ക്കാക്കി മാറ്റി. 1935-ൽ ഇതൊരു മ്യൂസിയം ആക്കി ഓർത്തഡോക്സ് ക്രൈസ്തവരുടെ ഏറ്റവും പ്രധാന കേന്ദ്രമായിരുന്ന ഈ ദേവാലയം ബൈസന്റയിൻ ശില്പകലയുടെ ഉത്തമ ഉദാഹരണമാണ്.

എല്ലാ ക്രിസ്തീയ സഭകളും അടിസ്ഥാനരേഖയായി കരുതുന്ന വിശ്വാസപ്രമാണത്തിന് അന്തിമരൂപം കൊടുത്തത് എ.ഡി. 381-ൽ ഇവിടെ ചേർന്ന പൊതുസുന്നഹദോസാണ്. ഇവിടത്തെ മെത്രാനു പാത്രിയർക്കീസ് പദവി നൽകുന്നത് ഈ സുന്നഹദോസാണ്. എ.ഡി. 451-ലെ കാൽസിഡോൻ സുന്നഹദോസ് ഇവിടത്തെ പാത്രിയർക്കീസിനു റോമാ സാമ്രാജ്യത്തിലെ പാത്രിയർക്കീസുമാരുടെ ഇടയിൽ രണ്ടാം സ്ഥാനം നൽകി. (റോം, കോൺസ്റ്റാന്റീനോപ്പിൾ, അലക്സന്ത്രിയാ, അന്ത്യോഖ്യാ, ജറുശലേം എന്നാണ് ക്രമം).

ജസ്റ്റീനിയൻ ഒന്നാമൻ ചക്രവർത്തിയുടെ കാലത്ത് (527-565) കോൺസ്റ്റാന്റീനോപ്പിൾ പാത്രിയർക്കീസിനു 'സാർവത്രിക പാത്രിയർക്കീസ്' (Ecumenical Patriarch) എന്ന സ്ഥാനനാമം നൽകി. എ.ഡി. 588-ൽ 'നോമ്പുകാരൻ' എന്നറിയപ്പെടുന്ന ജോൺ നാലാമൻ (582-595) പാത്രിയർക്കീസാണ് ഈ സ്ഥാനനാമം ആദ്യമായി ഉപയോഗിച്ചത്. ഈ സ്ഥാനനാമം ഉപയോഗിക്കുന്നതിനെ റോമിലെ മാർപാപ്പാമാരായ പെലാജിയൂസ് രണ്ടാമനും (579-590) ഗ്രിഗറി ഒന്നാമനും (590-594) എതിർത്തിരുന്നു.

ഇക്കാലത്തൊക്കെയും റോമാസഭയും ബൈസന്റയിൻ സഭയും സംസർഗത്തിലായിരുന്നു. ഒമ്പതാം നൂറ്റാണ്ടിൽ വഷളായി തുടങ്ങിയ ഈ ബന്ധം ലിയോ ഒമ്പതാമൻ മാർപാപ്പായുടെയും മിഖായേൽ സെറുലറിയസ് പാത്രിയർക്കീസിന്റെയും കാലത്ത് എ.ഡി. 1054-ൽ വിച്ഛേദിക്കപ്പെട്ടു. എ.ഡി. 1204-ൽ നാലാം കുരിശുയുദ്ധക്കാർ കോൺസ്റ്റാന്റീനോപ്പിൾ ആക്രമിച്ചതോടെ ബന്ധം പൂർണമായി വിച്ഛേദിക്കപ്പെട്ടു. ഐക്യശ്രമങ്ങൾ പലപ്പോഴായി നടന്നുവെങ്കിലും ഒന്നും വിജയിച്ചില്ല. പോൾ ആറാമൻ മാർപാപ്പായും അത്തനാഗോറസ് പാത്രിയർക്കീസും 1964 ജനുവരി ആറാം തീയതി ജറുസലേമിൽ നടത്തിയ കൂടിക്കാഴ്ചയും തുടർന്ന് 1965 ഡിസംബർ ഏഴാം തീയതി 1054 ലെ മഹറോൻ പരസ്പരം പിൻവലിച്ചതും ഐക്യശ്രമത്തിലെ സുപ്രധാനമായ ചുവടുവയ്പുകളാണ്.

ഒമ്പതാം നൂറ്റാണ്ടു മുതലുള്ള കാലത്ത് ബൈസന്റിയൻ സഭ പൂർവ്വയൂറോപ്യൻ രാജ്യങ്ങളിൽ സുവിശേഷ പ്രവർത്തനം നടത്തി റഷ്യ, ബൾഗേറിയാ തുടങ്ങിയ രാജ്യങ്ങളിൽ ക്രൈസ്തവസഭ സ്ഥാപിച്ചതും സ്ലാവിക് ഭാഷയുടെ ലിപി സമ്പ്രദായം (സിറില്ലിക്) രൂപപ്പെടുത്തിയതും പുതിയൊരു സംസ്ക്കാരത്തിനു വഴിയൊരുക്കി.

എ.ഡി. 1054 ലെ വലിയ പിളർപ്പോടുകൂടിയാണ് ബൈസന്റയിൻ (ഗ്രീക്ക്) പാരമ്പര്യത്തിൽപെട്ട പൗരസ്ത്യ ഓർത്തഡോക്സ് പാത്രിയർക്കീസുമാരുടെ ഇടയിൽ കോൺസ്റ്റാന്റീനോപ്പിളിലെ പാത്രിയർക്കീസ് സമന്മാരിൽ മുമ്പൻ (primus inter pares = first among equals) ആയിത്തീരുന്നത്.

പുരാതന പാത്രിയർക്കേറ്റുകളായ കോൺസ്റ്റാന്റീനോപ്പിൾ, അലക്സന്ത്രിയാ, അന്ത്യോഖ്യാ, ജറുസലേം എന്നിവയും പാത്രിയർക്കീസുമാർ തലവന്മാരായ റഷ്യൻ, സേർബിയൻ, റുമേനിയൻ, ബൾഗേറിയൻ, ജോർജിയൻ എന്നീ സഭകളും മെത്രാപ്പോലീത്താമാരും ആർച്ച് ബിഷപ്പുമാരും തലവന്മാരായ സൈപ്രസ്, ഗ്രീസ് പോളണ്ട്, അൽബേനിയാ, ചെക്ക - സ്ലൊവാക്യ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകളും ഇന്ന് ബൈസന്റയിൽ (ഗ്രീക്ക്) സഭാ കുടുംബത്തിൽ ഉൾപ്പെടുന്നു. ഇവയിൽ അലക്സന്ത്രിയാ പാത്രിയർക്കീസ് 'പോപ്പ്' എന്നും ജോർജിയൻ സഭാ തലവൻ "കാതോലിക്കോസ്" എന്നും അറിയപ്പെടുന്നു. ഇവയെല്ലാം ഓട്ടോസെഫാലസ് (സ്വയം ശീർഷകത്വമുള്ള) സഭകളാണ്. സീനായ് മലയിലെ ആശ്രമ സഭയും എസ്തോണിയാ, ഫിൻലണ്ട്, ജപ്പാൻ, ചൈന തുടങ്ങിയ രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകളും ഓട്ടോണമസ് (സ്വയം ഭരണാവകാശമുള്ള) സഭകളാണ്. ഇവ കൂടാതെ കോൺസ്റ്റന്റീനോപ്പിളിനു കീഴിലുള്ള ഏഴു കാനോനിക സഭകളെയും കാനോനികാംഗീരമില്ലാത്ത എട്ടു സഭകളെയും ബൈസന്റയിൻ സഭാ കുടുംബത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഏതാണ്ട് പൂർണ്ണമായും വംശീയ-ദേശീയ അടിസ്ഥാനത്തിലാണ് ഈ സഭകളെല്ലാം പ്രവർത്തിക്കുന്നത്. ഇവയിലെല്ലാം കൂടി 25 കോടിയിലധികം അംഗങ്ങളുണ്ട്. ഈ സഭകളുടെ എല്ലാം ആത്മീയ നേതാവാണെങ്കിലും എക്യുമെനിക്കൽ പാത്രിയർക്കീസിനു ഓരോ സഭയുമായുള്ള ബന്ധം വ്യത്യസ്തതരത്തിലാണ്.

പുതിയ റോമായായ കോൺസ്റ്റാന്റീനോപ്പിളിലെ ആർച്ച് ബിഷപ്പും എക്യുമെനിക്കൽ പാത്രിയർക്കീസും (Archbishop of Constantinople, New Rome and Ecumenical Patriarch) എന്നാണ് കോൺസ്റ്റാന്റീനോപ്പിളിലെ സഭാദ്ധ്യക്ഷന്റെ ഔദ്യോഗിക സ്ഥാനപ്പേര്. His All Holiness എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഏക സഭാദ്ധ്യക്ഷനാണ് ഇദ്ദേഹം. ടർക്കിയിൽ ഇസ്താംബുളിലെ 'ഫാനർ' എന്നറിയപ്പെടുന്ന ഗ്രീക്ക് ഭാഗത്താണ് ആസ്ഥാനം. ടർക്കിയിൽ താമസിക്കുന്ന ടർക്കിഷ് പൗരന്മാരായ മെത്രാപ്പോലീത്താമാർ ചേർന്നത് പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നത്. 1923-ലെ ലൂസാൻ (Lausanne, Switzerland) സന്ധി പ്രകാരം കോൺസ്റ്റാന്റീനോപ്പിളിലെ ഗ്രീക്ക് ക്രൈസ്തവരെ സംരക്ഷിക്കാൻ ടർക്കിഷ് റിപ്പബ്ലിക്ക് ബാദ്ധ്യസ്ഥരാണ്. ടർക്കിയിലെയും ചില ഗ്രീക്ക് ദ്വീപുകളിലെയും സഭാംഗങ്ങളുടെമേൽ പാത്രിയർക്കീസിന് നേരിട്ട് അധികാരമുണ്ട്. ഉത്തരഗ്രീസിൽ നാമമാത്രാധികാരവുമുണ്ട്. പശ്ചിമയൂറോപ്പ്, വടക്കു-തെക്ക് അമേരിക്കകൾ, ആസ്ട്രേലിയാ, ന്യൂസിലാണ്ട് തുടങ്ങിയ രാജ്യങ്ങളിലെ ചില ബൈസന്റയിൻ ഭദ്രാസനങ്ങളുടെ മേലും പാത്രിയർക്കീസിന് അധികാരമുണ്ട്. ഇവ കൂടാതെ ഏഴു കാനോനിക സഭകൾ കോൺസ്റ്റാന്റീനോപ്പിളിനു കീഴിലുണ്ട്. എക്യുമെനിക്കൽ പാത്രിയർക്കേറ്റിൽ ആകെ 35 ലക്ഷം അംഗങ്ങളുണ്ട്.

വിശുദ്ധ അന്ത്രയോസ് ശ്ലീഹാമുതൽ പരിശുദ്ധ ബർത്തലോമിയാ ഒന്നാമൻ വരെ 270 പേരാണ് ഇവിടെ പാത്രിയർക്കീസുമാരായിട്ടുള്ളത്. (റോം ഉൾപ്പെടെ മറ്റൊരു പാത്രിയർക്കേറ്റിലും ഇത്രയും പേർ സഭാദ്ധ്യക്ഷന്മാരായിട്ടില്ല). ഓട്ടോമൻ ടർക്കിഷ് ആക്രമണ കാലത്തും (1450-64) ഫ്രാങ്കിഷ് ആക്രമണ കാലത്തും (1240-44) മറ്റ് രണ്ടു സന്ദർഭങ്ങളിലും (980-984; 1918-21) മാത്രമേ ദീർഘകാലം സിംഹാസനം ഒഴിഞ്ഞു കിടന്നിട്ടുള്ളു. ഒരിക്കൽ മാത്രം കോൺസ്റ്റാന്റീനോപ്പിളിനു പുറത്ത് പാത്രിയർക്കാ ആസ്ഥാനം മാറ്റേണ്ടതായി വന്നിട്ടുണ്ട്. ലത്തിൻകാർ നഗരം കീഴടക്കിയപ്പോൾ 57 വർഷക്കാലം (1204-61) നിഖ്യാ ആസ്ഥാനമാക്കേണ്ടതായി വന്നു. അഞ്ചാം തുബ്ദേനിൽ നാം സ്മരിക്കുന്ന മൂന്നു പേർ - ഗ്രീഗോറിയോസ് (379-381), അന്തീമോസ് (536), ഇവാനിയോസ് (398-404) - ഇവിടത്തെ പാത്രിയർക്കീസുമാരാണ്.

കൽക്കദോൻ (എ.ഡി. 451) ഉൾപ്പെടെ ഏഴു സുന്നഹദോസുകളെ ബൈസന്റയിൻ സഭകൾ സാർവ്വത്രിക സുന്നഹദോസുകളായി അംഗീകരിക്കുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായി (അർമേനിയൻ, സിറിയൻ, മലങ്കര, കോപ്റ്റിക്, എത്യോപ്യൻ, എറീട്രിയൻ സഭകൾ) ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾക്കുള്ള ബന്ധങ്ങൾ വളർത്തുന്നതിന് അടുത്തകാലത്തു നടന്നിട്ടുള്ള വേദശാസ്ത്ര സംവാദങ്ങൾ ഇടയാക്കിയിട്ടുണ്ട്. പരസ്പരം തെറ്റിദ്ധാരണകൾ നീക്കുന്നതിന് ഈ സംവാദങ്ങൾ സഹായിച്ചിട്ടുണ്ട്.

ബൈസന്റയിൻ (ഗ്രീക്ക്) പാരമ്പര്യത്തിലുള്ള പല സഭാ തലവന്മാരും എക്യുമെനിക്കൽ പാത്രിയർക്കേറ്റിന്റെ പ്രതിനിധികളും മലങ്കരസഭ സന്ദർശിച്ചിട്ടുണ്ടെങ്കിലും എക്യുമെനിക്കൽ പാത്രിയർക്കീസ് സന്ദർശിക്കുന്നതു ആദ്യമായാണ്. റഷ്യൻ പാത്രിയർക്കീസ് പീമെൻ (1977), റുമേനിയൻ പാത്രിയർക്കീസുമാരായ ജസ്റ്റീനിയൻ (1969) തിയോക്ടിസ്റ്റ് (1989), ജോർജിയൻ കാതോലിക്കോസ് ഇലിയാ രണ്ടാമൻ (1982), സൈപ്രസിലെ ആർച്ച് ബിഷപ്പും പ്രസിഡന്റുമായ മക്കാറിയോസ് മൂന്നാമൻ (1962) അമേരിക്കൻ ആർച്ച് ബിഷപ്പ് ഇയാക്കോവോസ് തുടങ്ങിയവരാണ് മലങ്കരസഭ സന്ദർശിച്ചിട്ടുള്ള ബൈസന്റയിൻ സഭാ തലവന്മാർ. പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവാ) ഉൾപ്പെടെയുള്ള പ്രതിനിധിസംഘം 1976-ൽ റഷ്യൻ, റുമേനിയൻ, ബൾഗേറിയൻ, ജോർജിയൻ ഓർത്തഡോക്സ് സഭാ തലവന്മാരെ സന്ദർശിക്കുകയുണ്ടായി. ഈ സന്ദർശനങ്ങൾ ഇരുകുടുംബത്തിലും വരുന്ന ഓർത്തഡോക്സ് സഭകൾ തമ്മിലും അംഗസഭകൾ തമ്മിലുമുള്ള ബന്ധങ്ങൾ വളർത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. അതിന്റെ തുടർച്ചയായുള്ള ഒരു വലിയ സന്ദർശനമായി ഇപ്പോഴത്തെ സന്ദർശനത്തെ കരുതാം.

ടർക്കിയിലെ ഇംബ്രോസ് ദ്വീപിൽ 1940 ഫെബ്രുവരി 29-നാണ് പരിശുദ്ധ ബർത്തലോമിയോ ഒന്നാമന്റെ ജനനം. ദിമിത്രിയോസ് അർക്കൺഡോണിസ് എന്നായിരുന്നു യഥാർത്ഥ നാമം. സ്വദേശത്തും ഇസ്താംബുളിലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. ടർക്കിഷ് നിയമനുസരിച്ചുള്ള നിർബന്ധിത സൈനിക സേവനം 1961-63 കാലത്തു നിർവഹിച്ചു. 1963-68 കാലത്ത് റോമിലെ പൊന്തിഫിക്കൻ ഓറിയന്റൽ ഇൻസ്റ്റിട്ട്യൂട്ടിലും സ്വിസർലണ്ടിലെ ജനീവായിലുള്ള ബൊസ്സെ എക്യുമെനിക്കൽ ഇൻസ്റ്റിട്ട്യൂട്ടിലും ഉപരിപഠനം നടത്തി. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കാനോൻ നിയമത്തിൽ ഡോക്ടറേറ്റു നേടി. ഇരുപതിൽപരം യൂണിവേഴ്സിറ്റികളിൽ നിന്നു ബഹുമതി ഡോക്ടറേറ്റുകൾ നേടിയ ഇദ്ദേഹം ഒരു ബഹുഭാഷാ പണ്ഡിതൻ കൂടിയാണ്.

'ബർത്തിലോമിയ' എന്ന വൈദിക നാമത്തിൽ 1961-ൽ ഇദ്ദേഹത്തിനു ശെമ്മാശപട്ടം നൽകി. 1969-ൽ വൈദികനും ആർക്കിമാൻഡ്രേറ്റുമായി. 1973ലെ ക്രിസ്മസ് ദിനത്തിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. ആദ്യം ടർക്കിയിലെ ഫിലാഡൽ ഫിയായിലും (1973-90) പിന്നീടു കാൽസിഡോനിലും (1990-91) ഭദ്രാസനാധിപനായി. 1972-90 കാലത്ത് എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ ഓഫീസ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. പരിശുദ്ധ ദിമിത്രിയോസ് പാത്രിയർക്കീസ് കാലം ചെയ്തതിനെ തുടർന്ന് 1991 നവംബർ രണ്ടിന് വിശുദ്ധ അന്ത്രയോസ് ശ്ലീഹായുടെ പിൻഗാമിയായി, കോൺസ്റ്റാന്റീനോപ്പിളിലെ 270-ാം പാത്രിയർക്കീസായി ഫനാറിലെ മഹാരക്തസാക്ഷിയായ സെന്റ് ജോർജിന്റെ കത്തീഡ്രലിൽ വച്ച് സ്ഥാനാരോഹണം ചെയ്തു.

ബർത്തിലോമിയാ പാത്രിയർക്കീസ് പാശ്ചാത്യ-പൗരസ്ത്യസഭകളെ തമ്മിൽ ബന്ധിപ്പിക്കാൻ അക്ഷീണം പരിശ്രമിക്കുന്നു. ഇതിന്റെ ഭാഗമായി 1995 ൽ മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തി. ക്രൈസ്തവരെയും മുസ്ലിംകളെയും യഹൂദരെയും ഒരു വേദിയിൽ കൊണ്ടുവരാൻ ഇദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്.

പരിസ്ഥിതി പഠനത്തിൽ ഇദ്ദേഹം പ്രകടിപ്പിക്കുന്ന താല്പര്യം കാരണം ഇദ്ദേഹത്തെ Green Patriarch എന്നു വിളിക്കുന്നു. സ്നേഹത്തിലും സമാധാനത്തിലും മാനവരാശിയുടെ ഐക്യം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ പരിഗണിച്ച് അമേരിക്കൻ കോൺഗ്രസ്സിന്റെ സ്വർണ്ണ മെഡലും (1997) ലബാനോനിലെയും റുമേനിയായിലെയും പ്രസിഡന്റുമാരുടെ ഉന്നത ബഹുമതികളും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ഇംഗ്ലണ്ടിലെ ഫിലിപ്പ് രാജകുമാരനുമായി ചേർന്ന് പരിസ്ഥിതി സംരക്ഷണം, ജൈവകൃഷി എന്നീ മേഖലകളിൽ ഒരു ആഗോള പ്രസ്ഥാനത്തിന് ഇദ്ദേഹം നേതൃത്വം നൽകുന്നു. പരുമലയിൽ പുതുതായി നിർമ്മിച്ച ദേവാലയത്തിന്റെ കൂദാശാ കർമ്മത്തിൽ സംബന്ധിക്കാൻ ആഗ്രഹിച്ചെങ്കിലും അതിനു സാധിക്കാതിരുന്നതു കൊണ്ടാണ് നവംബറിൽ സന്ദർശനം നടത്തിയത്. എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ മലങ്കരസഭാ സന്ദർശനം സഭൈക്യശ്രമങ്ങളിൽ ഒരു നിർണായക ചുവടുവയ്പായി കരുതാവുന്നതാണ്.

## അച്ചടി ജോലിക്ക് സമീപിക്കുക

# കാതോലിക്കേറ്റ് ഓഫ്സെറ്റ് പ്രസ്സ്

**ദേവലോകം, കോട്ടയം – 38**

***മിതമായ നിരക്കിൽ, കൃത്യമസയത്ത് എല്ലാവിധ അച്ചടി ജോലികളും ഭംഗിയായി ചെയ്തു കൊടുക്കുന്നതാണ്.***

* ഓർത്തഡോക്സ് സഭാംഗങ്ങളായ തൊഴിൽ രഹിതർക്ക് ഇവിടെ അപ്രന്റീസ് ട്രയിനിംഗിന് സൗകര്യം നൽകുന്നതാണ്.

**മാനേജർ**
**ഫാ. ജോൺ ശങ്കരത്തിൽ**

## WANTED

Immediately wanted a well experienced Sheet-Fed Offset Machine Printer who knows Offset imposing, Platemaking and multicolour Printing, for a promising printing unit in Kottayam. Diploma holder preferred and salary negotiable. Apply within two weeks.

Box No: 254
Malankara Sabha Devalokam P.O. Kottayam-686038

## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986–ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053–ഉം രൂപയുടെ സൗജന്യചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488–ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവർത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)




# ഞായർദിന ചിന്തകൾ

**ഫാ. ജോസഫ് സാമുവേൽ കറുകയിൽ**

*ഡിസംബർ 3, 2000*
**ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ**
**വി. ലൂക്കോസ് 1:39–56**

ലോകരക്ഷകനായ കർത്താവിന്റെ മാതാവും രക്ഷകനു വഴിയൊരുക്കുവാൻ കടന്നു വന്ന യോഹന്നാൻ സ്നാപകന്റെ മാതാവ് ഏലിസബെത്തും തമ്മിൽ കണ്ടുമുട്ടുന്ന സംഭവമാണ് ഇന്നത്തെ ചിന്താവിഷയം. മനുഷ്യ ബുദ്ധിയിൽ അസ്സാധ്യം എന്നു കാണുന്ന വൻ സംഭവങ്ങൾ അനുഭവിച്ചറിഞ്ഞ രണ്ടു വനിതകളാണിവർ. ദൈവം ചെയ്ത കരുണകളെ ഓർത്ത് നന്ദി കരേറ്റുന്നവരാണിവർ. ഈ സംഭവം വിശകലനം ചെയ്യുമ്പോൾ കാണുന്ന ചിത്രം.

### 1. അനുഗ്രഹീത കൂടിക്കാഴ്ചയാണിത്.

ഒരു സാധാരണ കൂടിക്കാഴ്ച എന്നതിലുപരി അനുഗ്രഹിക്കപ്പെട്ട രണ്ടു വനിതകളുടെ കൂടിക്കാഴ്ചയാണിത്. പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള കൂടിക്കാഴ്ചയാണിത്. ആത്മനിറവിലുള്ള ഒരു കൂടിക്കാഴ്ചയാണിത്. ദൈവസ്തുതി ഉയർന്ന ഒരു കൂടിക്കാഴ്ചയാണിത്.


ഏലിശുബയും മറിയാമും കണ്ടുമുട്ടുന്നു
by Jacopo da Pontormo, 16th Century

സാധാരണ നമ്മുടെ രണ്ടു വനിതകൾ തമ്മിൽ കൂടി കാണുമ്പോൾ ഉള്ള ചിത്രം എന്താണെന്ന് ഓർക്കുക. ഇന്ന് കൂടിക്കാഴ്ചകൾക്കും സൗഹൃദങ്ങൾക്കും തീരെ അർത്ഥം ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഇത്തരം കൂടിക്കാഴ്ചകളുടെ പ്രസക്തി വളരെ വലുതാണ്. മറ്റുള്ളവരെ വിധിക്കാനോ വധിക്കാനോ ഉള്ള കാഴ്ചയല്ലിത്. ഇതിൽ ആത്മാർത്ഥയുണ്ട്. ദൈവാത്മാവുണ്ട്.

### 2. മറിയം ദൈവമാതാവാണെന്ന് പരിശുദ്ധാത്മാവ്.

എലിസബെത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി ഉച്ചത്തിൽ വിളിച്ചു പറഞ്ഞ പ്രഖ്യാപനങ്ങൾ ശ്രദ്ധിച്ചാൽ കാണുന്ന ഒന്നാമത്തെ സത്യം "എന്റെ കർത്താവിന്റെ മാതാവ്" എന്ന പ്രഖ്യാപനം ആണ്. വി. മറിയം ദൈവമാതാവാണ് എന്ന പ്രഖ്യാപനം നടത്തുന്നത് എലിസബെത്ത് അല്ല പിന്നെയൊ ദൈവാത്മാവാണ്. പരിശുദ്ധാത്മാവ് നിറഞ്ഞ് ഏലിസബെത്ത് പറഞ്ഞതാണ്. ദൈവമാതാവെന്ന് പരിശുദ്ധാത്മാവ് സാക്ഷിക്കുമ്പോൾ ഇന്നു പലരും പറയുന്നു വി. മറിയം സാധാരണ സ്ത്രീയാണ്. പണം നിറച്ചുവെച്ച പഴ്സ് പോലെയാണ്. വിത്തു വട്ടിപോലെയാണ് എന്ന്. പരിശുദ്ധാത്മാവിന് മറിയത്തെ ദൈവമാതാവെന്ന് സാക്ഷിക്കാമെങ്കിൽ അതിനെ ചോദ്യം ചെയ്യാൻ മനുഷ്യാ നീയാര്?

### 3. മറിയം ഭാഗ്യവതി എന്ന് പരിശുദ്ധാത്മ സാക്ഷ്യം

പരിശുദ്ധാത്മാവു നിറഞ്ഞ് എലിസബെത്ത് പ്രഖ്യാപിച്ച രണ്ടാമത്തെ സത്യം മറിയം ഭാഗ്യവതിയാണ് കാരണം കർത്താവ് തന്നോട് അരുൾ ചെയ്തത് നിവൃത്തിയാകും എന്ന് വിശ്വസിച്ചു. കർത്താവ് അരുൾ ചെയ്താൽ നിവൃത്തിയുണ്ടാകും. അവൻ വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്. സൗകര്യം പോലെ വാഗ്ദത്തങ്ങൾ നൽകുകയും അവസരം പോലെ വാഗ്ദത്തങ്ങൾ വിഴുങ്ങുകയും ചെയ്യുന്ന നേതാക്കന്മാരെപോലെയല്ല കർത്താവ്. ആകാശവും ഭൂമിയും ഒഴിഞ്ഞു പോയാലും തന്റെ വാഗ്ദത്തങ്ങൾക്ക് മാറ്റം ഉണ്ടാകയില്ല എന്ന സത്യം അതുപോലെ വിശ്വസിച്ചതിനാൽ വി. മറിയം ഭാഗ്യവതി എന്ന് പരിശുദ്ധാത്മാവ് എലിസബെത്തിലൂടെ പ്രഖ്യാപിച്ചു.

### 4. അവനെ ഭയപ്പെടുക-തലമുറകൾക്ക് കരുണ ലഭിക്കും.

മറിയാമിന്റെ പാട്ട് 46 മുതൽ 55 വരെ വാക്യങ്ങളിൽ ശ്രദ്ധിച്ചാൽ കാണുന്ന സത്യങ്ങളിൽ ഒന്നാണ് അവനെഭയപ്പെടുന്നവർക്ക് അവന്റെ കരുണ തലമുറതലമുറയായി ഇരിക്കും എന്നത്. തലമുറകൾക്ക് കരുണ ലഭിക്കാനുള്ള മാർഗ്ഗം ദൈവഭയമാണ്. ഇന്ന് തലമുറകൾക്ക് നഷ്ടമായിരിക്കുന്നത് ദൈവഭയമാണ്.

### 5. നമ്മുടെ ഹൃദയവിചാരം എന്ത്? അഹങ്കാരമോ?

ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ അവൻ ചിതറിക്കുന്നു. നമ്മുടെ ഹൃദയവിചാരങ്ങൾ അഹങ്കാരമോ, അഹന്തയോ, അഹംഭാവമോ? ഏതായാലും ഫലം ആപത്തു തന്നെ. താഴ്മയുള്ളവനെങ്കിലോ ഉയർച്ച നിശ്ചയം. മറിയം അതിന് ഏറ്റം ഉദാഹരണം. വനിതാ ദിനമായ ഇന്ന് ഈ ചിന്തകൾ നമ്മെ നയിക്കട്ടെ.

*2000 ഡിസം.10*
**യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായർ**
**(ശിശുദിനം)**
**വി. ലൂക്കോസ് 1:57–80**

ലോകരക്ഷകനായ കർത്താവിന് വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ മാംദാനയുടെ ജനനവും, എട്ടാം നാളിലെ പരിച്ഛേദനയും, പേരിടിലും തുടർന്നുണ്ടായ സംഭവങ്ങളും വിശദീകരിക്കുന്ന വേദഭാഗമാണ് ഇന്നത്തെ ചിന്താവിഷയം.

### 1. കർതൃകരുണയിൽ സന്തോഷിക്കുന്നവർ

അനേകകാലം മക്കളില്ലാതിരുന്ന സഖറിയാ-എലിസബെത്ത് ദമ്പതികളുടെ ജീവിതത്തിൽ ദൈവം ചെയ്ത കരുണകണ്ട് വീട്ടുകാർ, അയൽക്കാർ, ചാർച്ചക്കാർ സന്തോഷിക്കുന്നു. മറ്റുള്ളവരുടെ ജീവിതത്തിൽ ദൈവം കരുണ ചെയ്യുന്നതു

## ഞായർദിന ചിന്തകൾ

കാണുമ്പോൾ ആത്മാർത്ഥമായി സന്തോഷിക്കുന്നവർ ഇന്ന് എത്രയുണ്ട്. ഒന്നിച്ചു പ്രാർത്ഥിക്കുന്നവർ. ആരാധിക്കുന്നവർ, ശുശ്രൂഷിക്കുന്നവർ, ജോലിചെയ്യുന്നവർക്ക് ഈ മനോഭാവം ഉണ്ടായിരുന്നെങ്കിൽ എന്നാശിക്കുന്നു. മറ്റുള്ളവനിൽ ദൈവം കരുണകാട്ടുന്നതു കാണാൻ ഹൃദയമുള്ളവർ ആണ് ദൈവമനുഷ്യർ. അസൂയയുടെ കൂടുകളായിരിക്കുന്നവർ ഭംഗിയ്ക്കായി ചിരിക്കാമെങ്കിലും ഉള്ളുരുകിനെടുവീർപ്പിടുകയാണ് പലരും ഇവിടെ കാണുന്ന ചിത്രം അതല്ല.

### 2. കർതൃകരം കൂടെയുണ്ടായിരുന്ന മകൻ.

മാതാപിതാക്കൾ അക്കാലത്തെ ആചാരമര്യാദകൾപ്രകാരം എട്ടാം ദിവസം പരിഛേദന, പേരിടൽ തുടങ്ങിയവ നിർവ്വഹിച്ചു. കർത്താവിന്റെ കൈ അവനോടുകൂടെ ഉണ്ടായിരുന്നു. സൃഷ്ടാവിന്റെ കരം കൂടെയില്ലെങ്കിൽ സൃഷ്ടി ഒന്നും ആകയില്ല. ദൈവകരം ഉണ്ടായാൽ അതിന്റെ ശക്തി അനുഭവിക്കും. ബാലനായ ദാവീദും, ദാനിയേലും മൂന്നു ബാലന്മാരും, ഒക്കെ കർതൃകരത്തിന്റെ ശക്തികണ്ടവരാണ്. മാർത്തോമ്മാ ശ്ലീഹായോടും കർത്താവു പറഞ്ഞു "എന്റെ കൈ കാണുക. അവന്റെ കരബലം അനുഭവിച്ചറിയുക.

### 3. അത്യുന്നതന്റെ പ്രവാചകനായ ബാലൻ

സഖരിയാ പരിശുദ്ധാത്മാവു നിറഞ്ഞു പ്രസംഗിച്ച വാക്കുകളാണ് 68-79 വരെയുള്ള വാക്യങ്ങൾ. അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും എന്ന പ്രവചനം യോഹന്നാനെ സംബന്ധിച്ചിടത്തോളം എത്രയോ സത്യമായി. അരയിൽ തോൽവാറും, ഒട്ടകരോമമുള്ള കുപ്പായവും ധരിച്ച് കൊടുങ്കാറ്റിന്റെ ശക്തിയോടെ നീതി പ്രവാചകനായി കടന്നു വന്ന ശക്തനായ പ്രവാചകൻ. പ്രവചനശബ്ദം ഇന്ന് സഭയ്ക്ക് അന്യമാകുന്നുവോ?

പ്രവാചകൻ അനീതിക്കെതിരെ പൊരുതി, രാജാവിന്റെ മുമ്പിൽ ഗർജ്ജിച്ചു. മ്ലേഛതയ്ക്കെതിരെ താക്കീതു നൽകി. പൊയ്മുഖമില്ലാതെ അലറി "സർപ്പസന്തതികളേ" എന്ന്. മുഖം നോക്കാതെ പറഞ്ഞു മാനസ്സാന്തരഫലം കായ്ക്കണമെന്ന്. ഫലം ഇല്ലെങ്കിൽ കോടലി വെയ്ക്കും എന്ന് ഫലമോ തലതാലത്തിൽ കാഴ്ചയാക്കിമാറ്റി. അവനാണ് നീതി പ്രവാചകൻ, ഇന്നു നാം തല സംരക്ഷിക്കുന്നു. സ്ഥാനം സംരക്ഷിക്കുന്നു നീയോ പൈതലേ, എന്തായിത്തീരും? എന്തായിത്തീരണം? ഇവൻ ദൈവത്തിന്റെ പ്രവാചകനായിത്തീരാൻ എത്ര മാതാപിതാക്കൾ ആഗ്രഹിക്കുന്നു?

### 4. ഇരുളിലും മരണത്തിലും പ്രകാശം ചൊരിഞ്ഞവൻ

ഇരുളിലും മരണ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം ചൊരിഞ്ഞ പ്രവാചകനായി മാറി ഈ ബാലൻ. പാപാന്ധകാരത്തിൽ, മരണനിഴലിൽ കഴിഞ്ഞ ജനത്തിന് പ്രകാശം നൽകിയവൻ. ഇരുളിൽ കഴിഞ്ഞവർക്ക് ദൈവപ്രകാശത്തിന്റെ ശബ്ദം ചൊരിഞ്ഞു. നമുക്ക് വലിയതാത്പര്യം ഇല്ലാത്തതും യോഹന്നാൻ പ്രസംഗിച്ചതുമായ പ്രസംഗങ്ങളുടെ പൊരുൾ മാനസാന്തരം എന്ന വിഷയമാണ്. മനുഷ്യമനസുകളിൽ സംഭവിക്കേണ്ട വ്യതിയാനം. നാം ഇരുളിൽ പ്രകാശം ചൊരിയുവാൻ ലോകത്തിന്റെ പ്രകാശമായിത്തീരുവാൻ ഭരമേൽപ്പിക്കപ്പെട്ടവരാണ്. യഥാർത്ഥ സ്ഥിതി എന്ത് എന്ന് കാണുക. പൈതലേ നീ പ്രകാശം ചൊരിയുന്നവനോ, കുടുംബത്തിനും, സഭയ്ക്കും, സമൂഹത്തിനും അന്ധകാരം വിതറുന്നവനോ?

**2000 ഡിസം. 17**
**യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായർ**
**വി. മത്തായി 1:18-25**

യൗസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട മറിയം ഗർഭവതിയെന്നു കണ്ടപ്പോൾ അവളെ ഗൂഢമായി ഉപേക്ഷിക്കുവാൻ മനസ്സിൽ ചിന്തിച്ചു കഴിയുന്ന യൗസേഫിന് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് വെളിപ്പെടുത്തുന്ന ചില സത്യങ്ങളും യൗസേഫിന്റെ പ്രതികരണവും വ്യക്തമാക്കുന്ന വേദഭാഗമാണ് ഇന്ന് വായിക്കുന്നത്.

### 1. യൗസേഫിന്റെ നീതി

സമർത്ഥന്മാർ ധാരാളം, സമ്പന്നർ ധാരാളം, വിദ്യാസമ്പന്നർ ധാരാളം, വിശ്വാസികൾ ധാരാളം, പള്ളികൾ ധാരാളം, സ്ഥാപനങ്ങൾ ധാരാളം, നേതാക്കന്മാർ ധാരാളം എന്നാൽ നീതിമാർ ലോകത്തിൽ കുറയുന്നു. മറ്റെല്ലാം കൂടുമ്പോഴും കുറയുന്നത് നീതിമാന്മാരുടെ എണ്ണമാണ്. യൗസേഫ് നീതിമാനായിരുന്നു. മറ്റുള്ളവരെ അനീതിക്കായി ചിത്രീകരിച്ചു കൊണ്ടാണ് നാം സാധാരണ നീതിമാന്മാരാകാൻ ശ്രമിക്കുന്നത്. ഇവിടെ യൗസേഫ് നീതമാനാകയാൽ അവളെ അപവാദപാത്രമാക്കാൻ തയ്യാറായില്ല. നമ്മുടെ നീതി എവിടെ നിൽക്കുന്നു?

### 2. ദൈവവാക്കു കേൾക്കുന്നവൻ, കാക്കുന്നവൻ

പ്രശ്നങ്ങളുടെ നടുവിൽ ദൈവവാക്കു കേൾക്കയും കേട്ടവാക്കുകൾ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതെങ്കിലും തർക്കം കൂടാതെ കാക്കുകയും ചെയ്തവനാണ് യൗസേഫ്.

### 3. ദൈവഹിതം നിറവേറ്റാൻ ഉണർന്നവൻ

ദൈവാലോചന കേട്ട ഉടൻ യൗസേഫ് ഉറക്കം ഉണർന്നു. സാധാരണക്കാരുടെ ഭാഷയിൽ അത്ര സുഖരമായ ആലോചനയല്ല ദൈവത്തിങ്കൽ നിന്നു കേട്ടത്. പക്ഷെ മുൻവിധികൾ കൂടാതെ ദൈവാലോചനയ്ക്കു കാതോർത്തതിനാൽ അവ പ്രാവർത്തികമാക്കുവാൻ അവൻ ഉണർന്നു. ഇത്തരം സാഹചര്യങ്ങളിൽ ഒന്നുകിൽ നാം ആലോചന നിരസിക്കും. അല്ലെങ്കിൽ കേട്ടില്ലെന്നു നടിക്കും. കേട്ടാലും ഉണർന്നു പ്രവർത്തന സജ്ജമാകാൻ വീണ്ടും താമസിക്കും. എന്നാൽ യൗസേഫിന്റെ ഈ ഉണർന്നപ്രവർത്തനം മാതൃകയാകേണ്ടതാണ്. മാലാഖയോടു തർക്കമില്ല, വാദപ്രതിവാദത്തിന് ഒരുങ്ങിയില്ല, ന്യായവിധികൾ നിരത്തിയില്ല, പിന്നെയോ ഉണർന്നു.

### 4. ശാന്തനായ ത്യാഗി

യൗസേഫിന്റെ സംസാരമോ, പ്രസംഗങ്ങളോ, സ്ഥാനങ്ങളോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹം ശാന്തനായ ഒരു ത്യാഗിയായിരുന്നു. ശാന്തത ഒന്നും മിണ്ടാതിരിക്കുന്നതു മാത്രമല്ല, പ്രതികരണ ശേഷിയില്ലാത്ത അവസ്ഥയല്ല, ശ്മശാനത്തിലെ മൂകതയല്ല, പിന്നെയോ ഉണരേണ്ട സമയം ഉണരുകയും പ്രവർത്തിക്കേണ്ടപ്പോൾ പ്രവർത്തിക്കയും ചെയ്യുന്ന അവസ്ഥയാണ്. കർത്താവിന്റെ തിരുജനനത്തിനായി ഇത്രയും ത്യാഗം സഹിച്ച മറ്റൊരാൾ ഉണ്ടെന്നു തോന്നുന്നില്ല.



### 5. രാജ്യനിയമങ്ങളും ദൈവീക നിയമങ്ങളും പാലിച്ചയൗസേഫ്

പേർവഴിചാർത്തണമെന്ന രാജ്യനിയമം യൗസേഫ് വളരെ പ്രതികൂലമായ തന്റെ സാഹചര്യത്തിലും പാലിച്ചു. ഭാര്യപൂർണ്ണ ഗർഭിണിയാണ്. എന്നാൽ രാജ്യ നിയമം അക്ഷരം പ്രതിപാലിച്ചു. ബാലനെയും ഭാര്യയെയും കൂട്ടി ദേവാലയത്തിൽ പോകുന്നതിനും നിയമ പ്രകാരം ഉള്ള ബലികൾ കഴിയ്ക്കുന്നതിനും, നേർച്ചകൾ അർപ്പിക്കുന്നതിനും തയ്യാറായ വിശ്വാസവീരൻ. പെരുനാളിനും ബാലനെയും ഭാര്യയെയും കൂട്ടി കടന്നുപോയ ശാന്തശീലൻ യൗസേഫ്.

**2000 ഡിസം. 24**
**കർത്താവിന്റെ ജനനത്തിനു മുമ്പുള്ള ഞായർ**
**വി. മത്തായി 1:1-18**

ക്രിസ്മസിനു മുമ്പുള്ള ഞായറാഴ്ച കർത്താവിന്റെ വംശാവലി വായിക്കുന്നു. അല്പം അരോചകമായി തോന്നാവുന്ന ഈ പേരുകളുടെ പട്ടിക അറിഞ്ഞിട്ടെന്തു കാര്യം? എന്തിനാണ് ഇതു ഇന്നു വായിക്കുന്നത്? എന്നു തോന്നിയേക്കാം. എന്നാൽ ചില ചിന്തകൾ ഈ വേദഭാഗം ഓർപ്പിക്കുന്നു.

### 1. യേശു ചരിത്ര പുരുഷനാണ്

ദൈവപുത്രനായ കർത്താവ് ഈ ലോകത്തിലേക്കു വന്ന അത്. ചരിത്രത്തിന്റെ ഭാഗമായി കാലസമ്പൂർണ്ണതയിൽ സ്ത്രീയുടെ സന്തതിയായി. ദാവീദു വംശത്തിൽ യഹൂദാഗോത്രത്തിലെ ബാലസിംഹമായി ചരിത്രത്തിൽ അവതരിച്ചവനായ ദൈവപുത്രനാണവൻ ഇവ വെറും ഒരു കഥയോ, മിഥ്യയോ, മായയോ, അല്ല. അവൻ ചരിത്രപുരുഷനാണ്. ക്രിസ്തു വർഷം രണ്ടായിരം എന്ന യഥാർത്ഥ്യം തന്നെ ക്രിസ്തുവിന്റെ ജനനവുമയി ബന്ധപ്പെട്ടതാണ്. അതിനാൽ അവന്റെ വംശാവലി സൂചിപ്പിക്കുന്നത് ചരിത്രത്തിൽ ജീവിച്ചിരുന്നവരായി ഇവരുടെ ഗോത്രത്തിൽ ജനിച്ചവനാണിവൻ എന്ന യഥാർത്ഥ്യം ഓർക്കുക.

### 2. അവന്റെ മനുഷ്യാവതാര ലക്ഷ്യം സകലരെയും രക്ഷിപ്പാൻ

കർത്താവിന്റെ വംശാവലിയിൽ സ്ത്രീകളെയും, കുറവുകൾ ഉള്ളവരെയും ഒക്കെ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തു ലോകത്തിലേക്കു വന്നതു തന്നെ സകലമാനവജാതിയെയും രക്ഷിക്കുവാനാണ്. അവനിൽ സ്ത്രീയും പരുഷനും ഇല്ല, ചുങ്കക്കാരനും, പാപിയും എന്നില്ല. സകലരെയും രക്ഷിക്കുകയാണ് തന്റെ മനുഷ്യാവതാരഉദ്ദേശം.

### 3. ദൈവത്തിൽ ആരംഭിച്ച് ദൈവത്തിൽ അവസാനിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രഹാമിൽ നിന്ന് അതായത് ദൈവാലോചനയ്ക്കു വിധേയപ്പെട്ട മനുഷ്യനായ അബ്രഹാം മുതൽ ക്രിസ്തുവരെയുള്ള പട്ടിക ഇവിടെ വിവരിക്കുന്നു. മാനവചരിത്രം ദൈവത്തിൽ ആരംഭിച്ച് ദൈവത്തോടുകൂടെ ചെന്നു ചേരുന്നതാണ്. അതിനിടയിലുള്ള അനുഭവങ്ങളാണ് നാം ഇപ്പോൾ കടന്നു പോകുന്ന ജീവിതാനുഭവങ്ങൾ, വിശ്വാസജീവിതം ആരംഭിക്കുന്ന മനുഷ്യൻ ഒടുവിൽ ദൈവത്തോടു ചേരുന്നു. മാമൂദീസായിൽ വിശ്വാസജീവിതം ആരംഭിക്കുന്നു.

### 4. വിശ്വാസത്താലും പ്രവൃത്തിയാലും അവന്റെ പട്ടികയിൽ ചേർക്കപ്പെടുന്നു.

കർത്താവിന്റെ പട്ടികയിൽ ചേർക്കപ്പെടുവാൻ വിശ്വാസത്താലും പ്രവർത്തിയാലും സാധിക്കുന്നു. അവന്റെ പട്ടികയിൽ ചേർക്കണമേ എന്ന് ക്രൂശിൽ വെച്ച് ഒരുവൻ നിലവിളിച്ചു. അവന്റെ വിശ്വാസവും അനുതാപ പ്രവർത്തനവും കർതൃപട്ടികയിൽ ചേർക്കുവാൻ കാരണമായി.

**2000 ഡിസം. 31**
**ജനനപ്പെരുനാളിനുശേഷം ഒന്നാം ഞായർ**
**വി. മത്തായി 2:9-15, 19-23**

വിദ്വാൻമാർ കർത്താവിനെ കാണുവാൻ പോയ സംഭവവും ഈജിപ്തിലേക്കു യേശുവിനെയും കൊണ്ട് മാതാവും യൗസേഫും കടന്നു പോകുന്നതിനെയും സൂചിപ്പിക്കുന്നതാണ് ഇന്നത്തെ വേദഭാഗം.

വിദ്വാന്മാർ ബേത്ദലഹേമിൽ എത്തി, പിന്നീടു നടന്ന കാര്യങ്ങളിൽ നിന്ന് ചില വസ്തുതകൾ വ്യക്തമാകുന്നു.

## ഞായർദിന ചിന്തകൾ

### 1. യേശുവിനെ അമ്മയായ മറിയയോടുകൂടി കണ്ടു.

യേശുവിനെ അമ്മയായ മറിയയോടു കൂടി കാണുന്നതാണ് വിദ്വാന്മാരുടെ അഥവാ ജ്ഞാനികളുടെ ലക്ഷണം. പലർക്കും യേശുവിനെ കാണുവൻ താത്പര്യം ഉണ്ട് എന്നാൽ മറിയത്തോടുകൂടിക്കാണുവാൻ താത്പര്യം ഇല്ല. ചിലർക്ക് മറിയത്തെ വേണം എന്നാൽ യേശുവിനോടു കൂടിയാണ് മാതാവിന്റെ സ്ഥാനം.

### 2. വിദ്വാന്മാർ വീണു നമസ്ക്കരിച്ചു.

വീണു നമസ്ക്കരിക്കുന്നതാണ് വിദ്വാന്മാരുടെ ലക്ഷണം. നാം വീഴാതെ നമസ്ക്കരിക്കുവാൻ തയ്യാറായേക്കാം. നമ്മുടെ അഹംഭാവം, അഹങ്കാരം, ഞാനെന്നഭാവം എന്നിവ കളഞ്ഞ് പാടേ വീണ് നമസ്ക്കരിക്കുന്നതാണ് യഥാർത്ഥ ആരാധന.

### 3. അസൂയാലുവായ ഹേറോദേസ്

തന്നേക്കാൾ വലിയവനായ ഒരു രാജാവോ? തന്റെ രാജത്വത്തിന് മങ്ങലേൽപിക്കാൻ മറ്റൊരുവനോ? ഹേറോദോസ് അസൂയാലുവായി കർത്താവിനെ കൊല്ലുവാൻ ശ്രമിക്കുന്നു. അതിനായി അനേക നിരപരാധികളായ പൈതങ്ങളെക്കൊല്ലുന്നു. അസൂയ മനുഷ്യനെ അന്ധനാക്കുന്നു. ക്രൂരനാക്കുന്നു.

### 4. അനുസരണ ശീലൻ യൗസേഫ്

യൗസേഫ് ത്യാഗശീലനും അനുസരണശീലനുമായിരുന്നു. നാം ചിലപ്പോൾ അനുസരിക്കുന്നു. എന്നാൽ അനുസരണം ശീലമാക്കാറുണ്ടോ? എന്നു സംശയം ഇവിടെ യൗസേഫ് അനുസരണശീലൻ, ചോദ്യം ചെയ്യാത്തവൻ, ദൈവാലോചനയ്ക്കു ഭംഗം വരുത്താത്തവൻ, ത്യാഗ സമ്പൂർണ്ണൻ എന്നീ നിലകളിൽ കാണുന്നു. □

# ക്രിസ്തുവിന്റെ കന്യകാജനനം

ഡോ. പുന്നൂസ് യു. പാണൂർ തോട്ടയ്ക്കാട്

ക്രിസ്തു എങ്ങനെ കന്യകമറിയാമിൽ പുരുഷ സംബന്ധം കൂടാതെ ഉരുവായി എന്ന ചോദ്യത്തിനു യുക്തി സഹമായ മറുപടി നൽകുവാൻ പ്രയാസമാണ്. സാധാരണ നിലയിൽ സ്ത്രീ പുരുഷബന്ധത്തിൽ നിന്നു മാത്രമേ കുഞ്ഞുങ്ങൾ ഉണ്ടാകയുള്ളൂ. എന്നാൽ ദൈവാത്മാവിന്റെ പ്രവർത്തനത്താൽ യേശു കന്യകയായ മറിയാമിന്റെ ഉദരത്തിൽ ഉരുവായി എന്നാണു വി. വേദപുസ്തകം സാക്ഷിക്കുന്നത്. അങ്ങനെയാണു നാം വിശ്വസിക്കുന്നതും. അസാദ്ധ്യമായ കാര്യങ്ങൾ ദൈവത്തിനു സാധ്യമാണ് എന്നതാണു യാഥാർത്ഥ്യം.

"കൃപ ലഭിച്ചവളേ നിനക്കു വന്ദനം; കർത്താവു നിന്നോടു കൂടെ ഉണ്ട്" (വി. ലൂക്കോ 1:28) "നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവനു യേശു എന്നു പേർ വിളിക്കണം, അവൻ വലിയവനാകും, അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും"(1:31,32) എന്നീ ദൈവദൂതന്റെ വചനങ്ങൾ കേട്ട മറിയാമും യഥാർത്ഥത്തിൽ സംശയിച്ചുപോയി. പുരുഷസംബന്ധം കൂടാതെ ഇതു എങ്ങനെ സംഭവിക്കും എന്ന മറിയാമിന്റെ ചോദ്യത്തിനു ഗബ്രിയേൽ ദൂതന്റെ മറുപടി വളരെ വ്യക്തമാണ്. പരിശുദ്ധാത്മാവു നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ലല്ലൊ. (1:35–37)

മറിയാമിന്റെ ബന്ധത്തിൽ പെട്ട സഖര്യാ പുരോഹിതന്റെ ഭാര്യയായ ഏലിസബേത്തും ഗർഭിണിയാണ് എന്ന വസ്തുത കൂടി പറഞ്ഞു ദൈവദൂതൻ മറിയാമിനെ വിശ്വാസത്തിൽ ഉറപ്പിക്കുന്നുണ്ട്. സഖര്യാവു വൃദ്ധനും ഏലിസബേത്തു വന്ധ്യയുമായിരുന്നതിനാൽ ഗർഭധാരണം ഉണ്ടാകയില്ല എന്നു വിശ്വസിച്ചു കഴിഞ്ഞിരുന്നു. എന്നാൽ അവരുടെ പ്രാർത്ഥന ദൈവം കേൾക്കുകയും യോഹന്നാൻ സ്നാപകന്റെ മാതാവാകാൻ ഏലിസബേത്തിനു കഴികയും ചെയ്തു. "ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ല" എന്നതു ഈ ദൃഷ്ടാന്തം വഴി ഉറപ്പിക്കയാണു ചെയ്തത്.

യേശുക്രിസ്തുവിന്റെ കന്യകയിൽ നിന്നുള്ള ജനനത്തെ ചോദ്യം ചെയ്യുന്നവർ ആദികാലം മുതൽ ഉണ്ടായിരുന്നു. അവർക്കെതിരായി മൂന്നു ദൃഷ്ടാന്തങ്ങളാണു പിതാക്കന്മാർ നൽകുന്നത്; കുഞ്ഞാടിനെ നൽകിയ വൃക്ഷം (ഉല്പ. 22:12), വെള്ളം നൽകിയ തീക്കൽ പാറ (പുറ 17:6, സംഖ്യ 20:11), ദ്രവ്യം നൽകിയ മത്സ്യം (വി. മത്തായി 17: 27).

*"അത്ഭുതമാം ഫലമേകും വൃക്ഷം*
*കർക്കശമാം ശിലമീനേവം*
*പാഷാണ്ഡർക്കെതിരേ ദൃഷ്ടാന്തം*
*മൂന്നെണ്ണം സഭ കാട്ടുന്നു.*
*കുഞ്ഞാടിനെ വൃക്ഷം നൽകി*
*തീക്കൽ പാറജലം നൽകി*
*എസ്തീറാ മത്സ്യവുമേകി*
*കന്യാക്ഷേപകരെ മൂന്നും*
*പരിഹാസത്തോടു വീക്ഷിപ്പൂ"*

മേല്പറഞ്ഞ ദൃഷ്ടാന്തങ്ങൾ വി. വേദപുസ്തകത്തിൽ നിന്നു നമുക്കു പരിശോധിക്കാം.

1. അബ്രഹാം ഇസ്സഹാക്കിനെ ബലി കഴിക്കാൻ കൊണ്ടു പോയതിന്റെ വിവരണം ഉല്പത്തി പുസ്തകം 22–ാം അദ്ധ്യായത്തിൽ ഉണ്ട്. അബ്രഹാം ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ച പിതാവായിരുന്നു.

അബ്രഹാമിന്റെ സന്തതിയെ വലിയൊരു ജാതിയാക്കും എന്ന് ദൈവം അബ്രഹാമിനോടു അരുളിചെയ്തിരുന്നു (ഉല്പ 17:4) എന്നാൽ അബ്രഹാമിന്റെ ഭാര്യയായ സാറാ വന്ധ്യയായിരുന്നു. ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിക്കൊത്തവണ്ണം അബ്രഹാമിന്റെയും സാറായുടെയും വാർദ്ധക്യകാലത്തു ജനിച്ച മകനായിരുന്നു ഇസ്സഹാക്.

അബ്രഹാമിന്റെ വിശ്വാസത്തെ പരീക്ഷിക്കുവാൻ ദൈവം നിശ്ചയിക്കയും തന്റെ മകനായ ഇസ്സഹാക്കിനെ മോറിയാ മലയിൽ കൊണ്ടുപോയി ബലികഴിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അതിൻ പ്രകാരം അബ്രഹാം ഇസ്സഹാക്കിനെ കൂട്ടിക്കൊണ്ടു മോറിയാമലയിലേക്കു പോയി. യാത്രയിൽ ഇസ്സഹാക്ക് ചോദിച്ചു. അപ്പാ തീയും വിറകും ഉണ്ട്; എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻ കുട്ടി എവിടെ "ദൈവം തനിക്കു ഹോമയാഗത്തിനു ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും മകനെ" എന്നായിരുന്നു അബ്രഹാമിന്റെ മറുപടി. (22:7,8). ഇസ്സഹാക്കിനെ ബന്ധിച്ചു യാഗപീഠത്തിന്മേൽ കിടത്തിയശേഷം അവനെ കൊല്ലുവാൻ കത്തി എടുത്തപ്പോൾ ദൈവദൂതന്റെ ശബ്ദം കേട്ടു. അബ്രഹാമേ ബാലന്റെ മേൽ കൈവെക്കരുത്. അവനോടു ഒന്നും ചെയ്യരുത്; നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിയ്ക്കായ്ക കൊണ്ടു നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു. (22:11,12)

അബ്രഹാം തലപൊക്കിനോക്കിയപ്പോൾ പിമ്പുറത്തു ഒരു ആട്ടുകൊറ്റൻ കൊമ്പു കാട്ടിൽ പിടിപ്പെട്ടു കിടക്കുന്നതു കണ്ടു. അബ്രഹാം ചെന്നു ആട്ടുകൊറ്റനെ പിടിച്ചു തന്റെ മകനു പകരം ഹോമയാഗം കഴിച്ചു.

ആടു എവിടെ നിന്നു വന്നു? അടുത്തുണ്ടായിരുന്ന വൃക്ഷത്തിന്റെ വശം പിളർന്നു അതിൻ നിന്നു വന്നു എന്നാണു വിശ്വസിക്കുന്നത്.

*കുരിശിപ്പാനായ്–സുതനെ–സെഹിയോൻ നാട്ടിമരത്തെ*

*കുഞ്ഞാടതിനെ ജനിപ്പിച്ചൊരുമരമുണ്ടായവിടെ*

*എവിടെ പുത്രൻ – കൈകളിലാണിതറയ്ക്കപ്പെട്ടു*

*ഇസഹാക്കിന്റെ – കെട്ടുകളെച്ചേരദിച്ചതുമവിടെ*

എന്നു നാം പാടുമ്പോൾ മേല്പറഞ്ഞ സംഭവമാണു സ്മരിക്കുന്നത്. കർത്താവിനെ കുരിശിച്ചതു ഇസ്സഹാക്കിനെ ബലി കഴിപ്പാൻ യാഗപീഠമുണ്ടാക്കിയ അതേ മോറിയാ മലയിലാണു എന്നും അവിടെ ⇨⇨





## ദളിത്ക്രൈസ്തവരുടെ ഇടയിലെ പ്രവർത്തനങ്ങൾ, ഇന്നലെ, ഇന്ന്, നാളെ ഏകദിന സമ്മേളനം ഡിസംബർ 18 നു

കേരളത്തിൽ അയിത്തജാതിക്കാരുടെ സാമൂഹ്യ നില ഉയർത്തുവാൻ വേണ്ടി പരുമല തിരുമേനിയും മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും നിർവഹിച്ച അധഃകൃതോദ്ധാരണ പ്രവർത്തനങ്ങളിൽ കൂടി ക്രിസ്തുമതം സ്വീകരിച്ചവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ സ്ലീബാദാസ പ്രസ്ഥാന പ്രവർത്തകരുടെയും സഹകാരികളുടെയും ഒരു ഏകദിന സമ്മേളനം 2000 ഡിസംബർ 18–ാം തീയതി തിങ്കളാഴ്ച രാവിലെ 9.30 മുതൽ കേന്ദ്ര ആസ്ഥാനവും പുണ്യശ്ലോകനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കബറിടസ്ഥാനവുമായ കണ്ടനാട് കർമ്മേൽ ദയറായിൽ വച്ചു കൂടുന്നതാണ്.

ക്ലാസുകൾ ചർച്ചകൾ എന്നിവയ്ക്കു ടി.വി. ഫിലിപ്പോസ് കോർഎപ്പിസ്കോപ്പ, ഫാ.ടി.പി. ഏലിയാസ്, പി. തോമസ് ഡോ. തോമസ് അമ്പാടൻ, ടി.വി. ജോൺ, എസ്. കെ. അടൂർ തുടങ്ങിയ സഭാ–സാമൂഹ്യ പ്രവർത്തകർ നേതൃത്വം നൽകും സമ്മേളനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 15–നു മുൻപായി ഫാ. എം. ടി. സാമുവേൽ, ജനറൽ സെക്രട്ടറി, കർമ്മേൽ ദയറാ, കണ്ടനാട്, എറണാകുളം, പിൻ–682 305 എന്ന വിലാസത്തിൽ അറിയിക്കണം.

## 92–ാം വാർഷിക സമ്മേളനം

മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ 92–ാം വാർഷിക സമ്മേളനം 2000 ഡിസംബർ 26 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് പ്രസിഡണ്ട് ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പൊലീത്ത പതാക ഉയർത്തുന്നതോടെ ആരംഭിക്കും. കൊട്ടാരക്കര മൈലം എം.ജി.എം. റെസിഡൻഷ്യൽ സ്ക്കൂളിൽ പരിശുദ്ധ കാതോലിക്കബാവാ കോൺഫറൻസ് ഉൽഘാടനം ചെയ്യും. 30 വരെ നടക്കുന്ന സമ്മേളനത്തിൽ ഡോ. ഫീലിപ്പോസ് മാർ ക്രിസ്സോസ്റ്റം മാർത്തോമ്മ മെത്രാപ്പൊലിത്ത, ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. ബി. വറുഗീസ് മതലായവർ പ്രഭാഷണം നടത്തും.

മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫാ. ടി.ജെ. ജോഷ്വ, ഫാ. ഡോ. കെ. എം. ജോർജ്ജ് എന്നിവർ വേദപഠനക്ലാസ്സുകൾ നയിക്കും. പൗലൂസ് മാർ മിലിത്തിയോസ്, ഗീവറുഗീസ് മാർ കൂറിലോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് മാർ കൂറിലോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, പൗലൂസ് മാർ പക്കോമിയോസ് എന്നിവർ വി. കുർബ്ബാനയ്ക്കും ധ്യാനത്തിനും നേതൃത്വം നൽകും.

⇨⇨

ഇസ്സഹാക്കിനു പകരമായി ബലിയായിത്തീർന്ന ആടിനെ വൃക്ഷമാണു നൽകിയതെന്നുമാണു സൂചന.

വൃക്ഷം ആടിനെ പ്രസവിക്കുമോ? അസംഭവ്യമായതു സംഭവിച്ചു. അതുപോലെയാണു കന്യകയുടെ ഉദരത്തിൽ ക്രിസ്തുവും ഉരുവായതു എന്നു സാരം. അസാധ്യമായതു സാധ്യമായി.

2. രണ്ടാമത്തെ ദൃഷ്ടാന്തം വെള്ളമില്ലാത്ത സ്ഥലത്തു പാറയിൽ നിന്നും വെള്ളം പുറപ്പെട്ടതാണ്. ഇതു പുറപ്പാടു 17:6 ലും സംഖ്യ20:11 ലും വിവരിച്ചിരിക്കുന്നു.

മിസ്രയീമ്യ അടിമത്വത്തിൽ നിന്നു വിടുവിക്കപ്പെട്ട ഇസ്രയേൽ ജനം കനാനിലേക്കുള്ള യാത്രയിൽ പല സ്ഥലങ്ങളിൽ കൂടി കടന്നു പോകേണ്ടിവന്നു. നാല്പതു വർഷത്തോളം അവൻ അങ്ങനെ സഞ്ചരിച്ചു. ആ കാലമത്രയും ദൈവം അവരെ അത്ഭുതകരമായ നിലയിൽ പരിപാലിച്ചു. മാറാ എന്ന സ്ഥലത്തു വച്ചു കൈപ്പുള്ള വെള്ളത്തെ മധുരമുള്ളതാക്കി അവർക്കു നൽകി. ഭക്ഷണം കിട്ടാതിരുന്നപ്പോൾ മന്ന ഭക്ഷണമായി നൽകി. യാത്രയിൽ അവർ രെഫീദിമിൽ എത്തി. അവിടെ കുടിപ്പാൻ വെള്ളമില്ലായിരുന്നു. ജനം കലഹിക്കുകയും മോശയുടെ നേരെ പിറുപിറുക്കയും ചെയ്തു. ദൈവം മോശയോടു അരുളിചെയ്ത പ്രകാരം മോശ ഹോരേബിലെ പാറയെ അടിക്കയും അതിൽ നിന്നു ജനത്തിനു കുടിപ്പാൻ ആവശ്യത്തിനു വെള്ളം പുറപ്പെടുകയും ചെയ്തു.

അസാധ്യമെന്നു കരുതിയതു ഇവിടെയും സംഭവിച്ചു.

3. മൂന്നാമത്തെ ദൃഷ്ടാന്തം ക്രിസ്തുവിനും ശിഷ്യന്മാർക്കും നികുതി കൊടുക്കുവാൻ തക്കവണ്ണം മത്സ്യത്തിന്റെ വായിൽ ദ്രവ്യം കണ്ടെത്തിയതാണ്. വി. മത്താ 17:27 ൽ ഈ സംഭവം വിവരിച്ചിരിക്കുന്നു.

യേശുവും ശിഷ്യന്മാരും യറുശലേം ദൈവാലയത്തിലേക്കു നികുതി കൊടുക്കേണ്ടിയിരിക്കുന്നു. കഫർന്നഹൂമിൽ വച്ചു നികുതി പിരിക്കുന്നവർ അതിനായി പത്രോസിനെ സമീപിച്ചു. കർത്താവിന്റെ കല്പന പ്രകാരം പത്രോസ് കടലിൽ ചെന്നു ചൂണ്ടയിടുകയും ആദ്യം കിട്ടിയ മീനിന്റെ വായിൽ ഒരു ചതുദ്രഷപണം (Shekel) കണ്ടെത്തുകയും ചെയ്തു. ആ പണം നികുതിയായി കൊടുത്തു.

മീനിന്റെ വായിൽ ആ ദ്രവ്യം എവിടെ നിന്നു വന്നു?

മേല്പറഞ്ഞ മൂന്നു ദൃഷ്ടാന്തങ്ങളും കാണിക്കുന്നതു അസാധ്യമാണെന്നു നാം വിചാരിക്കുന്നതു ദൈവത്താൽ സാധ്യമാണ് എന്നാണ്. കന്യകമറിയാമിൽ പുരുഷ ബന്ധം കൂടാതെ യേശുക്രിസ്തു എങ്ങനെ ഉരുവായി എന്നു ചോദിച്ചാൽ അതിനും ഈ ഉത്തരമേ ഉള്ളൂ "ദൈവത്തിനു ഒരുകാര്യവും അസാദ്ധ്യമല്ലല്ലൊ." ■


പാപ്പച്ചൻ മാത്യൂസ് ബറോഡ


തോമസ് എബ്രഹാം ബറോഡ


പി. കെ. കോശി, ചക്കുവരയ്ക്കൽ

## കർത്തൃശുശ്രൂഷയ്ക്ക് യുവാക്കളെ ആവശ്യമുണ്ട്

തികഞ്ഞ ദൈവഭക്തിയും സഭാവിശ്വാസവും വി. മത്തായി 25: 40–ൽ രേഖപ്പെടുത്തിയിരിക്കുന്ന കർത്തൃശുശ്രൂഷകളും തൽസംബന്ധമായി Gloria Orthodox Literary Society (GOLS) മാനേജ്മെന്റ് നിർദ്ദേശിക്കുന്ന ഇതര സ്നേഹ ശുശ്രൂഷകളും നിർവ്വഹിക്കുന്നതിലേക്ക് താഴെ പറയുന്ന യോഗ്യതകളുള്ള ഓർത്തഡോക്സ് ക്രിസ്ത്യൻ യുവാക്കളെ ഉടനടി ആവശ്യമുണ്ട്.

* പ്രായം : 22–40 വയസ്സ്
* വിദ്യാഭ്യാസം : ബിരുദധാരി–ഇംഗ്ലീഷിലും മലയാളത്തിലും നന്നായി പ്രസംഗിക്കുവാനും ലേഖനങ്ങൾ എഴുതുവാനും പ്രാവീണ്യം. ഹിന്ദിയിലും സാധിക്കുമെങ്കിൽ എടുത്തു പറയുക.
* കംപ്യൂട്ടർ പരിചയം : MS, XL, Internet, etc.
* റഫറൻസ് : രണ്ടു വ്യക്തികളുടെ പേര് മേൽവിലാസം, ടെലിഫോൺ നമ്പർ.
* ഡ്രൈവിംഗ് ലൈസൻസ് : കാർ, സ്ക്കൂട്ടർ
* കർത്തൃശുശ്രൂഷയിൽ ഇപ്പോഴുള്ള പ്രവൃത്തിപരിചയം, സഭാ/ഇടവകതലത്തിൽ ചെയ്യുന്ന സേവനം, വിശ്വാസ പഠനയോഗ്യതകൾ.

ദൈവവിളിയുള്ളവർ പാസ്സ്പോർട്ട് സൈസ് ഫോട്ടോ, യോഗ്യതാ സർട്ടിഫിക്കറ്റ് കോപ്പികൾ, ഇടവക വികാരിയുടെ സ്വഭാവ സർട്ടിഫിക്കെറ്റ് എന്നിവയോടുകൂടി 31/12/2000 – നകം കിട്ടത്തക്കവണ്ണം അപേക്ഷിക്കുക.

**K.C. KURIAKOSE, SECRETARY GOLS**
**35/58/B-2, PEARL COMPLEX**
**PALARIVATTOM, KOCHI - 682025**



## ST. MATHEWS GOSPEL TEAM

### സുവിശേഷ പ്രഘോഷണവും സംഗീത വിരുന്നും

മലങ്കര സഭയിലെ പ്രഗത്ഭ വൈദികശ്രേഷ്ഠർ വചന പ്രഘോഷണങ്ങൾക്ക് നേതൃത്വം നൽകുന്നു. മദ്ധ്യസ്ഥ പ്രാർത്ഥന, രോഗശാന്തി ശുശ്രൂഷ, കൗൺസിലിംഗ്, മുതലായവ ഓരോദിവസങ്ങളിൽ പ്രത്യേകമായി ക്രമീകരിക്കുന്നു.

ചലചിത്ര പിന്നണിഗായകൻ അലക്സ് കെ. പോളിന്റെ നേതൃത്വത്തിൽ ഉള്ള ടീം ഒരുക്കുന്ന സംഗീത വിരുന്ന്.

ഇന്ത്യയിലും വിദേശത്തുമുള്ള ക്രിസ്ത്യൻ ദേവാലയങ്ങളിൽ പെരുന്നാളുകളോടോ, പ്രത്യേക പരിപാടികളോടോ അനുബന്ധിച്ച് ഏഴുദിവസംവരെ സുവിശേഷ ഘോഷണവും, സംഗീത വിരുന്നും സുവിശേഷവേല ലക്ഷ്യമാക്കി ചുരുങ്ങിയ ചിലവിൽ നടത്തിക്കൊടുക്കുന്നു.



പ്രോഗ്രാംബുക്കിംഗിന് ബന്ധപ്പെടുക Ph: 0473-343385

**ALEX K. PAUL, Kuttikattil**
**Kizhavalloor P.O., Konni**
**Pathanamthitta,**

*Our Cassets:-* St. Mathews Audios Presents

പ്രാർത്ഥനാപൂക്കൾ, ആശ്രയം

Release Soon - അൻപുടയോൻ (ക്രിസ്തീയ കൺവൻഷൻ ഗാനങ്ങൾ)


# കാര്യവിചാരകത്വം സഭാതലത്തിൽ

**മാത്യൂസ് ബർന്നബാസ് മെത്രാപ്പോലീത്ത**

**നാ**മും നമുക്കുള്ള സർവ്വവും ദൈവത്തിന്റെ ദാനമാണെന്നും, ദൈവമഹത്വത്തിനും മനുഷ്യരുടെ സമൃദ്ധിയായ ജീവനുമായി, നാമും നമുക്കുള്ളവയും ചെലവാക്കപ്പെടേണ്ടതാണെന്നുള്ള ചിന്തയാണ് കാര്യവിചാരകത്വബോധം. ഇത് ലോകത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കയല്ലേ എന്ന് സംശയിക്കുന്നു. കോട്ടയം മെത്രാസനത്തിലെ അഭിവന്ദ്യ ഈവാനിയോസ് തിരുമേനിയുടെ, ആ മെത്രാസനത്തിനായി അയച്ച കൽപ്പനയിൽ വെടിക്കെട്ടും മറ്റ് ആർഭാടങ്ങളും നിരോധിച്ചതിനോടു ചിലർക്കുണ്ടായ എതിരായ പ്രതികരണമാണ്, ഈ ചെറുലേഖനത്തിന് എന്നെ പ്രേരിപ്പിച്ചത്.

നമ്മുടെ സഭാപിതാക്കന്മാർ വെടിക്കെട്ടും മറ്റും നിരോധിച്ച് കല്പനകൾ ഇറക്കിയതിനെ ഉറപ്പിച്ച് തിരുമേനി കല്പന് അയയ്ക്കുകയാണ് ചെയ്തത്. ദശാംശം മുഴുവനും ദൈവത്തിനും സാധുസംരക്ഷണത്തിനുമായി ചെലവഴിക്കേണ്ട നമ്മിൽ ഭൂരിപക്ഷവും അങ്ങനെ ചെയ്യുന്നില്ല. അതേ സമയത്ത് പള്ളിയിലെ പണം ആർഭാടങ്ങൾക്കായി ചെലവാക്കുകയും ചെയ്യുന്നു.

സ്വന്ത ആവശ്യങ്ങൾ പരമാവധി കുറയ്ക്കുകയും, ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കു പരമാവധി ചെലവാക്കുകയും ചെയ്യുന്ന ദിവ്യസ്നേഹത്തിൽ നാം വളരേണ്ടിയിരിക്കുന്നു. യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കുമായി ഞാൻ അവന് എന്ത് പകരം കൊടുക്കും? (സങ്കീ. 116:12) എന്ന് പറയുന്ന നന്ദിയുള്ള ഹൃദയത്തിൽ നിന്ന് വേണം, ധാരാളമായി ഔദാര്യം ചെയ്യേണ്ടത്. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നത്. (2 കോരി. 5:14) എന്ന് പറയുന്ന അനുഭവം നമ്മിൽ ഉണ്ടാകുമ്പോൾ, ആർഭാടത്തിന് സ്ഥാനമില്ലാതെ വരും. വ്യക്തികളും സമൂഹങ്ങളും ഇതിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദാരിദ്ര്യവ്രതം എടുത്ത വ്യക്തികളും സമൂഹങ്ങളും ഒരു സ്വയം പരിശോധന നടത്തുന്നത് നന്നായിരിക്കും.

പരിശുദ്ധന്മാരുടെ പെരുന്നാൾ കൊണ്ടാടുമ്പോൾ, അവരുടെ ആത്മാവിൽ ഇരട്ടി പങ്കു ലഭിക്കുന്നതിനായി നാം പ്രാർത്ഥിക്കേണ്ടതല്ലേ? ലളിത ജീവിതം നയിച്ചു പരമാവധി സാധുക്കളെ സഹായിച്ച പരുമല തിരുമേനിയുടെ പെരുന്നാൾ കൊണ്ടാടുമ്പോൾ, തിരുമേനിയുടെ ജീവിതത്തെ അനുകരിക്കാൻ നാം ശ്രദ്ധിക്കേണ്ടതല്ലേ?

ഞാൻ കോലഞ്ചേരി ആശുപത്രിയിൽ ചാപ്ലെനായിരുന്നപ്പോൾ, സമീപത്തുള്ള മുഴുവന്നൂരിൽ പരുമലതിരുമേനി സന്ദർശിച്ച സംഭവം കേട്ടിട്ടുണ്ട്. കുറെ സാധുക്കൾ ചുങ്കം കൊടുക്കാതെ പുകയിലകൊണ്ടു വന്ന് രാത്രിയിൽ വിൽക്കുന്ന ബിസിനസ്സ് തുടങ്ങി. പുകയില വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും നല്ല ആദായം. അവർ പകൽ ജോലിയ്ക്ക് പോകാതെവന്നപ്പോൾ, ഒരാൾ ഇവരെ ഒരു പാഠം പഠിപ്പിക്കുവാനായി എക്സൈസ് ഇൻസ്പെക്ടറെ വിവരം അറിയിച്ചു. അങ്ങനെ രാത്രിയിൽ അവരെ തൊണ്ടി സഹിതം പിടിച്ചു. വലിയ ഒരു തുക അവർ പിഴയായി കൊടുക്കേണ്ടിവരികയും ചെയ്തു. അങ്ങനെ അവർ പട്ടിണിയിലായിമ വിഷമിക്കുന്ന സന്ദർഭത്തിലാണ്, പരുമല തിരുമേനി മുഴുവത്തൂർ പള്ളി സന്ദർശിച്ചത്. അവർ തിരുമേനിയെ കണ്ടു സങ്കടം ബോധിപ്പിച്ചു ഉടനെ തിരുമേനി കൈപ്പെട്ടി തുറന്ന്, ഓരോരുവനും അഞ്ച് രൂപ വീതം കൊടുത്ത് പറഞ്ഞു, "ഗവൺമെന്റ് നിയമം ലംഘിച്ച് പണമുണ്ടാക്കുന്നത് പാപമാണ്. ഈ പണം കൊണ്ട് നിങ്ങൾ കപ്പക്കച്ചവടം നടത്തി ജീവിക്കണം." അക്കാലത്ത് അഞ്ചു രൂപ വിലയുള്ള തുകയായിരുന്നു ഇതിൽ നിന്നും രണ്ടു കാര്യങ്ങൾ നമുക്ക് പഠിക്കാനുണ്ട്. 1) തിരുമേനി ഏറ്റവും ലളിതമായി ജീവിച്ചു. 2) തന്മൂലം ആവശ്യാനുസരണം സാധുക്കളെ സഹായിക്കാൻ സാധിച്ചു. പരുമല തിരുമേനിയുടെയും മറ്റുപരിശുദ്ധന്മാരുടെയും പെരുനാളുകൾ കൊണ്ടാടുമ്പോൾ, നമ്മളിൽ എത്രമാത്രം രൂപാന്തരമുണ്ടാകുന്നെന്ന് ചിന്തിക്കേണ്ടതാണ്.

ഭൂരിപക്ഷത്തിന്റെ പേരിൽ പലയിടത്തും ഉണ്ടാകുന്ന തെറ്റായ പ്രവണതകൾ തിരുത്തേണ്ട ചുമതല എപ്പിസ്ക്കോപ്പന്മാർക്കും, വൈദീകർക്കും അയ്മേനികളിലെ നേതാക്കന്മാർക്കും ഉണ്ട്.

ദൈവം തരുന്ന നന്മകളോടുള്ള നന്ദി പ്രകടനമായി, ഔദാര്യമായി ദൈവമക്കളെ സഹായിക്കാൻ നാം ഉത്സാഹിക്കേണ്ടിയിരിക്കുന്നു. പലരും magnificent pations ആയി ഖ്യാതി നേടാൻ ആഗ്രഹിക്കുന്നു. (മഹാത്മാരായ പരോപകാരികൾ) suffering revarts (കഷ്ടപ്പെടുന്ന ദാസന്മാർ) ആകാൻ ചുരുക്കം പേരെ സന്നദ്ധരാകുന്നുള്ളു. വലകൈ ചെയ്യുന്നത് ഇടകൈ അറിയാതെ സൂക്ഷിക്കുകയും ചെയ്യണം.

"നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്ന് ഉയിർത്തെഴുന്നേറ്റ കർത്താവ് വി. പത്രോസിനോടു ചോദിച്ചിട്ട്, "എന്റെ കുഞ്ഞാടുകളെ മേയ്ക്ക" എന്നും "എന്റെ ആടുകളെ പാലിക്കുക" എന്നും എന്റെ ആടുകളെ മേയ്ക്ക എന്നും പറഞ്ഞതായി നാം വായിക്കുന്നു (വി. യോഹ. 21:15–17) നീ എന്നെ സ്നേഹിക്കുന്നു എങ്കിൽ എനിക്ക് വേണ്ടി ആർഭാടങ്ങൾ സ്വീകരിക്കണമെന്ന് കർത്താവ് ഒരിക്കലും പറഞ്ഞിട്ടില്ല, പറയുകയുമില്ല.

ആർഭാടങ്ങൾ വേണ്ടെന്നല്ലാതെ, അലങ്കാരങ്ങൾ വേണ്ടന്ന് പറയുന്നില്ല. ദേവാലയ നിർമ്മാണത്തിലും ആരാധനകളിലെ വേഷവിധാനങ്ങളിലും ഒരു പരിധി വരെ അലങ്കാരങ്ങൾ ആവശ്യവുമാണ്.

ആ പരിധി നിർണ്ണയിക്കുന്നതിലാണ് ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകുന്നത്. ക്രിസ്തുവിനോടും തന്റെ മക്കളോടുമുള്ള സ്നേഹമാണ് ഇത് നിർണ്ണയിക്കേണ്ടത്. "ഹോ" എന്ന് പറഞ്ഞ് ആശ്ചര്യപ്പെടുന്നതിനു "ഹേ" എന്നു പറഞ്ഞു നിന്ദിക്കുന്നതിനും ഇടയാകാതെ, "ഹാ" എന്നുപറഞ്ഞ് മനുഷ്യർ സന്തോഷിക്കത്തക്കവണ്ണമുള്ള വേഷവിധാനങ്ങളും, വിരുന്നുസൽക്കാരങ്ങളും, ദേവാലയ നിർമ്മാണവും, എല്ലാം ഉണ്ടാകുകയാണ് കരണീയം.

പ്രിയപ്പെട്ട വായനക്കാർ പ്രാർത്ഥനയോടു കൂടെ ചിന്തിച്ച്, സഭയുടെ കെട്ടുപണിക്കായി പ്രവർത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

○

# നിരണം ഗ്രന്ഥവരി

പഠനവും സംശോധനവും - എം. കുര്യൻ തോമസ്

പ്രസാധകർ - സോഫിയാ ബുക്സ്-കോട്ടയം, പേജ് 287, വില 100 രൂപ

അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ, കുന്നംകുളം

മലയാള ഭാഷയിലെ പ്രഥമ ചരിത്ര ഗ്രന്ഥമെന്നു ഉറപ്പിച്ചു പറയാവുന്ന നിരണം ഗ്രന്ഥവരി 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ എഴുതാൻ തുടങ്ങിയതായി ഗ്രന്ഥത്തിൽ സൂചനയുണ്ട്. 179 ഓലകളുടെ രണ്ടു പുറത്തുമായി ഏതാണ്ട് നാളാഗമ രീതിയിൽ എഴുതപ്പെട്ടിട്ടുള്ളതാണ് ഈ അമൂല്യ ഗ്രന്ഥം. കേരള ക്രൈസ്തവരുടെ ചരിത്രത്തിനു മുൻതൂക്കം കൊടുത്തുകൊണ്ട് രചിച്ചിട്ടുള്ള ഈ മഹത്തായ ചരിത്ര ഗ്രന്ഥം ഇതേവരെ അറിയപ്പെട്ടിട്ടില്ലാത്ത പല ചരിത്ര സത്യങ്ങളും വെളിപ്പെടുത്തുന്നു. വർത്തമാന പുസ്തകത്തിന്റെ മുൻഗാമിയായി നിരണം ഗ്രന്ഥവരിയെ കണക്കാക്കാം. തമിഴിന്റെ സ്വാധീനത്തിൽ നിന്നും വിടുതൽ പ്രാപിച്ച പ്രാചീന മലയാള ഭാഷയുടെ വികാസപരിണാമങ്ങൾ ഈ കൃതിയിൽ നിന്നും ഭാഷാസ്നേഹികൾക്കു മനസ്സിലാക്കാം. ഗവേഷണ വിദ്യാർത്ഥികൾക്ക് ഈ പുസ്തകം ഒരു മുതൽകൂട്ടാണ്. സഭാ സ്നേഹികൾ ഈ ഗ്രന്ഥത്തെ നെഞ്ചോടു ചേർത്ത് ലാളിക്കുക തന്നെ ചെയ്യും. ഗ്രന്ഥത്തിന്റെ ആദ്യ ഭാഗം വലിയ മാർ ദീവന്നാസ്യോസ് തന്നെ എഴുതിയതാണെന്നാണ് ഈ എഴുത്തുകാരന്റെ വിശ്വാസം. ശേഷം ഭാഗം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മറ്റൊരാൾ എഴുതിയതാണെന്ന് ഗ്രന്ഥത്തിൽ തന്നെ ഒരിടത്ത് പറയുന്നുണ്ട്.

ശ്രീ. എം. കുര്യൻ തോമസ് സംശോധന ചെയ്ത് തയ്യാറാക്കിയ ഈ പുസ്തകം മറിച്ചു നോക്കുമ്പോൾ ആദ്യം വായനക്കാർ കാണുന്നത് ഗ്രന്ഥകർത്താവിന്റെ വാങ്മുഖമാണ്. പുസ്തകത്തെക്കുറിച്ച് മുഖവരയായി അത്യാവശ്യം പറയേണ്ട കാര്യങ്ങൾ രണ്ടു പേജിൽ അദ്ദേഹം ഒതുക്കി പറഞ്ഞിരിക്കുന്നു. അടുത്തതായി ഡോ. എം. ആർ. രാഘവവാരിയരുടെ പണ്ഡിതോചിതമായ അവതാരികയാണ്. ഗ്രന്ഥത്തിന്റെ പ്രസാധകരായ ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ, ഫാ. റ്റി. പി. ഏലിയാസ്, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ ചേർന്നെവുതിയ പ്രസാധകക്കുറിപ്പാണ് അടുത്തതായി നാം കാണുന്നത്. അപൂർവ്വം വ്യക്തികളുടെ കയ്യിൽ ഒരുങ്ങികിടക്കുന്ന ഈ പുരാതന ഗ്രന്ഥം എങ്ങിനെ ഇപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു എന്ന് യാതൊരു വളച്ചുകെട്ടലും, അമിതപ്രശംസയും കൂടാതെ അവർ ഭാഷാ സ്നേഹിതരോട് തുറന്നു പറയുന്നു. ഈ ഗ്രന്ഥത്തിന്റെ എഡിറ്റിങ്ങ് നിർവ്വഹിക്കുന്നതിന് ശ്രീ. എം. കുര്യൻ തോമസ്സിനെ ഏൽപിച്ചതും അദ്ദേഹം അഞ്ചു മാസത്തെ ഭഗീരഥ പ്രയത്നത്തിന്റെ ഫലമായി ഈ കൃതി അദ്ധ്യായങ്ങൾ തിരിച്ചും, ഉപശീർഷകങ്ങൾ നൽകിയും, അടിക്കുറുപ്പുകൾ ചേർത്തും, ഓരോവിഷയത്തിനും യുക്തമായ പഠനങ്ങൽ ഉൾപ്പെടുത്തിയും തയ്യാറാക്കി എന്നും വായിക്കുമ്പോൾ സഭാ ചരിത്രത്തിൽ തൽപ്പരരായ വായനക്കാർ ആപ്രസ്താവന ഹൃദയപൂർവ്വം സ്വാഗതം ചെയ്യും. ഗ്രന്ഥക്കെട്ടിലെ ഓലകൾക്ക് ക്രമനമ്പർ ഇല്ലാത്തതിനാൽ കുഴഞ്ഞ് മറിഞ്ഞ് ശരിയായ ഓർഡറിലല്ലാ കെട്ടി വെച്ചിരുന്നത്. ഓലയുടെ തുടർച്ചയായ അടുത്ത ഓര കണ്ടുപിടിക്കാൻ പ്രയാസമാണ്. ചില ഓലകൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും സംശയമുണ്ട്. പാരഗ്രാഫോ, ഫുൾസ്റ്റോപ്പോ, ഇല്ലാതെയാണ് ഓലയിൽ എഴുതിവെച്ചിട്ടുള്ളത്. അതെല്ലാം ശരിപ്പെടുത്തിയെടുക്കാൻ കുറച്ചൊന്നും ബുദ്ധിമുട്ടിയാൽ പോര.

നിരണംഗ്രന്ഥവരി-ഉപോദ്ഘാതം എന്ന തലക്കെട്ടിൽ നാല്പത്തിയാറ് പേജിൽ ഗ്രന്ഥകർത്താവ് നിരണം ഗ്രന്ഥവരിയെക്കുറിച്ച് അത്യാവശ്യം അറിഞ്ഞിരിക്കേണ്ടതായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഭാഗം ഈ പുസ്തകത്തിന് തിലകക്കുറിയായി ശോഭിക്കുന്നു. ഉന്നത ന്യായപീഠത്തിലെ പ്രഗൽഭനായ ഒരു ന്യായാധിപൻ എഴുതുന്ന വിധിന്യായത്തിനോട് ഉപമിക്കാവുന്ന ഈ ഉപോത്ഘാതം വായിക്കുമ്പോൾ മലങ്കര സഭാചരിത്രത്തിൽ ഇത്രനാളും കെട്ടിപ്പടുത്തും താങ്ങിനിർത്തിയിരുന്ന മിഥ്യാ ധാരണകൾ അടിയോടെ തകർന്നുവീഴുന്ന കാഴ്ചയാണ് കാണാൻ കഴിയുക. പലർക്കും, അരുചിക്കും, അഭിമാനക്ഷയത്തിനും അതിലെ വരികൾ കാരണമായേക്കും. ഇതെല്ലാം ഭയന്നിട്ടാണ് നിരണം ഗ്രന്ഥവരി പ്രസിദ്ധപ്പെടുത്തുവാൻ പലരും മടിച്ചിരുന്നതെന്നു വേണം പറയാൻ. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് സഭയ്ക്ക് ദോഷകരമാവും എന്ന ചിലരുടെ ഭയം മൂലം ഈ കൃതി ഇതുവരെ വെളിച്ചം കാണാതിരിക്കുകയായിരുന്നു എന്ന പ്രസാധകക്കുറിപ്പിലെ പ്രസ്താവന അക്ഷരം പ്രതി ശരിയാണ്.

നിരണം ഗ്രന്ഥവരിയിലെ ഉള്ളടക്കം പല അദ്ധ്യായങ്ങളിലായി ശ്രീ. കുര്യൻ തോമസ് വേർ തിരിച്ച് സുഗമമാക്കിയിരിക്കുന്നു. പഴമയുടെ കാലങ്ങൾ, പുതുമയുടെ കാലങ്ങൾ, മലയാളത്തിലുണ്ടായ കാര്യങ്ങൾ, കടമറ്റത്തു അച്ചൻമാർ, വിശ്വാസകാര്യങ്ങൾ, മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ, മാർത്തോമ്മാ ശ്ലീഹായും കൊടുങ്ങല്ലൂർ ദേവിയും, പല കൂട്ടം കാര്യങ്ങൾ, വജ്രലക്ഷണം, ഒരു എഴുത്ത്, മാർ ഈവാനിയോസിന്റെ മെമ്രകൾ (പദ്യം) ഇത്രയുമാണ് അദ്ധ്യായങ്ങൾ. ഇവയിൽ പ്രത്യക്ഷപ്പെടുന്ന ദുർഗ്രഹങ്ങളായ വിഷയങ്ങൾക്കും, പദാവലികൾക്കും എല്ലാം കൂടി 633 കുറിപ്പുകൾ ശ്രീ. കുര്യൻ തോമസ് തനിച്ച് തയ്യാറാക്കിയിരിക്കുന്നു എന്ന വസ്തുത വിസ്മയകരമായിരിക്കുന്നു. അസാമാന്യമായ ക്ഷമയും, ഉത്തുംഗപാണ്ഡിത്യവും, അതിസമർത്ഥമായ അന്വേഷണബുദ്ധിയും, ഒത്തുചേർന്നവർക്കെ ഇത് സാധ്യമാകൂ. അഞ്ചു മാസത്തെ അശ്രാന്ത പരിശ്രമം കൊണ്ട് അതെല്ലാം സാധിച്ചു എന്നു പറയുമ്പോൾ ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായി ഡിക്ഷണറി ഒറ്റക്കിരുന്നു എഴുതി തീർത്ത ഡോക്ടർ സാമുവൽ ജോൺസന്റെ പിൻമുറക്കാർ ഈ കൊച്ചു കേരളത്തിലും ഉണ്ടെന്ന് സമ്മതിക്കേണ്ടിവരും.

കണിയാന്ത്ര താളിയോല ഗ്രന്ഥത്തെക്കുറിച്ച് പ്രൊ. ജോസഫ് കെ. അലക്സാണ്ടർ എഴുതിയ ലേഖനം വിജ്ഞാനപ്രദമാണ് ഫാ. ജോസി ജേക്കബ് പൊന്നേടത്തും, ഫാ. ഡോ. എം. ജോൺ പണിക്കർ, ഫാ. ഡോ. ബി. വർഗ്ഗീസ്, ഡോ. എം. എൻ. ശശിധരൻ ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, പ്രൊ. മേരി മാത്യു എന്നിവരുടെ പഠനാർഹമായ ലേഖനങ്ങൾ ഗ്രന്ഥവരിയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ സഹായിക്കും. നിരണം ഗ്രന്ഥവരിയിലെ തീയതികളെക്കുറിച്ചും, കാലഗണനയെക്കുറിച്ചും വർഗ്ഗീസ് ജോൺ തോട്ടപുഴയുടെ ലേഖനം നല്ലൊരു റഫറൻസ് രേഖയാണ്. നിരണം ഗ്രന്ഥവരിയിൽ പലേടത്തുമായി കാണുന്ന പ്രാചീന പദങ്ങളുടെ അർത്ഥം പുസ്തകത്തിന്റെ അവസാന ഭാഗത്തു കൊടുത്തിരിക്കുന്നത് വായനക്കാർക്ക് പ്രയോജനകരമാണ്.



# പ. ഔഗേൻ ബാവാ സമർപ്പണ ജീവിതം നയിച്ച ആത്മീയ പിതാവ്: എക്യുമെനിക്കൽ പാത്രിയർക്കീസ്

പരുമല: സത്യത്തിൽ അടിയുറച്ച് വിശ്വാസ സ്ഥിരതയോടെ ക്രിസ്തുവിനുവേണ്ടി സമർപ്പണ ജീവിതം നയിച്ച സഭാപിതാക്കന്മാരുടെ ജീവിതവും ദർശനവും സഭയ്ക്കഭിമാനകരമാണെന്ന് സർവ്വശ്രേഷ്ഠ പരിശുദ്ധ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയ ഒന്നാമൻ പ്രസ്താവിച്ചു.

പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ ചരമരജതജൂബിലി ആഘോഷങ്ങൾ പരുമലസെമിനാരിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവ സമൂഹത്തിൽ പരസ്പരം സംസർഗ്ഗമില്ലാത്ത സഭാവിഭാഗങ്ങൾ ഉണ്ട്. ദൈവത്തിൽ വിശ്വസിക്കുന്ന ഏവരും ക്രിസ്തുവിൽ ഒന്നാകുവാൻ നമ്മൾ പ്രാർത്ഥിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.



സ്നേഹോഷ്മള സ്വീകരണം
 പ. കാതോലിക്കാ ബാവായും എക്യുമെനിക്കൽ പാത്രിയർക്കീസും

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമോന്നത ബഹുമതിയായ "ഓർഡർ ഓഫ് സെന്റ് തോമസ്" എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയ ഒന്നാമന് പരിശുദ്ധ കാതോലിക്കാബാവാ സമ്മാനിച്ചു. ഇത് സംബന്ധിച്ച് അറിയിപ്പ് സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ് വായിച്ചു.

ബസേലിയോസ് ഔഗേൻ പ്രഥമൻ ചാരിറ്റബൾ എൻഡോവ്മെന്റ് ഫണ്ടിന്റെ ഉദ്ഘാടനം മന്ത്രി പി.ജെ. ജോസഫ് നിർവ്വഹിച്ചു. എൻഡോവ്മെന്റ് ഫണ്ടിലേക്ക് എക്യുമെനിക്കൽ പാത്രിയർക്കീസ് 1000 ഡോളർ സംഭാവന ചെയ്തു.

ഡോ. ഡി. ബാബു പോൾ ഔഗേൻ ബാവാ അനുസ്മരണ പ്രഭാഷണം നടത്തി ഡോ.




പരുമലയിലെ പൊതുസമ്മേളനം പ. എക്യുമെനിക്കൽ പാത്രിയർക്കീസ് ഉദ്ഘാടനം ചെയ്യുന്നു.

ഗീവർഗീസ് മാർ ഒസ്ത്താത്തിയോസ് ആശംസകളർപ്പിച്ചു. നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് സ്വാഗതവും സഭാ സെക്രട്ടറി എ.കെ. തോമസ് നന്ദിയും പറഞ്ഞു.

Merry 'X' mas & Happy New Year
ARTIST
JOSEPH. A.V.
(POST DIPLOMA)
0479-451920
PORTRAIT, LANDSCAPE, INTERIOR DESIGN, CHURCH DESIGN & PAINTING
INA PUBLICITY
KOODATHIL, PERISSERY. P.O, KERALA
HOARDINGS * BOARD * BANNER* SCREEN PRINTING, REFLECTION STICKER, ART WORKS

ഭക്തിഗാനം

## ദൈവസ്നേഹം

പാപിയെ സ്നേഹിച്ച നാഥാ
പാപത്തെ ദ്വേഷിച്ച നാഥാ
എൻ ദോഷങ്ങൾ പൊറുക്കേണമെ
എന്നെ സ്വീകരിക്കേണമെ
നിന്റെ നിത്യപാതയിൽ തണലിൽ
എന്നെ നടത്തേണമെ
നിന്റെ ത്യാഗത്തിൽ വഴിയിൽ
എന്നെ നയിക്കേണമെ
നിന്റെ ബലമാർന്ന ഭുജങ്ങളിൽ
എന്നെ താങ്ങേണമെ
നിന്റെ ശക്തിയുള്ള വചനത്താൽ
എന്നെ നയിക്കേണമെ

ഷീൻമോൾ, മാവേലിത്തറ

## വെബ്സൈറ്റ്

മലങ്കര സഭയെക്കുറിച്ചും സുൽത്താൻ ബത്തേരി ഭദ്രാസനത്തെക്കുറിച്ചുമുള്ള വിവരങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണ്. വിലാസം http- www.malankarao...\sulthan bethery diocese.htm

## കാലത്തിന്റെ വെല്ലുവിളികളെ സധൈര്യം നേരിട്ട പിതാക്കന്മാർ–മാർ യൗസേബിയോസ്

കോട്ടയം: കാലത്തിന്റെ വെല്ലുവിളികളെ സധൈര്യം നേരിട്ട് അതിനോട് ശക്തമായി പ്രതികരിച്ച പിതാക്കന്മാരായിരുന്നു പുലിക്കോട്ടിൽ ദീവന്നാസിയോസ് മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും എന്ന മാർ യൗസേബിയോസ് പ്രസ്താവിച്ചു. പഴയസെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് (1) മെത്രാപ്പോലീത്തായുടെയും ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെയും ഓർമ്മപെരുന്നാളിൽ വി. കുർബ്ബാനയ്ക്കിടെ പ്രസംഗിക്കുകയായിരുന്നു ഇദ്ദേഹം. നവം. 23,24 തീയതികളിൽ ആഘോഷിച്ചു. 23–ാം തീയതി വൈകിട്ട് ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലിത്താ അനുസ്മരണ പ്രഭാഷണം നടത്തി. വി. മൂന്നിന്മേൽ കുർബാനയ്ക്ക് പ. കാതോലിക്കാ ബാവാ നേതൃത്വം നൽകി

## ഓർമ്മപെരുന്നാൾ

**പത്തനാപുരം:** കാലം ചെയ്ത മാർ തോമ്മാ ദീവന്നാസ്യോസ്, സഖറിയാ മാർ ദീവന്നാസ്യോസ് എന്നീ മെത്രാപ്പോലീത്താമാരുടെ ഓർമ്മപെരുന്നാൾ ഡിസംബർ 3,4, തീയതികളിൽ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. ഓർമ്മപെരുന്നാളിനോടനുബന്ധിച്ചുള്ള ധ്യാനപ്രസംഗങ്ങൾക്ക് ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. കെ. എൽ. മാത്യുവൈദ്യൻ, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവർ നേതൃത്വം നൽകി.

## വാർഷികസമ്മേളനം

മലങ്കര ഓർത്തഡോക്സ് സഭ അമേരിക്കൻ ഭദ്രാസന മർത്തമറിയം വനിതാസമാജത്തിന്റെ വാർഷിക സമ്മേളനം ഒക്ടോബർ 14–ന് ന്യൂയോർക്കിൽ, ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമനസ്സിലെ നേതൃത്വത്തിൽ നടന്നു.

"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരാകുവിൻ" (1 പത്രോസ് 1:16) എന്നതായിരുന്നു സമ്മേളനത്തിന്റെ പ്രധാന ചിന്താവിഷയം. കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി ആയിരുന്നു മുഖ്യപ്രഭാഷകൻ. ഇടവക വികാരി വെരി. റവ. ടി. എം. സഖറിയാ കോർഎപ്പിസ്കോപ്പാ സമ്മേളനത്തിൽ സംബന്ധിച്ചവർക്കു സ്വാഗതവും സരോജാ വർഗീസ് നന്ദിയും പറഞ്ഞു. അടുത്ത വർഷത്തെ സമാജത്തിന്റെ ഭാരവാഹികളായി സരോജാ വർഗീസ് ജനറൽ സെക്രട്ടറിയായും സാറാമ്മ ജോർജ്ജ് ട്രഷറർ ആയും തെരഞ്ഞെടുക്കപ്പെട്ടു.

## സൺഡേസ്ക്കൂൾ അദ്ധ്യാപക പരിശീലന ക്യാമ്പ്

സെപ്റ്റംബർ മാസം 11,12,13 തീയതികളിൽ ബത്തേരി ഭദ്രാസനത്തിലെ സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കായി ത്രിദിന പരിശീലന ക്ലാസ്സ് നടത്തി. അഭി. കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനി കോട്ടയം വൈദീക സെമിനാരി അദ്ധ്യാപകരായ ബഹു. ഡോ. ഒ. തോമസ് അച്ചൻ, ബഹു. ഡോ. ജോൺ പണിക്കർ അച്ചൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഏറ്റവും കൂടുതൽ അദ്ധ്യാപകരെ പങ്കെടുപ്പിച്ചതിന് താളൂർ സൺഡേസ്ക്കൂളിന് സമ്മാനം ലഭിച്ചു.

## ഒറീസ്സയിലെ വീടുകൾ 10–നു കൈമാറുന്നു

ഭുവനേശ്വർ: ഒറീസ്സയിൽ മലങ്കരസഭ ഏറ്റെടുത്ത അഞ്ചു ഭവനങ്ങളിൽ രണ്ടാമത്തെയും മൂന്നാമത്തെയും ഗ്രാമങ്ങളിലെ വീടുകൾ ഡിസംബർ 10–നു മൂന്നു മണിക്കു ഒറീസ്സാ പഞ്ചായത്തു മന്ത്രി സുരേന്ദ്രനാഥ് നായിക് ഗുണഭോക്താക്കൾക്കു കൈമാറുന്നതാണ് യോഗത്തിൽ മിഷൻ ബോർഡു പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, കൽക്കട്ടാ ഭദ്രാസന മെത്രാപ്പോലീത്ത സ്തേഫാനോസ് മാർ തേവോദോസിയോസ്, ഒരു ഗ്രാമത്തിലെ മുഴുവൻ വീടുകളും നിർമ്മിക്കാൻ 28 ലക്ഷം രൂപ സംഭാവന ചെയ്ത കെ. ടി. ഇടിക്കുള, എന്നിവർ പ്രസംഗിക്കും.

## സെന്റ് ബേസിൽ ബൈബിൾസ്ക്കൂൾ ഓറിയന്റേഷൻ സെന്റർ–ശാസ്താംകോട്ട

മെയ് മാസം ആരംഭിച്ച ബൈബിൾ സ്ക്കൂളിലെ 7–മത്തെ ബാച്ചിന്റെ പഠനം നവംബർ 30–നു പൂർത്തിയായി. പുരുഷന്മാരുടെ നാലു ബാച്ചുകളും, സ്ത്രീകളുടെ മൂന്നു ബാച്ചുമാണു കഴിഞ്ഞത്. രണ്ടു വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ് ലേക്കും ധാരാളം സഭാവിശ്വാസികൾ ചേർന്നുകഴിഞ്ഞു 2001–ലേക്കുള്ള അപേക്ഷകൾ മുന്നമെ അയച്ചു ഏതു മാസത്തേക്കുള്ള ബാച്ചിലാണ് പഠിക്കുവാൻ ആഗ്രഹിക്കുന്നത് അറിയിക്കുന്നതു നല്ലതായിരിക്കും.

| *പുരുഷന്മാരുടെ ബാച്ചുകൾ* | *സ്ത്രീകളുടെ ബാച്ചുകൾ* |
|---|---|
| ജനുവരി | ഫെബ്രുവരി |
| മാർച്ച് | ഏപ്രിൽ |
| മെയ് | ജൂൺ |
| ജൂലൈ | ആഗസ്റ്റ് |
| സെപ്റ്റംബർ | ഒക്ടോബർ |
| നവംബർ | ഡിസംബർ |

**അപേക്ഷ അയക്കേണ്ട വിലാസം**

Fr. V.M. James (The Director)
St. Basil Bible School Orientation Centre
Lake view, Muthupilakkad p.o.
(Via) poruvazhy
Pin - 690520





## മണർകാട് പള്ളി ഭരണസമിതി ഭരണഘടനാ വിരുദ്ധം – ഹൈക്കോടതി

1934 ലെ സഭാഭരണഘടന മണർകാടു പള്ളിക്കു ബാധകം ഭരണഘടനനിഷേധിക്കുന്ന വികാരിക്കും ധിക്കരിച്ചു തെരഞ്ഞെടുക്കപ്പെട്ട പള്ളി ഭരണസമിതിക്കും ഭരണാർഹതയില്ലെന്ന് കേരള ഹൈക്കോടതി വിധിച്ചു.

1934 ലെ സഭാ ഭരണഘടന നിഷേധിക്കുന്ന ഫാ. മാത്യു പി. ഏലിയാസിന് മണർകാടു പള്ളി വികാരി ആയിരിക്കാൻ അർഹതയില്ലെന്നും, സഭാ ഭരണഘടന പ്രകാരമല്ലാതെ അദ്ദേഹം നടത്തിയ ഇടവക ഭരണ സമിതി തെരഞ്ഞെടുപ്പ് അസാധുവാണെന്നും വിധിന്യായത്തിൽ ജസ്റ്റീസ് ശങ്കരനാരായണൻ വിധിച്ചു.

കോട്ടയം ഇടവക മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ് നിയമിച്ച വികാരി ഫാ. ഈ. കെ. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി തെരഞ്ഞെടുത്ത ഇടവക ഭരണ സമിതി സാധുവായിട്ടുള്ളതാണെന്നും വിധിയിൽ പറഞ്ഞിട്ടുണ്ട്.

(വിശദവിവരങ്ങൾ അടുത്ത ലക്കത്തിൽ).

## 77–ാം ജന്മദിനം ആഘോഷിച്ചു

മലങ്കര ഓർത്തഡോക്സ് സഭയുടെ കൽക്കട്ടാ ഭദ്രാസനാധിപൻ ഡോ. സ്തേഫാനോസ് മാർ തിയോഡോഷിയസ് മെത്രാപ്പോലീത്തായുടെ 77–ാം ജന്മദിനം ഒക്ടോബർ മാസം 1–ാം തീയതി ഞായറാഴ്ചഭിലായി എം. ജി. ഒ. കത്തീഡ്രൽ ഇടവക ആഘോഷിച്ചു. അന്നേദിവസം അഭിവന്ദ്യ തിരുമേനി വി. കുർബ്ബാന അർപ്പിക്കുകയുണ്ടായി, വി. കുർബ്ബാനയ്ക്കുശേഷം ജന്മദിനകേക്ക് മുറിക്കുകയും, സൺഡേസ്ക്കൂൾ കുട്ടികൾ പൂച്ചെണ്ട് നൽകി അനുമോദിക്കുകയും, ഇടവക വികാരി റവ. ഫാ. എം. സി. ജോർജ്ജ്, റവ. ഫാ. ഫിലിപ്പ് കുരുവിള എം. ജി. ഒ. കത്തീഡ്രൽ സെക്രട്ടറി, ശ്രീ. റോയി ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ച് പ്രസംഗിക്കുകയും ചെയ്തു.

**New Address of K.C.C.**

Kerala Council of Churches,
Manganam P.O.
Kottayam: 686018
Kerala, India.
Tel: 0481-575666
E-mail: kercouch@md4.vsnl.net.in

വനിതാസഭ

## എല്ലാ അമ്മമാരും അറിയാൻ

*പ്രിയപ്പെട്ട അച്ചാ,*

*മലങ്കരസഭയിൽ വന്ന ഭ്രൂണഹത്യ ഒരു സമകാലിനപ്രശ്നം (ഏപ്രിൽ ലക്കം) വായിച്ചു. ഇതിനുമുമ്പ് പല വട്ടം ഞാൻ ചിന്തിച്ചിട്ടുണ്ട് ഈ വിഷയങ്ങൾ ഒന്നും തന്നെ നമ്മുടെ മാസികയിൽ വരുന്നില്ലല്ലോയെന്ന്. എന്നെ മനസ്സിലാക്കി തരട്ടെ. ഞാൻ ഓർത്തഡോക്സ് സഭയിലെ ഒരംഗമാണ്. ജനിച്ചതും വിവാഹം കഴിച്ചതും ഈ സഭയിൽ. എനിക്കു രണ്ടു പെൺകുട്ടികൾ ഉണ്ട്. മൂത്തമകൾ നഴ്സിംങ്ങ് പടിക്കുന്നു. ഇളയകുട്ടി 5–ാം ക്ലാസ്സിൽ. ഇവർക്ക് ഇടയിൽ എനിക്കു ഒരു കുട്ടി ജനിച്ചു അതിനെ വളർത്താൻ എനിക്കു ഭാഗ്യം ലഭിച്ചില്ല. കാരണം മറ്റൊന്നുമല്ല ഭ്രൂണഹത്യ. ആദ്യ പ്രസവത്തിന് എന്റെ വീട്ടുകാർ ചിലവാക്കി. രണ്ടാമത്തതു വന്നപ്പോൾ ഭർത്താവിന്റെ വീട്ടുകാർ ചെയ്യട്ടെയെന്നു എന്റെ വീട്ടുകാർ ഇവരുടെ ഇടയിൽ നിസ്സഹായായി നില്ക്കാനെ എനിക്കു കഴിഞ്ഞൊള്ളു. എനിക്കു ജോലിയൊന്നും ഇല്ല. ഭർത്താവിനു ചെറിയ ജോലി ഉണ്ടായിരുന്നു. പക്ഷേ അദ്ദേഹം അദ്ദേഹത്തിന്റെ അമ്മയുടെ അഭിപ്രായത്തിനു വഴങ്ങി എന്നീ ഗർഭചരിദ്രത്തിനു വിധേയാക്കി. എങ്കിലും അച്ചാ ഞാൻ ഇന്നും കരയാത്ത ഒരു ദിവസം ഇല്ല. എന്റെ മരണം വരെ ഞാൻ കരയും, മരിച്ചാൽ എന്റെ ആത്മാവും തേങ്ങില്ലേ?*

*തീർച്ചയായിട്ടും അച്ചാ നമ്മുടെ സഭയിൽ വിവാഹത്തിനു മുമ്പ് ഒരു കൗൺസലിംഗ് ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം അതു ചെയ്യില്ലായിരുന്നു. ഇന്ന് അദ്ദേഹവും വളരെയധികം ദുഃഖിക്കുന്നു. നമ്മുടെ സഭയിൽ പ്രാർത്ഥിക്കുകയും, പള്ളിയിൽപോകുകയും ഒക്കെ ചെയ്യുന്ന അമ്മമാർക്കും അവർ ചെയ്യുന്ന ഈ ക്രൂരതയെക്കുറിച്ച് അവർക്കറിയില്ല. 50–80 ഇടയിൽ പ്രായമുള്ളവർ തികച്ചും നിർവികാരതയോട് പ്രവർത്തിക്കുന്നു. അവരെ ബോധവൽക്കരിക്കാൻ പറ്റില്ല. അതുകൊണ്ട് വരുന്ന തലമുറയ്ക്കു മനസ്സിലാക്കി കൊടുക്കണം. അതായത് വിവാഹത്തിനു മുൻപ് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകിച്ച് വിവാഹ ജീവിതത്തെക്കുറിച്ചു മനസ്സിലാക്കാൻ ക്ലാസ്സുകൾ എടുക്കേണ്ട കാലം കഴിഞ്ഞു. ഓർത്തഡോക്സ് സഭയിലെ എല്ലാ ഇടവകകളിലും ഇങ്ങനെയുള്ള ക്ലാസ്സുകൾ നിർബന്ധമാക്കണം. അതിനു വേണ്ടി അച്ചൻ പ്രവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ദൈവം അതിനു ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇനിയുമെങ്കിലും എന്നെപ്പോലെയുള്ള അമ്മമാർ കരായാതിരിക്കട്ടെ. ഈ കത്തിനു മറുപടി മലങ്കരസഭയിൽ പ്രതിക്ഷിക്കുന്നു. എന്റെ പേരു വെളിപ്പെടുതാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് പേര് എഴുതാഞ്ഞത്.*

*എന്ന് സ്നേഹ പൂർവ്വം*
*ഒരു വിശ്വാസി*

## ഒരു തിരിഞ്ഞുനോട്ടം

ഡിസംബറിൽ നമ്മുടെ അദ്ധ്യയന വർഷം അവസാനിക്കുകയാണ്, പുതിയ സഹസ്രാബ്ദത്തിലെ ആദ്യവർഷം. അദ്ധ്യയന ദിവസങ്ങളായി എത്ര ഞായറാഴ്ചകൾ ലഭിച്ചു എന്ന് ഓരോ സണ്ടേസ്ക്കൂൾ പ്രവർത്തകരും കണക്കെടുക്കുന്നത് നല്ലതായിരിക്കും. പല നിസ്സാര കാരണങ്ങൾക്കും ഇന്നു സൺഡേസ്ക്കൂൾ ഉണ്ടായിരിക്കുന്നതല്ല എന്നു പ്രഖ്യാപിച്ചു ക്ലാസ്സുകൾ മുടക്കുന്ന പ്രവണത ചിലയിടങ്ങളിൽ ഉള്ളതായി മനസ്സിലാക്കുന്നു. ചില കൂട്ടായ്മയോഗങ്ങളിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ സണ്ടേസ്ക്കൂൾ മുടക്കിയിട്ട് പോകുന്നതായി റിപ്പോർട്ടുമുണ്ട്. അതൊരിക്കലും ന്യായീകരിക്കാവുന്ന കാര്യമല്ല. "എന്റെ കുഞ്ഞാടുകളെ മേയിക്കുക" എന്നുള്ളത് കർത്താവുതന്നെ ഭരമേലിപ്പിച്ചിട്ടുള്ള ചുമതലയാണ്. അതു വിട്ടിട്ടു പോകുന്നത് കൃത്യവിലോപമെന്നുമാത്രമല്ല, കർത്താവിന് ഇഷ്ടപ്പെടാത്ത പ്രവൃത്തിയുമാണെന്നോർക്കണം. ഒഴിച്ചുകൂടാൻ പാടില്ലാത്ത എന്തെങ്കിലും ആവശ്യം നേരിട്ടാൽ മറ്റൊരാളെ പകരം കണ്ടെത്തി ചുമതല ഏല്പിച്ചിട്ടേ പോകാവൂ. എന്തെങ്കിലും തരത്തിലുള്ള ഉദാസീനതയോ അലസതയോ പ്രവർത്തനത്തിൽ സംഭവിച്ചിട്ടുണ്ടോ, എന്ന് ഓരോ അദ്ധ്യാപകരും ആത്മശോധന ചെയ്യേണ്ടതാണ്. ചില ഹെഡ്മാസ്റ്ററന്മാരും ഇൻസ്പെക്ടറന്മാരും യഥാസമയം പത്താംക്ലാസ്സിലെ കുട്ടികളുടെ പേരുകൾ രജിസ്റ്റർ ചെയ്യാത്തതുകൊണ്ട് എന്തെല്ലാം അസൗകര്യങ്ങളാണ് നേരിടുന്നത്. "യഹോവയുടെ പ്രവൃത്തി ഉദാസീനതയോടുകൂടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ" (യിരമ്യ. 48:10) ഇതു കഠിന വാക്കുകൾ എന്നു തോന്നാം. ദൈവത്തിന്റെ വേല അത്രമാത്രം ഗൗരവമുള്ളതും മൗലികവുമെന്നു മനസ്സിലാക്കണം.

പുതിയ ഭാരവാഹികൾ: നമ്മുടെ ഭരണഘടനയനുസരിച്ച് മൂന്നുവർഷത്തേക്കാണ് ഭദ്രാസന ഡയറക്ടർ, ഇൻസ്പെക്ടർ, അദ്ധ്യാപകപ്രതിനിധി, ഭദ്രാസന പ്രതിനിധി എന്നിവരെ നാം തെരഞ്ഞെടുക്കുന്നത്. 2001-ൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന അവസരമാണ്. അതെപ്പറ്റിയുള്ള വിജ്ഞാപനം എല്ലാ ചുമതലപ്പെട്ടവർക്കും കേന്ദ്ര ഓഫീസിൽ നിന്ന് അയച്ചുകൊടുത്തിട്ടുണ്ട്. സ്ഥാനമോഹമല്ല, സേവനസന്നദ്ധതയും അർപ്പണബോധവുമാണ് തെരഞ്ഞെടുപ്പിനുള്ള അർഹതയായി കരുതേണ്ടത്. പലരും തെരഞ്ഞെടുക്കപ്പെടുവാൻ കാണിക്കുന്ന വ്യഗ്രതയും ഉത്സാഹവും പിന്നീട് പ്രവർത്തനരംഗത്ത് പ്രകടിപ്പിക്കുന്നില്ല എന്നു ഖേദപൂർവ്വം പ്രസ്താവിക്കട്ടെ. കേന്ദ്ര എക്സിക്യൂട്ടീവിൽ വന്നു സംബന്ധിക്കുവാൻ പോലും സമയമെടുക്കാത്ത ചില പ്രവർത്തകരും ഇല്ലാതില്ല. അതുകൊണ്ടു തെരഞ്ഞെടുപ്പു നടത്തുമ്പോൾ പ്രത്യേകം ശ്രദ്ധയും പരിചിന്തനവും വേണമെന്നു ഓർമ്മപ്പെടുത്തുന്നു.

### 2001-ലെ ജീവകാരുണ്യ ദിനം:

കഴിഞ്ഞ ഏഴു വർഷങ്ങളിൽ ജനുവരി മാസത്തിലെ ഒരു ഞായറാഴ്ച ജീവകാരുണ്യദിനമായി ആചരിക്കുകയും അന്ന് സണ്ടേസ്ക്കൂൾ കുട്ടികൾ എടുക്കുന്ന സ്തോത്രകാഴ്ച സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കും, ജീവകാരുണ്യ സ്ഥാപനങ്ങൾക്കുമായി നൽകി വരുന്നു. കഴിഞ്ഞ വർഷം ഒറീസ്സാ പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായിട്ടുള്ള ഭവനദാന പ്രവർത്തനത്തിന് നാം നൽകി.

ഈ വർഷം കേരളത്തിനകത്തു നടത്തുന്ന മൂന്നു സ്ഥാപനങ്ങൾക്കു നൽകാനാണ് ഔദ്യോഗികമായി തീരുമാനിച്ചിട്ടുള്ളത്.

a) ചിറത്തലയ്ക്കൽ ഏലിയാസ് തോമസ് കോറെപ്പിസ്ക്കോപ്പാ സ്ഥാപിച്ചതും ഇപ്പോൾ കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായുടെയും കണ്ടനാടു ഭദ്രാസനമെത്രാപ്പോലീത്തായുടെയും കീഴിൽ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി വെവ്വേറെ രണ്ടു സ്ഥലങ്ങളിൽ നടക്കുന്നതുമായ മാർ ബസേലിയോസ് ചിൽഡ്രൻസ് ഹോം - ഗേൾസ് ഹോം പാലക്കാട്ട്, അന്തേവാസികൾ 46 പെൺകുട്ടികൾ. ബോയ്സ് ഹോം വടവുകോട്, അന്തേവാസികൾ 26 ആൺകുട്ടികൾ.

b) മാർ ബസ്സേലിയോസ് ഗ്രീഗോറിയോസ് മേഴ്സി ഹോം വെച്ചൂച്ചിറ, റാന്നി സുൽത്താൻബത്തേരി ഭദ്രാസനാധിപൻ മാർ ക്ലീമ്മീസ് തിരുമേനിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം. ഇവിടെ ആസന്ന നിലയിൽ അശരണരായ 10 രോഗികളെ സംരക്ഷിച്ച് പരിചരിക്കുന്നു.

c) സെന്റ് തോമസ് മിഷൻ സെന്റർ ആൻഡ് ബാലഭവൻ നെയ്യാറ്റിങ്കര. മിഷൻ ബോർഡിന്റെ കീഴിലുള്ള ഈ സ്ഥാപനത്തിൽ 12 അശരണരായ ബാലന്മാരെ സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

ജീവകാരുണ്യ ദിനമായി ആചരിക്കുന്നത് ജനുവരി 21-ാം തീയതി ഞായറാഴ്ച ആയിരിക്കും. ഈ വർഷം യഥാർത്ഥത്തിൽ 4 സ്ഥാപനങ്ങൾക്കാണ് സഹായം നൽകുന്നത്. ഓരോ സണ്ടേസ്ക്കൂളും ഉത്സാഹപൂർവ്വം പ്രവർത്തിച്ചാൽ ഗണ്യമായ ഒരു തുക ഓരോസ്ഥാപനത്തിനും നൽകാൻ കഴിയും. ഇതേക്കുറിച്ചുള്ള വിജ്ഞാപനം സണ്ടേസ്ക്കൂളുകൾക്കു അയച്ചിട്ടുണ്ട്.

### മേഖലാ വിജയികൾ

സഹപാഠ്യമത്സരങ്ങൾ മേഖലാടിസ്ഥാനത്തിൽ ഭംഗിയായി നിർവഹിക്കപ്പെട്ടു. വിജയികളെ പ്രത്യേകം അനുമോദിക്കുന്നു. അവരുടെ പേരുവിവരങ്ങൾ സണ്ടേസ്ക്കൂൾ വിജ്ഞാപനത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സീനിയേഴ്സ് പ്രസംഗം, സീനിയേഴ്സ് പൊതുവിജ്ഞാനം എന്നിവയ്ക്കും പന്ത്രണ്ടാം ക്ലാസ്സിലെ പൊതുവിജ്ഞാനമത്സരത്തിന് മേഖലാമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവരെ ചേർത്തു കേന്ദ്രത്തിൽ മത്സരം നടത്തി, സണ്ടേസ്ക്കൂൾ പ്രതിഭ സണ്ടേസ്ക്കൂൾ വിജ്ഞാനി, സണ്ടേസ്ക്കൂൾ പ്രവീൺ എന്നീ സ്ഥാനികളെ തിരഞ്ഞെടുക്കും. ആ മത്സരം 2001 ജനുവരി 13-ാം തീയതി ശനിയാഴ്ച ദേവലോകം കാതോലിക്കേറ്റ് ഓഡിറ്റോറിയത്തിൽ നടക്കും.

എല്ലാ പ്രവർത്തകർക്കും സന്തോഷപ്രദമായ ക്രിസ്മസും അനുഗ്രഹപൂർണ്ണമായ നവവത്സരവും ആശംസിക്കുന്നു.

ജോഷ്വാ അച്ചൻ



ദീർഘകാലം അസ്ഥികളെ തകർക്കും വിധത്തിൽ നിന്ദയും നിർഭാഗ്യങ്ങളും അനുഭവിച്ചിട്ടും സ്വപ്നത്തിൽ പോലും നിനയ്ക്കുവാൻ കഴിയാത്ത ജീവിതവിജയവും ഉയർച്ചയും സുഖസൌഖ്യവും വീടും സമ്പത്തും സൗഭാഗ്യങ്ങളും വ്യക്തി പ്രഭാവവും അചഞ്ചല വിശ്വാസവും ജഡത്തിലും ആത്മാവിലും ബുദ്ധിയിലും ബോധത്തിലും മനസ്സിലും ഉപബോധ മനസിലും അബോധ മനസ്സിലും പൂർണ്ണസുഖസൗഖ്യവും ശക്തിയും ധൈര്യവും ലഭിച്ചു-നന്ദി.









**T.V. VARGHESE**

(Rtd. Deputy Director of Education)

T.V. Geevarghese, Leny, Gregory, Maria

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000


# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM-686 038

## പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ

### 25-ാം ഓർമ്മപ്പെരുന്നാൾ

**8-12-2000**



## പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ

*Inserted by*

**MRS. GRACY MATHEW, NEW JERSY, USA**

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-